

നീലേശ്വരം ഗ്രാമപഞ്ചായത്ത്
സമഗ്രവികസനരേഖ 1996



നീലേശ്വരം ഗ്രാമപഞ്ചായത്ത് 8ാംവാർഡ് ഗ്രാമസഭ ശ്രീ.കെ.പി.സതീഷ്ചന്ദ്രൻ എം.എൽ.എ. ഉൽഘാടനം ചെയ്യുന്നു.

നീലേശ്വരം ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസനരേഖ

1.12.1996 ഞായറാഴ്ച
നീലേശ്വരം രാജാസ് ഹൈസ്ക്കൂളിൽ
ചേർന്നു നടന്ന നീലേശ്വരം ഗ്രാമ പഞ്ചായത്ത്
വികസന സെമിനാറിൽ അവതരിപ്പിച്ചത്.

പത്രാധിപ സമിതി

എഡിറ്റർമാർ: വി. വി. രമേശൻ

കെ.വി. ബാലചന്ദ്രൻ മാസ്റ്റർ

പി. മണി

എം. ശങ്കരൻ നമ്പ്യാർ

പ്രൊഫ. കെ.പി. ജയരാജൻ

ടി.ടി.വി. ഭാസ്ക്കരൻ

പി. ശ്രീധരൻ എമ്പ്രാന്തിരി

അഡ്വ. എം.എൻ. ശ്രീകുമാർ

എ. സോമരാജൻ

പി.യു. രാമകൃഷ്ണൻ

പി.സി. ഉതുപ്പ്

പി. സിന്ധുമോൾ

എം. പത്മനാഭൻ നമ്പ്യാർ

സി.വി. രവീന്ദ്രൻ

എം. ഗംഗാധരൻ മാസ്റ്റർ

സൈനുദ്ദീൻ എൻ. പി.

ജ്യോതി. പി.യു.

ശ്രീജ .സി.

ടൈപ്പ്സെറ്റിംഗ് & ലെഔട്ട് : സിയോൺ, കാഞ്ഞങ്ങാട്

മുദ്രണം : ഉത്തരമലബാർ ഓഫ്സെറ്റ് പ്രസ്, കാഞ്ഞങ്ങാട്

കവർ : എ.ഡി. ആർട്ട്സ്, നീലേശ്വരം

വിഷയ വിവരം

1.	ആമുഖം.
2.	പഞ്ചായത്ത് പൊതു വിവരങ്ങൾ
3.	സാമൂഹിക സാംസ്ക്കാരിക ചരിത്രം
4.	ഭൂപ്രകൃതിയും- വിഭവങ്ങളും
5.	സാമൂഹ്യ സാമ്പത്തിക വികസനമേഖലകൾ
5.1	കൃഷിയും ജലസേചനവും
5.2	മൃഗസംരക്ഷണവും മത്സ്യബന്ധനവും
5.3	വ്യവസായം
5.4	വിദ്യാഭ്യാസം
5.5	ആരോഗ്യം കുടിവെള്ളം
5.6	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5.7	സാമൂഹ്യക്ഷേമം, പാർപ്പിടം
5.8	സംസ്ക്കാരം
5.9	വനിത
5.10	സഹകരണം
5.11	പട്ടികജാതി പട്ടികർഗ്ഗക്ഷേമം
5.12	വിഭവസമാഹരണം
6.	ഉപസംഹാരം

എൻ.കെ.ബാലകൃഷ്ണൻ
മൂൻമന്ത്രി

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

ടി.സി.സി. കൃഷ്ണവർമ്മ രാജ

എൻ.കെ. കുട്ടൻ

പി. ഗോപാലൻ

കെ.കെ.ബാലകൃഷ്ണൻ



എ. അബ്ദുൾ റഹിമാൻ

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

പി.പി.മുഹമ്മദ് റാഫി
വൈസ് പ്രസിഡന്റ്

കെ.കെ.കൃഷ്ണൻ ഭട്ടതിരി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

സി.എം. ഭാർഗ്ഗവി
മെമ്പർ

ഇ. കുഞ്ഞബ്ദുള്ള
മെമ്പർ

പി. മണി
മെമ്പർ

ഇ.ചന്ദ്രമതി
മെമ്പർ

എ. രാധ
മെമ്പർ

കെ.കെ ബാ[illegible]കൃഷ്ണൻ
മെമ്പർ

സൗമിനി നാരായണൻ
മെമ്പർ

മാമുനി വിജയൻ
മെമ്പർ

അലക്സ് കെ. തോമസ്
പഞ്ചായത്ത് സെക്രട്ടറി



NILESHWAR GRAMA PANCHAYAT

ഉപസംഹാരം

കേരളത്തിന്റെ പദ്ധതി ആസൂത്രണ ചരിത്രത്തിൽ പൊളിച്ചെഴുത്ത് ആരംഭിച്ചിരിക്കുകയാണ്. ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന പ്രഖ്യാപനം ''അധികാരം ജനങ്ങളിലേക്ക്'' എന്നീ രണ്ടുവാക്യങ്ങളിലൂടെ ആസൂത്രണ രംഗത്ത് ഒരു പുതിയ സമീപനരീതി ഉയർന്നു വരികയാണ്. ആസൂത്രണ ത്തിനായി ഈ ജനകീയ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്ത് രൂപം കൊണ്ടിരിക്കുന്നു. പരമ്പരാഗതമായ ചിന്താ രീതികളിലും പ്രവർത്തനശൈലികളിൽ നിന്നും വ്യതിയാനം ഗ്രാമതലങ്ങളിൽ ജനങ്ങൾ ആസൂത്രണത്തിലും വികസനത്തിലും പങ്കാളികൾ ആകുന്നു എന്നതു തന്നെയാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത.

എട്ടു പഞ്ചവൽസര പദ്ധതികളിലൂടെ നാം നേട്ടങ്ങൾ നാം കൊയ്തെടുത്തു. എന്നാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി നാം നീക്കി വച്ച വിഭവങ്ങളും നാം കൈവരിച്ച നേട്ടങ്ങളും തമ്മിൽ വലിയൊരന്തരം നിലനിൽക്കുന്നു എന്നതു നാം അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ആരോഗ്യ വിദ്യാഭ്യാസ സേവനമേഖലകളിൽ നാം നിലവാരം കൈവരിച്ചപ്പോഴും ഉൽപ്പാദന മേഖലയിൽ നമ്മുടെ വളർച്ച ആശാവഹമല്ല. താരതമ്യേന മോശമായ സാമ്പത്തിക നിലവാരം പുലർത്തുമ്പോഴും ഉയർത്തപ്പെട്ട ജീവിത നിലവാരം നാം പുലർത്തുന്നു. വികസനത്തിന്റെ ഈ ''കേരള മാതൃക'' രാജ്യാന്തരാഷ്ട്രരംഗത്ത് തന്നെ ഏറെ ചർച്ച ചെയ്യപ്പെട്ടിരിക്കുകയാണ്.

നമ്മുടെ ഈ വികസനമാതൃകക്ക് ഘടനാപരമായ ചില ദൗർബല്യങ്ങൾ ഉണ്ടെന്നത് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. കാർഷിക വ്യവസായിക മേഖലകളിലെ ഗുണ നിലവാരത്തകർച്ചയും വൈദ്യുതി തുടങ്ങിയ പശ്ചാത്തല മേഖലകളിലെ പ്രതിസന്ധിയും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും നമ്മുടെ വികസനരംഗത്തെ മുഖ്യ ദൗർബല്യങ്ങളാണ് ഈ ദൗർബല്യങ്ങൾ കാണാതെ നാം നടത്തുന്ന ഏതൊരു വികസന പ്രവർത്തനവും നമ്മെ കൂടുതൽ കൂടുതൽ രൂക്ഷമായ പ്രതിസന്ധികളിലേക്ക് നയിക്കുകയേ ഉള്ളൂ.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭകളിൽ വമ്പിച്ച ഒരു ജന മുന്നേറ്റമാണ് നാം ദർശിച്ചത് നാളിതുവരെയായി അധികാരത്തിന്റെ നാലയലത്തു പോലും എത്തിയിട്ടില്ലാത്ത സാധാരണക്കാരായ ജനങ്ങൾ തങ്ങളുടെ നാട്ടിൽ എന്തുചെയ്യണമെന്ന് തങ്ങൾ തീരുമാനിക്കുമെന്ന നിശ്ചയദാർഢ്യത്തോടെ ഒത്തുകൂടിയപ്പോൾ നമ്മുടെ നാടിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തന്നെ എഴുതിച്ചേർക്കപെടുകയായിരുന്നു. എല്ലാറ്റിനു മുപരിയായി ഏറ്റവും വലിയ സമ്പത്തായ മനുഷ്യശക്തി വികസനരംഗത്തേക്ക് പ്രവഹിപ്പിക്കുക എന്ന ചരിത്രദൗത്യം കൂടി സാക്ഷാത്ക്കരിക്കപ്പെടുകയായിരുന്നു.

അധികാര വികേന്ദ്രീകരണപ്രക്രിയ യാഥാർത്ഥ്യമാക്കപ്പെടുന്ന ഈ വേളയിൽ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ രൂപം കൊണ്ട പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് പുതിയ ഒരു മാനം കൈവന്നിരിക്കയാണ്. കേവലം ചില സേവന പ്രവർത്തനങ്ങൾ നടത്താനുള്ള ഒരു സ്ഥാപനം എന്നതിലുപരി സമ്പത്തുൽപ്പാദന മേഖലകളിൽ കൂടി ഇടപെട്ടുകൊണ്ട് സ്വയം സമ്പൂർണ്ണമായ റിപ്പബ്ലിക്കുകളാക്കി ഗ്രാമങ്ങളെ മാറ്റിയെടുക്കുക എന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുവാനുള്ള ഒരവസരം കൂടിയാണിത്. നമ്മളൊരൽപ്പം വൈകിയെന്നത് നേരാണ്. പക്ഷെ ഇനിയും നാം

കാത്തുനിന്നുകൂടാ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജാതി മത ചിന്താഗതിക്കൾക്കതീതമായി വികസനം എന്നതു മാത്രമാകണം നമ്മുടെ ലക്ഷ്യം. ഒരു പുതിയ വികസന സംസ്ക്കാരം അതിലൂടെ നമ്മുക്ക് പടുത്തുയർത്താം. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടേയും ഒരു കൂട്ടായ്മ നമ്മുക്ക് വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അതിലൂടെ നമ്മുടെ നാട്ടിനെ ഗ്രസിച്ചിരിക്കുന്ന വികസന രംഗത്തെ മുരടിപ്പുകളെ മാറ്റിയെടുക്കാൻ കഴിയുമെന്നുറച്ചു വിശ്വസിക്കാം.

ഗ്രാമസഭകളുലൂടെ ദുരിതങ്ങളുടെ ഭാണ്ഡക്കെട്ടുകൾ അനാവരണം ചെയ്യപ്പെട്ടപ്പോൾ തെളിഞ്ഞു വന്ന ചിത്രങ്ങൾ ആശങ്കാജനകമാണ്. തികഞ്ഞ ലക്ഷ്യബോധത്തോടെയുള്ള ഒരു പ്രവർത്തന പദ്ധതിയിലൂടെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുവാൻ നമുക്ക് തീർച്ചയായും കഴിയും. 9 ാം പദ്ധതി വിഹിതമായി 30 ശതമാനം മുതൽ 40 ശതമാനം വരെയുള്ള തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നീക്കിവെക്കാൻ സർക്കാർ തീരുമാനിച്ചിരുക്കുകയാണ്. പദ്ധതി വിഹിതമായി ലഭിക്കുന്ന തുകയും, പ്രാദേശികമായി സംഭരിക്കാൻ കഴിയുന്ന വിഭവങ്ങളും, സനദ്ധ പ്രവർത്തനങ്ങളിലൂടെ സമാഹരിക്കാവുന്ന ജനശക്തിയും കൂടിച്ചേരുമ്പോൾ നമ്മുക്കൊട്ടേറെ മുന്നേറാൻ കഴിയുക തന്നെ ചെയ്യും.

ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും, ഓഫീസുകളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങളും, പദ്ധതി അവലോകന റിപ്പോർട്ടുകളും ചേർത്തുകൊണ്ടാണ് ഈ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്. സാമാന്യവത്ക്കരിക്കപ്പെട്ട പൊതുപ്രശ്നങ്ങളാണ് ഏറെയും ഇതിലുൾക്കൊള്ളിച്ചിട്ടുള്ളത്. ഈ വികസനരേഖ സമഗ്രമായി ചർച്ച ചെയ്യപ്പെടണം. ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ രൂപം കൊള്ളും.

നമുക്കൊട്ടേറെ ആവശ്യങ്ങളുണ്ടായെന്നു വരാം. എന്നാൽ നമ്മുടെ വിഭവപരിമിതികൾ കൂടി നാം കണക്കിലെടുത്തേ പറ്റൂ. 9ാം പദ്ധതിയിലൂടെ നാം ലക്ഷ്യമാക്കുന്നത് വികസനരംഗത്തെ അടിസ്ഥാന പരമായ ദൗർബല്യങ്ങൾ പരിഹരിക്കുക എന്നതാണ്. നമ്മുടെ നാട്ടിലെ കൃഷിക്ക് പുത്തനുണർവുണ്ടാകണം, വ്യവസായങ്ങൾ വളർന്നു വരണം, തൊഴിലില്ലായ്മ ഒരളവ് വരെയെങ്കിലും പരിഹരിക്കുവാൻ കഴിയണം. പശ്ചാത്തലമേഖലകൾ ഒന്നുകൂടി ശക്തിപ്പെടുത്തണം. ഈയൊരു കാഴ്ചപ്പാടോടെ മുന്നോട്ട് പോയാൽ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസനരംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

പ്രതീക്ഷയുടെ കനൽവെട്ടം! ഊതിയൂതി നമ്മുക്കത് പൊലിപ്പിച്ചെടുക്കാം. ഐക്യത്തിന്റേതായ ഈ അന്തരീക്ഷം നമുക്കാത്മ വിശ്വാസം നൽകുന്നു. പ്രകാശമാനമായ, സമ്പന്നവും സന്തുഷ്ടവുമായ നാളെയ്ക്കു വേണ്ടി മറ്റെല്ലാ വൈജാത്യങ്ങളും മറന്നുകൊണ്ട് നമ്മുക്കൊന്നിക്കാം. മുന്നേറാം !

പ്രതീക്ഷയോടെ,

നീലേശ്വരം
01. 12. 1996

ഏറുവാട്ട് മോഹനൻ
പ്രസിഡണ്ട് നീലേശ്വരം ഗ്രാമ പഞ്ചായത്ത്

" നീ പഞ്ചവത്സര യോജനേ വെൽക, യീ
പ്പാളത്തിലെച്ചിൽപ്പൊതിക്കു പൊരുതുമീ
പ്രാണികൾക്കേകുന്നു നിർവൃതി നിന്നുടെ
ഭാവി സുഭിക്ഷത തൻ പരസ്യം ! "

നീലേശ്വരം ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

...പിന്റെ പേര്	:	നീലേശ്വരം ഗ്രാമ പഞ്ചായത്ത്
...ന്ന റവന്യൂ വില്ലേജുകൾ	:	നീലേശ്വരം, പേരോൽ
	:	നീലേശ്വരം
	:	ഹോസ്ദുർഗ്
	:	കാസർഗോഡ്
...റി മണ്ഡലം	:	ഹോസ്ദുർഗ്
...ായത്ത് ഡിവിഷൻ	:	നീലേശ്വരം
...ന്റി മണ്ഡലം	:	കാസർഗോഡ്
...കളുടെ എണ്ണം	:	13
...ിസ്തീർണ്ണം	:	26.23 ച: കി. മി.
...കൾ	:	വടക്ക് : കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, മടിക്കൈ ഗ്രാമ പഞ്ചായത്ത്
		തെക്ക് : ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്, പടന്ന ഗ്രാമ പഞ്ചായത്ത്
		കിഴക്ക് : കിണാന്നൂർ കരിന്തളം, കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്കൾ
		പടിഞ്ഞാറ് : അറബിക്കടൽ
...ുപ്പ്	:	36545 (1991 ലെ സെൻസസ്)
		പുരുഷൻ : 17694
		സ്ത്രീകൾ: 18851
...ാന്ദ്രത	:	ച: കി. മീറ്ററിന് 1393
...ി പുരുഷ അനുപാതം	:	1065 സ്ത്രീകൾക്ക് 1000 പുരുഷൻമാർ
...വീടുകൾ	:	6393
...രതാ നിരക്ക്	:	87.43 (പുരുഷൻമാർ 94.15% സ്ത്രീകൾ 81.38%)

ഭരണ ചരിത്രം

നീലേശ്വരം ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നതിനെക്കുറിച്ചുള്ള കൃത്യമായ ചരിത്ര രേഖകൾ ലഭ്യമല്ല. 1953 ൽ നീലേശ്വരം ഒന്നാം പഞ്ചായത്തിൽ പ്രസിണ്ടന്റായിരുന്ന ശ്രീ. ടി.സി. കൃഷ്ണവർമ്മ രാജാ, മെമ്പറായിരുന്ന ശ്രീ.കെ.വി.രാമൻ മാസ്റ്റർ, ശ്രീ. എം. അമ്പാടി എന്നിവരുമായും ദീർഘകാല പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ. പി.. അമ്പാടി തുടങ്ങിയവരുമായും നടത്തിയ അഭിമുഖത്തിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായി. മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരമാണ് നീലേശ്വരം പഞ്ചായത്ത് ആദ്യമായി നിലവിൽ വന്നത്. ശ്രീ. സി.കെ.രാഘവൻ നമ്പ്യാർ, കോണത്ത് കൃഷ്ണൻ നമ്പ്യാർ, എന്നിവർ വിവിധ കാലയളവിൽ പ്രസിണ്ടന്റുമാരായിരുന്നു. തുടർന്ന് നീലേശ്വരം പഞ്ചായത്ത് ഒന്നും രണ്ടുമായി വിഭജിച്ചു. ഒന്നാം പഞ്ചായത്തിൽ യഥാക്രമം പി. മുഹമ്മദ് കുഞ്ഞി, ശ്രീ. ടി.സി. കൃഷ്ണവർമ്മ രാജാ എന്നിവരും രണ്ടാം പഞ്ചായത്തിൽ ശ്രീ. കെ. അപ്പു നമ്പ്യാർ, ശ്രീ. കെ.വി. കുമാരൻ എന്നിവരും പ്രസിണ്ടന്റുമാരയിരുന്നു. കേരള സംസ്ഥാനം രൂപീകൃതമായതിനെ തുടർന്ന് നീലേശ്വരത്ത് വീണ്ടും സംയുക്ത പഞ്ചായത്ത് രൂപീകൃതമായി. 1963 അവസാനം നടന്ന തെരെഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. എൻ.കെ.കുട്ടന്റെ നേതൃത്വത്തിൽ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു. പഞ്ചായത്തിൽ ലഭ്യമായ രേഖകൾ പ്രകാരം വിവിധ കാലയളവിലായി അധികാരത്തിലിരുന്ന പഞ്ചായത്ത് ഭരണസമിതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

25.3.1953 മുതൽ	01.	ടി.സി. കൃഷ്ണവർമ്മ രാജാ (പ്രസിണ്ടന്റ്)
1963 വരെ	02.	എൻ.കെ. ബലകൃഷ്ണൻ (വൈസ് പ്രസിണ്ടന്റ്)
ഒന്നാം പഞ്ചായത്ത്	03.	കെ.വി.രാമൻ
	04.	കെ.കുഞ്ഞമ്പു നായർ
	05.	സി. ബിരുന്തൻ
	06	എം. കുഞ്ഞിക്കോരൻ
	07.	കെ. രാഘവൻ
	08.	കുഞ്ഞിമംഗലത്ത് കുഞ്ഞമ്പു
	09.	കെ.വി. കൊട്ടൻ
	10.	പി.പി. രാമ ചന്ദ്രൻ
	11.	എം. അമ്പാടി.
	12.	ഇ.കെ.അബ്ദുൾ ഖാദർ ഹാജി
	13.	പി. അമ്പുഞ്ഞി

(ഇതേ കാലയളവിലുള്ള നീലേശ്വരം രണ്ടാം പഞ്ചായത്തിന്റെ രേഖകൾ ലഭ്യമല്ല.)

01.01.1964-30.8.1975	01.	എൻ.കെ.കുട്ടൻ (പ്രസിഡണ്ട്)
	02.	പി.അഹമ്മദ് കുഞ്ഞി (വൈസ് പ്രസിണ്ടന്റ്)
	03.	പി.അമ്പാടി.
	04.	യു.വി. കുഞ്ഞിരാമൻ
	05.	പി. നാരായണൻ നായർ
	06.	എൻ.കെ.ബാലകൃഷ്ണൻ
	07.	കെ.ഭാസ്ക്കരൻ നായർ
	08.	സി. കൃഷ്ണൻ
	09.	എം. ചിരുകണ്ടൻ
	10.	കെ.പി. മൊയ്തീൻ കുട്ടി
	11.	പി.ലക്ഷ്മിക്കുട്ടിയമ്മ

ഈ കാലയളവിൽപഞ്ചായത്താഫീസ്, ബസ്സ്റ്റാൻഡ്, കല്യാണമണ്ഡപം എന്നിവ നിർമ്മിച്ചു.

അഡ്മിനിസ്ട്രേറ്റർ ഭരണം

01.10.1979 മുതൽ 28.09.1984	01.	പി.ഗോപാലൻ (പ്രസിണ്ടണ്ട്)(5ാം വാർഡ്)
	02.	കെ.എം. കുഞ്ഞമ്പുനായർ (വൈസ് പ്രസിണ്ടണ്ട്)(1ാം വാർഡ്)
	03.	ഇ.രാഘവൻ നായർ (2ാം വാർഡ്)
	04.	ബി ബിരുന്തൻ പൂജാരി (3ാം വാർഡ്)
	05.	എം. നാരായണി (4ാം വാർഡ്)
	06.	ഇ.കെ.അബ്ദുൾ കരീം (5ാം വാർഡ്)
	07.	സി. നാരായണൻ (7ാം വാർഡ്)
	08.	കെ.കെ.കാരിക്കക്കുട്ടി (8ാം വാർഡ്)
	09.	വി. സുരേഷ് ഭട്ട് (9ാം വാർഡ്)
	10.	കെ. നാരായണൻ (10ാം വാർഡ്)
	11.	എം.അബൂബക്കർ (11ാം വാർഡ്)

അഡ്മിനിസ്ട്രേറ്റർ ഭരണം

05.02.1988 മുതൽ 25.09.1995	01.	എ.അബ്ദുൾ റഹ്മാൻ (പ്രസിണ്ടണ്ട്)(11ാം വാർഡ്)
	02.	പി. കുഞ്ഞാമു (വൈസ് പ്രസിണ്ടണ്ട്)(5ാം വാർഡ്)
	03.	പി. കുഞ്ഞമ്പു നായർ (1ാം വാർഡ്)
	04.	കൊട്ടറ വാസുദേവ് (3ാം വാർഡ്)
	05.	കെ. അഫ്സത്ത് (4ാം വാർഡ്)
	06.	ശാന്തകുമാരി പി.വി. (12ാം വാർഡ്)
	07.	എം. രാധാകൃഷ്ണൻ (9ാം വാർഡ്)
	08.	കെ.കുഞ്ഞിക്കേളു നായർ (2ാം വാർഡ്)
	09.	കെ.വി.ദാമോദരൻ (10ാം വാർഡ്)
	10.	കെ.കുഞ്ഞുക്കണ്ണൻ (8ാം വാർഡ്)
	11.	ടി.വി.കുഞ്ഞിക്കോമൻ (6ാം വാർഡ്)
	12.	കെ.ബാലകൃഷ്ണൻ (7ാം വാർഡ്)

അഡ്മിനിസ്ട്രേറ്റർ ഭരണം

04.10.1995 മുതൽ	01.	കെ.കെ.ബാലകൃഷ്ണൻ (പ്രസിണ്ടണ്ട്) (11ാം വാർഡ്)
	02.	ഇ.കുഞ്ഞബ്ദുള്ള (വൈസ് പ്രസിണ്ടണ്ട്) (6ാം വാർഡ്)
	03.	സി.എം.ഭാർഗ്ഗവി. (10ാം വാർഡ്)
	04.	എറുവാട്ട് മോഹനൻ (2ാം വാർഡ്)
	05.	പി.പി. മുഹമ്മദ് റാഫി (3ാം വാർഡ്)
	06.	അബ്ദുൾറസാക്ക് തായിലിക്കേണ്ടി (4ാം വാർഡ്)
	07.	പി. മണി (6ാം വാർഡ്)(സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ)
	08.	ഇ. ചന്ദ്രമതീ (7ാം വാർഡ്)
	09.	വിവി ബീന (8ാം വാർഡ്)
	10.	കെ കൃഷ്ണൻ ഭട്ടതിരി (9ാം വാർഡ്) (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
	11.	എ. രാധ (10ാം വാർഡ്) (സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ)
	12.	സൗമിനി നാരയണൻ (12ാം വാർഡ്)
	13.	മാമുനി വിജയൻ (13ാം വാർഡ്)

17.5.1996 ന് ശ്രീ. കെ.കെ. കെ.കെ.ബാലകൃഷ്ണൻ പ്രസിണ്ടണ്ട്, ശ്രീ. ഇ.കുഞ്ഞബ്ദുള്ള വൈസ് പ്രസിണ്ടണ്ട് എന്നിവർ ഭാരവാഹിത്വം രാജിച്ചെതിനെ തുടർന്ന് ശ്രീ. എറുവാട്ട് മോഹനനെ പ്രസിണ്ടണ്ടായും പി.പി. മുഹമ്മദ് റാഫിയെ വൈസ് പ്രസിണ്ടണ്ടായും 15.6.96 ന് തെരെഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്

"സ്വാതന്ത്ര്യദിനം നിങ്ങളെ
ആഹ്ളാദിപ്പിക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ.
ഞാൻ ആ ആഹ്ളാദത്തിൽ പങ്കുകൊള്ളുന്നില്ല.
സ്വാതന്ത്ര്യത്തിന്റെ ദുർഗന്ധം എന്റെ മൂക്കിനെ
വഷളാക്കിയിരിക്കുന്നു".

ഗാന്ധി

3. സാമൂഹ്യ സാംസ്കാരിക ചരിത്രം

ഗ്രാമീണ ചാരുത ഇന്നും നില നിർത്തുന്ന നീലേശ്വരം മിഴിവാർന്ന ഒരു സാസ്കാരികചരിത്രം നെഞ്ചിലേറ്റുന്നു. നീലേശ്വരത്തിന്റെ സാസ്കാരിക ചരിത്രം ക്രിസ്ത്വബ്ദം എട്ടാം നൂറ്റാണ്ടോടുകൂടിയേ വ്യക്ത മാകുന്നുള്ളു ഈ കാലയളവിൽ നീലേശ്വരവും പരിസര പ്രദേശങ്ങളും രണ്ടാം ചേര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു .

നീല മഹർഷി തപസ്സിരുന്ന സ്ഥലമായിരുന്നതിനാൽ നീലീശ്വരം എന്നും ഈ പ്രദേശത്തെ പ്രസിദ്ധമായ തളി ക്ഷേത്രത്തിലെ പ്രതിഷ്ഠയായനീല കണ്ഠേശ്വരനിൽ (ശിവൻ) നിന്ന് നീല കണ്ഠേശ്വരം എന്ന സ്ഥലനാമം ഉരുത്തിരിഞ്ഞ് നീലേശ്വരമായി രൂപാന്തരപ്പെട്ടതാണെന്ന് ചരിത്ര രേഖകൾ തെളിവു നൽകുന്നു.

നീലേശ്വരം പഞ്ചായത്തിന്റെ സാസ്കാരിക ചരിത്രം നീലേശ്വരം രാജവംശത്തിന്റെ സാംസ്കാരിക . പൈതൃകവുമായി ഇഴ ചേർന്ന നിൽക്കുന്നു. കോലത്തിരി രാജവംശത്തിന്റെയും സാമൂതിരി രാജവംശത്തിന്റെയും സങ്കലനമാണ് നീലേശ്വരം രാജവംശം. കോലത്തിരി രാജവംശത്തിലെ അഭ്യാസ നിപുണനായ ഒരു രാജകുമാരൻ ഔദ്യോഗിക സന്ദർശനാർത്ഥം സാമൂതിരിയുടെ കൊട്ടാരത്തിലെത്തിയപ്പോൾ സാമൂതിരി രിാജാവിന്റെ മരുമകളുമായി അനുരാഗത്തിലാവുകയും ഇതറിഞ്ഞ സാമൂതിരി കോലത്തിരിയുമായുള്ള രാഷ്ട്രീയ ചങ്ങാത്തം അവസാനിപ്പിച്ച് സൈനീക ആക്രമണം തുടങ്ങുകയും ചെയ്തു. നവദമ്പതിമാരോട് സാമൂതിരിക്കുള്ള ശത്രുത മനസ്സിലാക്കിയ കോലത്തിരി തന്റെ അധീതയിലുള്ള കോലത്തുനാടിന്റെ വടക്കേഅറ്റത്ത് നീലേശ്വരം ആസ്ഥാനമായുള്ള ഗ്രാമങ്ങൾ ഇവർക്ക് നൽകി മുവായിരം പടയാളികളെ സംരക്ഷണത്തിനായി നിയോഗിക്കുയും ചെയ്തു. നീലേശ്വരം രാജവംശത്തിന്റെ ചരിത്രം ഇവിടെ നിന്ന് ആരംഭിക്കുന്നു. കോഴിക്കോട് തളിയിൽ ശിവ ക്ഷേത്രത്തിൽ ആരാധന നടത്തി ശീലിച്ച രാജകുമാരിക്കുവേണ്ടി ആചാരാനുഷ്ഠാനങ്ങളുമായി നീലേശ്വം തളിയിൽ ശിവക്ഷേത്രം നിർമ്മിക്കുകയും ചെയ്തു.

വിജയനഗര സാമ്രാജ്യത്തിന്റെ തകർച്ചയോടെ കർണ്ണാടകത്തിൽ ഇക്കേരി നായ്ക്കൻമാർ പ്രബല രാഷ്ട്രീയ ശക്തികളായി മാറി. അവർ തുടർച്ചയായി നീലേശ്വരം ആക്രമിച്ചപ്പോൾ ഇക്കേരി ഭരണാധികാരി ശിവപ്പനായ്ക്കിന് കപ്പം കൊടുക്കുവാൻ നീലേശ്വരം രാജാവ് നിർബന്ധിതനാവുകയും ചെയ്തു. ശിവപ്പനായ്ക്കിന് ശേഷം അധികാരമേറ്റെടുത്ത സോമശേഖര നായ്ക്ക് 1735 ഓടെ നീലേശ്വരം പൂർണ്ണമായും കീഴടക്കി. ഐതീഹാസമായ ഈ വിജയത്തിന്റെ സ്മരണയ്ക്കായി ഇക്കേരി രാജാവ് ഒരു വിജയ സ്തംഭം സ്ഥാപിക്കുകയും ചെയ്തു. (ഇതിന്റെ അവശിഷ്ടങ്ങൾ നീലേശ്വരത്ത് ഇന്ന് കാണ്മാനില്ല)

മൈസൂർ പ്രദേശത്ത് ഹൈദരാലിയുടെ രാഷ്ട്രീയാധിപത്യത്തോടെ നീലേശ്വരം പ്രദേശം മൈസൂർ സുൽത്താനായ ഹൈദരാലിയുടേയും പിന്നീട് ടിപ്പു സുൽത്താന്റെയും അധീനതയിലായി. ശ്രീരംഗ പട്ടണം ഉടമ്പടി പ്രകാരം കവ്വായിപ്പുഴ വരെയുള്ള മലബാർ പ്രദേശം ടിപ്പു സുൽത്താൻ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് 1792 ൽ വിട്ടുകൊടുത്തുവെങ്കിലും 1799 ൽ ടിപ്പു സുൽത്താന്റെ വീര മൃത്യുവിനു ശേഷം മാത്രമേ നീലേശ്വരവും മറ്റു പ്രദേശങ്ങളും ഇംഗ്ലീഷ്കാരുടെ അധീനതയിൽ വന്നു ചേർന്നുള്ളു.

1918 ൽ സ്ഥാപിതമായ നീലേശ്വരം രാജാസ് ഹൈസ്കൂൾ ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ചെലുത്തിയ സ്വധീനം അളവറ്റതാണ്. കർണ്ണാടകത്തിൽ നിന്നും മലബാറിലെ മറ്റു വടക്കൻ പ്രദേശങ്ങളിൽ നിന്നും നൂറു കണക്കിന് വിദ്യാർത്ഥികൾ പഠനം നടത്തിയ ഈ വിദ്യാലയത്തിന് ഒരു കാലത്ത് ഒരു സർവ്വകലാശാലയുടേതായ പ്രൗഡിയും പ്രശസ്തിയും ഉണ്ടായിരുന്നു. പ്രശസ്ത കർണ്ണാടക സാഹിത്യ കാരനായ നിരഞ്ജന, പ്രസിദ്ധ ശില്പി കാനായി കുഞ്ഞിരാമൻ, പവനൻ, ദീർഘകാലം സംസ്ഥാന മന്ത്രിയായിരിക്കുകയും നീലേശ്വരത്തിന്റെ വികസനത്തിൽ ഏറെ സംഭാവനകൾ അർപ്പിക്കുകയും ചെയ്ത എൻ.കെ.ബാലകൃഷ്ണൻ, കെ.വി.കുഞ്ഞമ്പു,

മേലത്ത് നാരയണൻ നമ്പ്യാർ, കെ.മാധവൻ, സി. കുഞ്ഞികൃഷ്ണൻ നായർ (എക്സ് എം.എൽ.എ), മുൻ പ്ലാനിംഗ് ബോർഡംഗവും, സഹകരണ രജിസ്ട്രാറുമായിരുന്ന കെ.വി. നമ്പ്യാർ ഐ.എ.എസ്, സംസ്ഥാന അധ്യാപക അവാർഡ് നേടിയ കെ.രാധാകൃഷ്ണ റാവു, എ.എൻ.ഇ. സുവർണ്ണവല്ലി, ദേശാഭിമാനി ജനറൽ മാനേജർ പി. കരുണാകരൻ (എക്സ് എം.എൽ.എ), യുവജന നേതാവ് കെ.പി.സതീശ് ചന്ദ്രൻ എം.എൽ.എ, നാടകകലാകാരൻ ദേവൻ ബാലൻ, തുള്ളൽ കലാകാരൻ കുട്ടികൃഷ്ണ മാരാർ, സംസ്ഥാന യുവജനോൽസവ കലാപ്രതിഭ ജി.കെ.ശ്രീഹരി, ബാല സിനിമാ താരം കാവ്യാ മാധവൻ, വാദ്യ വിദഗ്ദ്ധനായിരുന്ന ചിറക്കാല ബാലകൃഷ്ണ മാരാർ, ചിത്രകാരൻ എ.ഡി., നാഷണൽ ഇന്റർ നാഷണൽ ഫുട്ബാൾ താരങ്ങളായ മലബാർ മാധവൻ, ബാലൻ, വിജയ കുമാർ കൂടാതെ ഫുട്ബാൾ ആചാര്യനായിരുന്ന ചാത്തുക്കുട്ടി നമ്പ്യാർ എന്നിങ്ങനെ ഇവിടത്തെ പ്രഗത്ഭരും പ്രശസ്തരുമായ പൂർവ്വ വിദ്യാർത്ഥികളുടെ നിര എവിടെയും എഴുതി നിർത്താൻ കഴിയാത്തതാണ്. സംസ്ഥാന യുവജനോൽസവ കലാപ്രതിഭയായ വിപിൻ ദാസും, നാട്യാചാര്യന്മാരായ വിഭാവസു മാസ്റ്ററും, രാജു മാസ്റ്ററും നീലേശ്വരം നിവാസികളാണ്.

മഹാകവി കുട്ടമത്ത് നിലേശ്വരം രാജാസ് ഹൈസ്ക്കൂൾ അദ്ധ്യപകനായിരുന്നു. മഹാകവി പി. കുഞ്ഞിരാമൻ നായരുടെയും, ഭക്തകവി തിലകം ടി.എസ്.തിരുമുമ്പിന്റെയും സാംസ്ക്കാരിക പ്രവർത്തനങ്ങളുടെയും പ്രഭവസ്ഥാനം ഇതേ വിദ്യാലയം തന്നെയായിരുന്നു. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന സംവിധാനം രാജാസ് ഹൈസ്ക്കൂളിൽ പണ്ട് മുതൽക്ക് തന്നെയുണ്ടായിരുന്നു.

മതമൈത്രിയും, സർവമത സൗഹാർദ്ദവും നിലേശ്വരത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിന്റെ അടിസ്ഥാന ധാരകളാണ്. ഹിന്ദു ക്ഷേത്രങ്ങളും, മുസ്ലീം ദേവാലയങ്ങളും, കൃസ്ത്യൻ പള്ളികളും ഇവിടെ മുട്ടിയുരുമ്മി നിൽക്കുന്നു. മന്ദം പുറത്ത് കാവ്, തളിയിൽ ശിവക്ഷേത്രം, നിലേശ്വരം ജുമാമസ്ജിദ്, സെന്റ് പീറ്റേർസ് ചർച്ച്, സി.എസ്.ഐ. ചർച്ച്, കോട്ടപുറത്തെ ചിരപുരാതനമായ മുസ്ലീംപള്ളി തുടങ്ങിയവ നിലേശ്വരത്തിന്റെ ആദ്ധ്യാത്മിക പ്രഭാവത്തിന്റെ പ്രതീകങ്ങളായി നില നിൽക്കുന്നതും അതോടൊപ്പം ജാതി വ്യവസ്ഥയുടെ ചട്ടക്കൂടുകൾ അനുസരിച്ച് നിരവധി ആരാധനലായങ്ങൾ വിവിധ സമുദായ അനുയായികൾ ഇവിടെ നിർമ്മിക്കുകയും അവയെല്ലാം നിലേശ്വരത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ജീവിതത്തിന് അവയുടെതായ സംഭാവനകൾ നൽകുകയും ചെയ്തു. മന്ദം പുറത്ത് കാവിലെ കളിയാട്ടോൽസവം പതനായിരക്കണക്കിന് ജനങ്ങളെ ആകർഷിക്കുന്ന സാംസ്ക്കാരിക ചടങ്ങു തന്നെയാണ്. അത്പോലെ അഞ്ഞൂറ്റമ്പലം വീരർകാവിലെ ''പൊറാട്ട്'' മതമൈത്രിയുടെ പ്രതീകമാണ്.

തെയ്യങ്ങളുടെ നാടുകൂടിയാണ് നിലേശ്വരം. ഇവിടത്തെ ക്ഷേത്രങ്ങളിൽ ക്ഷേത്രപാലൻ, വൈരജാതൻ, മന്ദം പുറത്ത് ഭഗവതി., ആര്യക്കര ഭഗവതീ, മുച്ചിലോട്ട് ഭഗവതി, മുവാളംകുഴി ചാമുണ്ഡി, കേണമംഗലത്ത് ഭഗവതി, പാലോട്ട് ദൈവം, വിഷ്ണുമൂർത്തി, പുതിയ ഭഗവതി, പുലിയൂർ കണ്ണൻ, പുലിയൂർ കാളി, ചാമുണ്ഡി, രക്ത ചാമുണ്ഡി, പൊട്ടൻ ദൈവം, ഗുളികൻ, കാലിച്ചാൻ തെയ്യം, മൂത്തപ്പൻ, തിരുവപ്പന, പാലന്തായി കണ്ണൻ തുടങ്ങിയ തെയ്യക്കോലങ്ങൾ കെട്ടിയാടാറുണ്ട്. നീലേശ്വരം പള്ളിക്കരയിലെ ജന്മിയായിരുന്ന കുറുവാടൻ നായനാരുടെ കാലിച്ചെറുക്കനായ ഈഴവനായ കണ്ണൻ തെയ്യക്കോലമായി മാറിയ കഥ ഈ പ്രദേശത്തെ ഈഴവരുടെ സാമൂഹ്യചരിത്രവുമായി അഭേദ്യമായി കെട്ടു പിണഞ്ഞു കിടക്കുന്നു.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു പ്രവർത്തനകേന്ദ്രം കൂടിയായിരുന്നു നീലേശ്വരം. 1927 ഒക്ടോബർ 28ന് മംഗലാപുരത്തേക്കുള്ള യാത്രമദ്ധ്യേ മഹാത്മാഗാന്ധിക്ക് നീലേശ്വരം റെയിൽവെ സ്റ്റേഷനിൽ രാജാസ് ഹൈസ്ക്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും നാട്ടുകാരും ഊഷ്മളമായ സ്വീകരണം നൽകിയിരുന്നു. അതിന് നന്ദി പ്രകാശിപ്പിച്ച്കൊണ്ട് മഹാത്മാജി തീവണ്ടിയിൽ വെച്ച് സ്വന്തം കൈപ്പടയിൽ

എഴുതി കൈമാറിയ ആശംസ നീലേശ്വരത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഒരു സുവർണ്ണരേഖയാണ്. (ഇത് ഇന്നും നീലേശ്വരം രാജാസ് ഹൈസ്ക്കൂളിൽ ഇന്നും സൂക്ഷിച്ചുവരുന്നു.)

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ഏറെ ശക്തമായിരുന്ന ഒരു പ്രദേശമാണ് നീലേശ്വരം. 1942ലെ ക്വിറ്റിന്ത്യാ സമരത്തിന്റെ അലയൊലികൾ നീലേശ്വരത്തും ആവേശം പടർത്തിയിരുന്നു. ഗാന്ധിജയന്തി ദിവസം നീലേശ്വരം രാജാസ് ഹൈസ്ക്കൂളിൽ ദേശീയ പതാക കെട്ടിയപ്പോൾ പോലീസ് ഹോസ്റ്റലിൽ പോലും കടന്നുചെന്നു കഠിനമായി മർദ്ദിച്ചു. ആറേഴു വിദ്യാർത്ഥികളെ സ്ക്കൂളിൽ നിന്നും ഡിസ്മിസ് ചെയ്തു. ഈയവസരത്തിൽ നീലേശ്വരത്തിനടുത്ത് പടന്നക്കാട്ടെ ടെലഗ്രാഫ് കമ്പികൾ മുറിച്ചുനീക്കിയിരുന്നു. നീലേശ്വരം പടിഞ്ഞാറ്റം കൊഴുവലിലെ ശ്രീ. പി.യു. കുഞ്ഞിക്കണ്ണൻ നായരായിരുന്നു ടെലഗ്രാഫ് കമ്പികൾ മുറിച്ചുനീക്കിയത്.

വിദേശവസ്ത്ര ബഹിഷ്ക്കരണം, സ്വദേശി പ്രസ്ഥാനം, മദ്യവർജ്ജനം, ഖാദി പ്രചരണം, ഹരിജനോദ്ധാരണം, തുടങ്ങിയ സ്വാതന്ത്ര്യ രംഗത്തെ കർമ്മ പരിപാടീകളിൽ നീലേശ്വരത്തെ സ്വാതന്ത്ര്യ പ്രേമികൾ മുന്നിലായിരുന്നു. മാടായി രാമൻ, കെ.വി. കണ്ണൻ, എൻ.കെ.ചാത്തു, കോരൻ കാരണവർ, എൻ.കെ കുട്ടൻ, പൊക്കൻ കൃഷ്ണൻ, സി.കെ.രാഘവൻ നമ്പ്യാർ, സി.കെ.ശങ്കരൻ നമ്പ്യാർ എൻ.കെ.ബാലകൃഷ്ണൻ തുടങ്ങിയവരായിരുന്നു പ്രധാന പ്രവർത്തകർ. ഹരിജനോദ്ധാരണ പ്രവർത്തകരായ മനോഹരൻ മാസ്റ്റർ എം.എൽ.എ യുടെയും, സ്വാമി ആനന്ദതീർത്ഥന്റെയും പ്രവർത്തന മണ്ഡലമായിരുന്നു നീലേശ്വരം. കർഷക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാലപ്രവർത്തനങ്ങൾ ശക്തമായി പടർന്നിരുന്ന നീലേശ്വരത്ത് 1940 ൽ തന്നെ കമ്യൂണിസ്റ്റ് പാർടി സെൽ നിലവിൽ വന്നു. എൻ.കെ കുട്ടൻ, എൻ.ജി കമ്മത്ത്, എന്നിവരായിരുന്നു പ്രധാന സംഘാടകർ. "വിത്തിട്ടവർ വിളയെടുക്കണം" എന്ന മുദ്രാവക്യം ഉയർത്തിയ കർഷകസംഘം പാലായി എന്ന സ്ഥലത്ത് നടത്തിയ കർഷക സമരമായിരുന്നു പാലായി വിളവെടുപ്പ് സമരം (1940). ഈ കർഷക പ്രക്ഷോഭം തന്നെയാണ് കയ്യൂർ കർഷക സമരത്തിന് വഴി തെളിച്ചത്

അത്യുത്തര കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായാണ് നീലേശ്വരം അംഗീകരിക്കപ്പെടുന്നത്. 1949 ഏപ്രിലിൽ നീലേശ്വരത്ത് നടന്ന ഇരുപതാമത് സമസ്ത കേരള സാഹിത്യ പരിഷത്ത് സമ്മേളനം ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിലെ ഒരു വഴിത്തിരവായിരുന്നു. സമ്മേളന നഗരിയെ നോക്കി നീലേശ്വരത്ത ധവളേശ്വരം ഏന്ന് മഹാകവി വിശേഷിപ്പിക്കുകയുണ്ടായി. 1980 ൽ നീലേശ്വരത്ത് നടന്ന മഹാകവി കുട്ടമത്ത് ജന്മശതാബ്ദി ആഘോഷ പരിപാടികളും 1970 ൽ നടന്ന വടയന്തൂർ കഴകം പെരുങ്കളിയാട്ടവും, 1990ൽ നടന്ന പള്ളിക്കര കേണമംഗലം കഴകം പെരുങ്കളിയാട്ടവും എല്ലാം നീലേശ്വരത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിലെ നാഴികക്കല്ലുകളായി നിലനിൽക്കുന്നു.

1957ൽ ലോകത്തിലാദ്യമായി ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭ ബാലറ്റുപേപ്പറിലൂടെ അധികാരത്തി ലേറിയപ്പോൾ അതിന്റെ അമരക്കാരനായിരുന്ന ഈ.എം.എസിനെ തിരഞ്ഞടുത്തയച്ച നിയോജക മണ്ഡലം (നീലേശ്വരം ദ്വയാംഗമണ്ഡലം)ത്തിന്റെ ആ സ്ഥാനം എന്ന നിലയിൽ നീലേശ്വരം അന്താരാഷ്ട്ര പ്രശസതി കൈവരിച്ചുണ്ട്

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതി

ഭൂമിശാസ്ത്രപരമായി നീലേശ്വരം ഗ്രാമപഞ്ചായത്ത് തീര പ്രദേശത്തിലാണ് ഉൾപ്പെടുന്നത്. കാലാവസ്ഥയനുസരിച്ച് ട്രോപിക്കൽ ആർദ്രോ ക്ലൈമാറ്റിക്ക് സോണിൽ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്കുഭാഗം താരതമ്യേന ഉയർന്ന പ്രദേശവും പടിഞ്ഞാറുഭാഗം നിരപ്പായ പ്രദേശവുമാണ്. പഞ്ചായത്തിലെ ഭൂമി കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് കിടക്കുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ തീരഭൂമിയിലും മദ്ധ്യഭാഗം സമതല പ്രദേശങ്ങളിലും കിഴക്കുഭാഗത്തുള്ള പ്രദേശങ്ങൾ ചെങ്കൽ പാറ പ്രദേശങ്ങളുമാണ്. മൺതരത്തിന്റെ സ്വഭാവമനുസ്സരിച്ച് പഞ്ചായത്ത് ഭൂപ്രകൃതിയെ ഇങ്ങനെ തരംതിരിക്കാം

മൺതരങ്ങൾ.

പഞ്ചായത്തിലെ പ്രധാന മൺതരങ്ങൾ മണൽ, ചെമ്മണ്ണ്, ചെമ്മണ്ണ് കലർന്ന പശിമരാശി മണ്ണ്, എക്കൽ മണ്ണ്, ചെളിമണ്ണ്. വെട്ടുകല്ല് എന്നിവയാണ്. ചെങ്കൽ കലർന്ന പാറപ്രദേശങ്ങളിൽ വെട്ടുകല്ലും, തീരപ്രദേശങ്ങളിൽ മണലും,

ഭൂമിയുടെ തരം	വിസ്തീർണം ച. കി. മീ.	ശതമാനം
ചെങ്കൽ കലർന്ന പാറ പ്രദേശം	7.21	27.48
തീര പ്രദേശം	6.23	23.75
സമതല പ്രദേശം	11.38	43.38
ചതുപ്പു നിലം	1.41	5.37

അവലംബം : സെക്കൻഡറി ഡാറ്റ

തലപ്രദേശങ്ങളിൽ ചെമ്മണ്ണ് കലർന്ന ചെങ്കരാശി മണ്ണ്, എക്കൽ മണ്ണ് എന്നിവയും ചതുപ്പുനിലങ്ങളിൽ ചളിമണ്ണും കണ്ടുവരുന്നു.

ചെങ്കൽ കലർന്ന പാറ പ്രദേശങ്ങൾ

പഞ്ചായത്തിലെ മൊത്തം വിസ്തൃതിയുടെ 37.41% ചെങ്കൽ കലർന്ന പാറപ്രദേശമാണ്. പുത്തമത്തിന്റെ ഒരുഭാഗം, കടിഞ്ഞക്കുഴി, കാനക്കര, കിഴക്കേകര, വള്ളിക്കുന്ന്, തിരിക്കുന്ന്, കുമ്പാലംകൈ, പാലാതടം, നീലായി, അംഗക്കളരി, കുട്ടേത്ത, സുവർണ്ണവല്ലി, പഴനെല്ലി, ചെറപ്പുറം, കുക്കൈൻബങ്കളം തുടങ്ങിയ പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

തീരപ്രദേശം

കടിഞ്ഞിമൂല, തൈക്കടപ്പുറം, കണിച്ചിറ, ബാർച്ച, പുറത്തേക്കൈ തുടങ്ങിയ പ്രദേശങ്ങൾ ഇതിൽപ്പെടുന്നു. വളക്കൂറില്ലാത്ത വെള്ളമണൽമണ്ണാണ് ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നത്.

സമതല പ്രദേശം.

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 43% വരും സമതലപ്രദേശം. കോട്ടപ്പുറം, പടിഞ്ഞാറ്റ കൊഴുവൽ, മുലപ്പള്ളി, കിഴക്കൻകൊഴുവൽ തട്ടാൻച്ചേരി, പള്ളിക്കര, രാമരം, മന്ദംപുറം പാലക്കാട്, പേരോൽ തുടങ്ങിയ പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നു.

ചതുപ്പുപ്രദേശങ്ങൾ

കൊയാംപുറം, ഉച്ചുളിക്കുതിർ, തോട്ടുംപുറം ചെമ്മാക്കര, കിഴക്കേമുറി, മുണ്ടേൻമാട്, നെടുംകണ്ട കച്ചേരിക്കടവ്, ഓർച്ച തുടങ്ങിയ പ്രദേശങ്ങളിലെ ചിലഭാഗങ്ങൾ ചതുപ്പുപ്രദേശങ്ങളാണ്.

ജലലഭ്യത.

പഞ്ചായത്തിലെ 60% പ്രദേശങ്ങളിൽ ജലം സുലഭമാണ്. എന്നാൽ ചതുപ്പു പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം ഉണ്ട്. അതുപോലെ ചെങ്കൽകലർന്ന പാറപ്രദേശങ്ങളിലും ജലദൗർലഭ്യമുണ്ട്. പഞ്ചായത്തിലൂടെ രണ്ട് പ്രധാന പുഴകൾ കടന്നുപോകുന്നു. വടക്കുഭാഗത്തുള്ള കളത്തേര പുഴയും തെക്കുഭാഗത്തുള്ള കാര്യംകോട് പുഴയും (തേജസ്വിനി) ആണിവ. കൂടാതെ താഴെ പറയുന്ന തോടുകളും പഞ്ചായത്തിലുണ്ട്.

തോടിന്റെ പേര്	നീളം മീറ്റർ	ംരാശരി വീതി മീറ്റർ
കരിഞ്ചോത്തംവയൽ തോട്	1.600	1
പാലായി തോട്	2.500	2.50
ചിറപ്പുറം മുക്കുണ്ട് തോട്	1.000	2.
കീരിത്തോട്-കൊയമ്പുറം	1.500	-
തോട്ടുമ്പുറം	1.500	-
ആനച്ചാൽ തോട്	-	-
ചാത്തമത്ത് വളവിലേ തോട്	-	-
കൊട്ടറച്ചാൽ തോട്	-	-
പുറത്തേക്കൈ തോട്	-	-
പാലക്കാട് തോട്	800	-
പട്ടേൺ തോട്	400	-
പഴനെല്ലി തോട്	400	-
തെക്കടപ്പുറം പഴനാടൻ തോട്	1500	-
അങ്കക്കളരി തോട്	400	
കടിഞ്ഞിക്കുഴി-കിഴക്കേക്കര തോട്	1000	-
പാണ്ടിക്കട്ട് തേട്	200	

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ

പുരുഷൻമാർ				സ്ത്രീകൾ				ആകെ			
പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ള വർ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ള വർ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ മൊത്തം
644	2	17048	17694	689	7	18155	18,851	1333	9	35203	36545

ജനപ്രവാഹി

1991ലെ സെൻസസ് പ്രകാരം നീലേശ്വരം പഞ്ചായത്തിലെ ജനസംഖ്യ 36545 ആണ്. 17694 പുരുഷൻമാരും 18851 സ്ത്രീകളും. ഒരു ച.കി.മി. പ്രദേശത്ത് 1393 എന്നതോതിൽ ജനസാന്ദ്രതയുണ്ട്. 1000 സ്ത്രീകൾക്ക് 1000പുരുഷൻമാർ എന്ന തോതിലാണ് സ്ത്രീപുരുഷ അനുപാതം.

തൊഴിലാളികളിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. ബീഡി, കെട്ടിട നിർമ്മാണം, കാറ്റ്, കാർഷികേതര തൊഴിലുകൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയിൽ ഏർപ്പെട്ട തൊഴിലാളികളും പഞ്ചായത്തിലുണ്ട്.

തൊഴിൽ പങ്കാളിത്തം

സ്ഥിരം തൊഴിൽ ചെയ്യുന്നവർ

സ്ത്രീകൾ 3061
പുരുഷന്മാർ 7274
ആകെ 10335

ഭാഗീകമായി തൊഴിൽ ചെയ്യുന്നവർ

സ്ത്രീകൾ 384
പുരുഷന്മാർ 379
ആകെ 763

തൊഴിൽ പങ്കാളിത്ത നിരക്ക്.

സ്ത്രീകൾ 18.3
പുരുഷൻമാർ 43.3
ആകെ 30.4

അവലംബം:സെൻസസ് 1991

തൊഴിൽ മേഖലകൾ

ഖനി:
പുരുഷൻമാർ :512 സ്ത്രീകൾ :127 ആകെ: 639

കർഷക തൊഴിലാളികൾ:
പുരുഷൻമാർ 1328 സ്ത്രീകൾ 837 ആകെ 2165

മൃഗസംരക്ഷണം മത്സ്യബന്ധനം:
പുരുഷൻമാർ:544 സ്ത്രീകൾ 40 ആകെ 584

മൈനിംഗ് & ക്വാറി :
പുരുഷൻമാർ: 105 സ്ത്രീകൾ: 44 ആകെ:149

ഗാർഹിക ഉൽപാദനം പ്രൊസസിംഗ്, സർവീസിംഗ്:
പുരുഷൻമാർ:71 സ്ത്രീകൾ :72 ആകെ143

ഗാർഹികേതരം :
പുരുഷൻമാർ:1446 സ്ത്രീകൾ1245 ആകെ :2691

കെട്ടിട നിർമ്മാണം :
പുരുഷൻമാർ : 272 സ്ത്രീകൾ :35ആകെ:30

വ്യാപാര വാണിജ്യം :
പുരുഷൻമാർ :1521 സ്തീകൾ:186 ആകെ : 1707

അവലംബം : പഞ്ചായത്ത്‌ലവൽസ്റ്റാറ്റിസ്റ്റിക്സ് 1995 ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

ജൈവ പ്രകൃതി

സമ്പന്നമായ ജൈവപ്രകൃതിയുടെ അവശിഷ്ടങ്ങളായി നീലേശ്വരം ഗ്രാമ പഞ്ചായത്തിൽ മന്ദംപുറത്തുകാവും പുതിയ പറമ്പത്ത് കാവും നിലകൊള്ളുന്നു. നഷ്ടപ്പെട്ടുപോയികൊണ്ടിരിക്കുന്ന സസ്യജൈവ വൈവിധ്യത്തിന്റെ തിരുശേഷിപ്പായി ഈ കാവുകൾ മാത്രമെ ഉള്ളു. ഒരു കാലത്ത് നിത്യഹരിത സസ്യങ്ങൾ നിറഞ്ഞ പ്രദേശമായിരുന്ന നീലേശ്വരത്തിന് നഷ്ട പ്രഭാവങ്ങളുടെ കഥകൾ അയവിറക്കാനെ സാധിക്കുന്നുള്ളു. നമ്മുടെ കാവുകളിലും പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലുമായി അവശേഷിക്കുന്ന സസ്യ ജൈവ വൈവിധ്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

വേങ്ങ, സൂത്രവള്ളി, ഒരിലത്താമം, അടപതിയൻ, കരിമുത്തിൾ, മാതളം, ഇലഞ്ഞി, കിരിയാത്ത്, വയമ്പ്, കൈതോന്നി, പ്ലാവ്, നെല്ലി, ആത്ത, ആൽ, പേരാൽ, മാവ്, മുരിങ്ങ.

5.1 കൃഷിയും ജലസേചനവും

പരമ്പരാഗതമായി കാർഷികവൃത്തിയെ ആശ്രയിച്ചു വന്നിരുന്ന ഒരു ജനവിഭാഗമാണ് നിലേശ്വരം പഞ്ചായത്തിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് നാലിലൊന്ന് വരുന്ന ആളുകൾ പോലും കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്നില്ല. ഇതര രംഗങ്ങളെ അപേക്ഷിച്ച് കാർഷികവൃത്തിയിലെ ആദായമില്ലായ്മയും, കൃഷിപ്പണിയേക്കാൾ മാന്യത മറ്റുതൊഴിലുകൾക്കാണെന്ന മിഥ്യാധാരണയും മറ്റുമാണ് ഇതിന് കാരണം. ഭൂരിഭാഗം ആളുകൾക്കും കൃഷി ഒരു ഉപതൊഴിൽ മാത്രമാണ്.

വർഷങ്ങൾക്ക് മുമ്പ് ദേവസ്വത്തിന്റേയും ഏതാനും ചില ജന്മിമാരുടെയും ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി വാരം പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന പാവപ്പെട്ട കർഷകരായിരുന്നു ഭൂരിഭാഗവും. ഈ ജന്മി കുടിയാൻ വ്യവസ്ഥിതി അവസാനിപ്പിക്കുന്നതിലുള്ള സമരമുഖങ്ങളിൽ നിലേശ്വരം പ്രദേശത്തെ കർഷകരും കർഷകതൊഴിലാളികളും അവരുടെതായ പങ്കു വഹിച്ചിട്ടുണ്ട്.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ പുരയിടം	നിലം	പൂറമ്പോക്ക്	തരിശ്	ആകെ
പേരോൽ	1620.99	568.51	83.20	1103.26	3325.96
നീലേശ്വരം	270.27	1175.47	748.77	917.39	3112.85
ആകെ	1891.26	1743.98	832.97	2020.65	6488.81

അവലംബം : സെക്കന്ററി ഡാറ്റ
കൃഷിഭവൻ രേഖകൾ

പഞ്ചായത്തിലെ ആകെ 8503 ഭൂവുടുമകളിൽ 1494 നാമമാത്ര കർഷകരും (1 ഹെക്ടറിൽ താഴെ) 6891 പേർ ചെറുകിട കർഷകരും (1 - 2 ഹെക്ടർ) ബാക്കി വൻകിട കർഷകരും (2 ഹെക്ടറിന് മുകളിൽ) ആണ്.

വിളവിസ്തീർണ്ണവും ഉൽപ്പാദനവും

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ധാന്യ, നാണ്യവിളകളാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ 1330 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയും ഏഴുപാടശേഖരങ്ങളിലായി 450 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും ചെയ്തുവരുന്നു. കവുങ്ങ്, കുരുമുളക്, കശുമാവ് തുടങ്ങിയവയാണ് മറ്റു പ്രധാന വിളകൾ. വിശദ വിവരങ്ങൾ അടുത്ത പേജിൽ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷി ചെയ്ത് വരുന്നത്. ആയതിനാൽ കാലവർഷത്തിലെ മാറ്റങ്ങൾ ഉൽപാദനരംഗത്തെ ഗണ്യമായി സ്വാധീനിക്കുന്നു. കാലവർഷം ജൂൺ മുതൽ സെപ്തംബർ വരെയും, തുലാവർഷം ഒക്ടോബർ നവംബറിലും ശൈത്യകാലം ഡിസംബർ ഫെബ്രുവരി വരെയും ഉഷ്ണകാലം മാർച്ച് മുതൽ മെയ് വരെയും ആണ് ഇവിടെ അനുഭവപ്പെടുന്നത്. ഇത് കേരളത്തിലെ പൊതുകാലാവസ്ഥയുമാണ്.

ജലസേചനം സംബന്ധിച്ച വിവരങ്ങൾ

ജലസേചനം പ്രധാനമായും മഴയെ ആശ്രയിച്ചാണെങ്കിലും ചെറിയ തോതിൽ തോടുകൾ, കുളങ്ങൾ, ക്രോസ്ബാറുകൾ, എന്നിവ കൃഷിക്ക് വേണ്ടി ഉപയോഗിച്ചുവരുന്നു. പാലായി, കരിഞ്ചാത്തം വയൽ, ചിറപ്പുറം മുക്കുണ്ട്, കീരിത്തോട്, കൊയാമ്പുറം, ആനച്ചാൽ, ചാത്തമത്ത്, വളവിൽ, കൊട്രച്ചാൽ, പുറത്തേക്കൈ, പട്ടേന മാട്ടുമ്മൽ, അങ്കക്കളരി, കിഴക്കേക്കര എന്നിവയാണ് പ്രധാന തോടുകൾ. വേനൽക്കാലങ്ങളിൽ തോടുകൾ വറ്റി വരളുന്നത് മൂലം കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. നീലേശ്വരം പഞ്ചായത്തിൽ പതിനെട്ടോളം കുളങ്ങളും പത്തോളം ക്രോസ്ബാറുകളും ഇരുപതോളം കുഴൽക്കിണറുകളും കൂടാതെ ഏതാനും

പട്ടിക 2

വിളവിസ്തീർണ്ണവും ഉൽപ്പാദനവും

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ	ഉൽപാദന ക്ഷമത	ഉൽപാദന
1	നെല്ല് (ഒന്നാം വിള)	225	2900 കി.ഗ്രാം	652.5 മെ.ടൺ
2.	നെല്ല് (രണ്ടാം വിള)	200	3000 കി.ഗ്രാം	600 മെ.ടൺ
3.	നെല്ല് (മൂന്നാം വിള)	25	2500 കി.ഗ്രാം	62.50 മെ.ടൺ
4	പയർ	28	350 കി.ഗ്രാം	9.80 മെ.ടൺ
5.	എള്ള്	5	350 കി.ഗ്രാം	9.80 മെ.ടൺ
6.	പച്ചക്കറികൾ	20	200 കി.ഗ്രാം	4.00 മെ.ടൺ
7.	തെങ്ങ്	1330	120000 തേങ്ങ	79,800 കെട്ട് തേങ്ങ
8.	വാഴ (നേന്ത്രൻ)	20	30 മെ.ടൺ	600 മെ.ടൺ
9.	മരച്ചീനി	5	5 മെ.ടൺ	25 മെ.ടൺ
10.	കുരുമുളക്	50	200 കി.ഗ്രാം	10 മെ.ടൺ
11	കശുമാവ്	38	1200 കി.ഗ്രാം	45600 കി.ഗ്രാം
12.	മാവ്	5	500 കി.ഗ്രാം	2.5 മെ.ടൺ
13.	റബ്ബർ	2	100 കി.ഗ്രാം	52 മെ.ടൺ
14.	കവുങ്ങ്	73	130 അടക്ക	189800 എണ്ണം
15.	മധുരകിഴങ്ങ്	2	100 കി.ഗ്രാം	200 കി.ഗ്രാം

അവലംബം : <u>സെക്കന്റി ഡാറ്റ കൃഷിഭവൻ</u>

കിണറുകളും ജലസേചനത്തിന് ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലുമുള്ള കൃഷിക്ക് ഉപ്പുവെള്ളം കയറുന്നത് ഒരു പ്രധാന ഭീഷണിയാണ്. ഇത് തടയാനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ഉപ്പ് വെള്ള ഭീഷണിയുള്ളതിനാൽ ജലസ്രോതസ് വർദ്ധിപ്പിക്കാൻ കുളങ്ങളെ ആശ്രയിക്കേണ്ടി യിരിക്കുന്നു. നിലവിലുള്ള കുളങ്ങൾ ജലസേചനത്തിന് അപര്യാപ്തമാണെന്ന് മാത്രമല്ല ഇവയെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുമില്ല. ജലസേചന സൗകര്യങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക 3 അടുത്ത പേജിൽ കാണുക.

പാലായി, ചാത്തംകൈ, അമരാച്ചേരി എന്നീ കുളങ്ങൾ നവീകരിക്കാനും പട്ടേന ക്രോസ്ബാർ നിർമ്മിക്കാനും തൈക്കടപ്പുറം ചുള്ളിത്തോട്, കീരിത്തോട്, പുറത്തേക്കൈ തോട് എന്നിവയ്ക്ക് ഉപ്പ്വെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കാനുമുള്ള

പട്ടിക 3

ജലസേചന സൗകര്യങ്ങളുടെ വിവരങ്ങൾ

നമ്പർ	പ്രവർത്തിയുടെ പേര്	പൂർത്തിയായ വർഷം	ആയക്കെട്ട്	നിലവിലുള്ള അവസ്ഥ
01	പട്ടേനക്കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
02	പലേരകീഴിൽകുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
03	മങ്കം പുറം കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
04	മൂലപ്പള്ളി കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
05	ചാത്തംകൈ കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
06	ചാത്തമത്ത് കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
07	പാലായി കുളം	1986 ന് മുമ്പ്	5 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
08	ചാത്തമത്ത് SWECB ഉപ്പ്വെള്ള പ്രതിരോധ ബണ്ട്	1986 ന് മുമ്പ്	10 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല. പമ്പ്സെറ്റ് സ്ഥാപിക്കണം
09	പുറത്തേക്കൈ SWECB	1986 ന് മുമ്പ്	10 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല.
10	കീരിത്തോട് SWECB	1986 ന് മുമ്പ്	10 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല.
11	ആനച്ചാൽ SWECB	1986 ന് മുമ്പ്	10 ഹെക്ടറിന് മുകളിൽ	പ്രവർത്തനക്ഷമമല്ല.
12	പട്ടേനകൈതമുക്ക് ക്രോസ്ബാർ	1986 ന് മുമ്പ്	10 ഹെക്ടറിന് മുകളിൽ	പ്രവർത്തനം നന്നായി നടക്കുന്നു.
13	ചെമ്മാക്കര SWECB	1986 ന് മുമ്പ്	10 ഹെക്ടറിന്	പ്രവർത്തനക്ഷമമല്ല.
14	അഴിവാതുക്കൽ ക്രോസ്ബാർ	1986 ന് മുമ്പ്	10 ഹെക്ടറിന്	പലകയില്ല.
15	പുതയകണ്ടം SWECB	1986 ന് മുമ്പ്	10 ഹെക്ടറിന്	പ്രവർത്തനക്ഷമമല്ല.
16	ചിറപ്പുറം ക്രോസ്ബാർ	1986 ന് മുമ്പ്	10 ഹെക്ടറിന്	പ്രവർത്തനക്ഷമമാണ്
17	പാലായി ബളൂയിസ്	1982 - 95	10 ഹെക്ടറിന് മുകളിൽ	പൂർണ്ണമായും പ്രവർത്തനക്ഷമമല്ല.
18	മുണ്ടേമ്മാട് SWECB	1986 ന് മുമ്പ്	10 ഹെക്ടറിന്	പ്രവർത്തനക്ഷമമല്ല.
19	കടിഞ്ഞിമൂല SWECB	1986 ന് മുമ്പ്	10 ഹെക്ടറിന്	പ്രവർത്തനക്ഷമമല്ല.

അവലംബം : സെക്കന്ററി ഡാറ്റ മൈനർ ഇറിഗേഷൻ വകുപ്പ്

പട്ടിക 4

രാസവള കീടനാശിനി വിപണന വിവരങ്ങൾ

1993 - 94			1994 - 95			1995 - 96			
രാസ കീടനാശിനി			രാസ കീടനാശിനി			രാസ കീടനാശിനി			
വളം	ഖരം	ദ്രവം	വളം	ഖരം	ദ്രവം	വളം	ഖരം	ദ്രവം	മേഖല
496.9 മെ.ടൺ	8.71 മെ.ടൺ	190 ലി.	441 മെ.ടൺ	8.71 മെ.ടൺ	210 ലി.	473 മെ.ടൺ	8.6 മെ.ടൺ	195 ലി.	സഹകരണം
244 മെ.ടൺ	30.96 മെ.ടൺ	27 ലി.	318 മെ.ടൺ	32.35 മെ.ടൺ	380 ലി.	179 മെ.ടൺ	44.9 മെ.ടൺ	350 ലി.	സ്വകാര്യം

അവലംബം : സെക്കന്റെറി ഡാറ്റ കൃഷിഭവൻ

പ്രവണതകൾ പരിഗണിക്കേണ്ടതുണ്ട്.

രാസവള കീടനാശിനി വിപണന വിവരങ്ങൾ

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ രണ്ടും വളം കീടനാശിനിവിൽപ്പന ശാലയുണ്ട്. ഇവ കൂടാതെ ജൈവവളം, എല്ല്പൊടി, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവയ്ക്കായി സ്വകാര്യ കമ്പനികളേയും ആശ്രയിച്ചുവരുന്നു. മണ്ണ് പരിശോധനാ സമ്പ്രദായം ഇത്ര കാര്യക്ഷമമല്ലാത്തതിനാൽ ശാസ്ത്രീയമായ വളപ്രയോഗത്തിന്റെ അഭാവം നിഴലിക്കുന്നുണ്ട്. അശാസ്ത്രീയ കീടനാശിനി പ്രയോഗം പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഈ പഞ്ചായത്തിൽ വിപണനം ചെയ്ത രാസവളത്തിന്റേയും കീടനാശിനിക ളുടെയും വിവരം പട്ടിക 4 ൽ കാണുക. രാസവള പ്രയോഗം ഉപാധൂവെ. ജൈവ വളപ്രയോഗ ത്തെക്കാൾ കൂടുതലാണ്.

നിലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, എന്നിവയ്ക്കാണ് ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വായ്പ സ്ഥാപനങ്ങൾ. വായ്പകൾ യഥേഷ്ടം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്.

ഉഴവ് കാളകളുടെ ദൗർല്ലഭ്യം ഇവിടത്തെ ഒരു പ്രധാന പ്രശ്നമാണ്. കാർഷിക യന്ത്രവൽക്കരണം വ്യാപകമായതോടെ ഈ പഞ്ചായത്തിലെ കൃഷി രീതിയിലും മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്നു. കൃഷി ഭവൻ വഴി, പട്ടേന, പാലായി എന്നീ പാടശേഖരങ്ങളിൽ പവർ ടില്ലറുകളും പട്ടേന, പാലായി, മുലപ്പള്ളി എന്നീ പാട ശേഖരങ്ങൾക്ക് മെതിയന്ത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇവ കൂടാതെ നിലേശ്വരം സർവ്വീസ് സഹകരണ ബാങ്കിന്റെ ട്രാക്ടർ പഞ്ചായത്തിലെ നെൽപ്പാടങ്ങൾ ഉഴുന്നതിനായി ഒരു പരിധി വരെ ഉപയോഗിച്ചു വരുന്നുണ്ട്. 5 തെങ്ങ് കയറ്റ യന്ത്രങ്ങൾ, 8 റോക്കർ സ്പ്രെയറുകൾ, 5 നാപ്സാക്ക് സ്പ്രെയറുകൾ, ഒരു പവർ സ്പ്രെയർ തുടങ്ങിയവയും കൃഷി ഭവൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

നെൽകൃഷി :

വിവിധ തരം നെൽ വിത്തുകളാണ് ഇവിടെ

കൃഷി ചെയ്ത് വരുന്നത്. തവളക്കണ്ണൻ. വെള്ളരിയൻ. ചിറ്റേനി. അരിക്കിരായീ. മാലക്കരൻ. തൊണ്ണൂറാൻ. കയമ എന്നിവയാണ് ഇവയിൽ പ്രധാനം. അടുത്ത കാലത്തായി അത്യുൽപാദനശേഷിയുള്ള വിത്തുകളും ഉപയോഗിച്ചുവരുന്നു. നാടൻ വിത്തുകൾക്ക് രണ്ടുവിളപ്പും. ചെറുത്ത് നിൽപ്പ് ശേഷിയും കൂടുതൽ ആണ്. ഇവയ്ക്ക് വൈക്കോൽ കൂടുതലാണ്. ഇക്കാരണങ്ങളാൽ കർഷകർക്ക് കൂടുതൽ ആഭിമുഖ്യം നാടൻ ഇനങ്ങളോടാണ്. വിരിപ്പ് കൃഷി 225 ഹെക്ടറിലും. മുണ്ടകൻ 200 ഹെക്ടറിലും. കൊളക്ക 25 ഹെക്ടറിലും ഉണ്ട്. പ്രതിവർഷ നെല്ലുൽപാദനം 1315 മെ. ടണ്ണും ശരാശരി ഉൽപാദനക്ഷമത ഹെക്ടറിന് 2700 കി.ഗ്രാം ആണ്. കർഷകരുടെ കൂട്ടായ യത്നത്തിലൂടെ കൃഷിച്ചിലവ് പരമാവധി കുറയ്ക്കുക. കാർഷികോപാധികളുടെ ലഭ്യത സുഗമമാക്കുവാൻ, കൃഷി ഭവനുമായുള്ള സമ്പർക്കത്തിലൂടെ കാർഷിക മേഖലയുടെ സാങ്കേതികജ്ഞാനം കൃഷിക്കാർക്ക് എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 1989 ൽ കേരള സർക്കാർ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുകയും പാട ശേഖരങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് സമിതികൾ രൂപികരിക്കുകയും ചെയ്തു. ഇത് പ്രകാരം നീലേശ്വരം കൃഷി ഭവൻ പ്രദേശത്ത് 7 പാടശേഖര സമിതികൾ നിലവിലുണ്ട്.

1. പാലായി പാടശേഖര സമിതി
2. പട്ടേന പാടശേഖര സമിതി
3. പള്ളിക്കര പാടശേഖര സമിതി
4. തൈക്കടപ്പുറം പാടശേഖര സമിതി
5. മുലപ്പള്ളി പാടശേഖര സമിതി
6. നാഗച്ചേരി പാടശേഖര സമിതി
7. പുവാലംകൈ പാടശേഖര സമിതി

നെൽകൃഷിക്ക് നൽകി വരുന്ന ഉൽപാദക ബോണസ്. നെൽകൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ സമിതികൾ മുഖേന നടത്തി വരുന്നു. ഈ സമിതികളിൽ തുടക്കം മുതൽ തന്നെ വളരെ ആസൂത്രിതമായ പ്രവർത്തനം കാഴ്ച വെയ്ക്കുകയും നല്ലരീതിയിൽ പ്രവർത്തനം മുന്നോട്ട് നയിക്കുകയും ചെയ്ത പട്ടേന പാടശേഖര സമിതിക്ക് ഇപ്പോൾ സ്വന്തമായി 6 സെന്റ് ഭൂമി. വിത്ത് സൂക്ഷിപ്പ് കേന്ദ്രം. പവർ ടില്ലർ. മെതിയന്ത്രം. സ്പ്രെയറുകൾ തുടങ്ങി ഉദ്ദേശം രണ്ടര ലക്ഷം രൂപയുടെ ആസ്തിയുണ്ടെന്നത് കാർഷികരംഗത്തെ കൂട്ടായ്മയുടെ പ്രസക്തി വിളിച്ചറിയിക്കുന്നു.

കൃഷിഭൂമിയുടെ തുണ്ടവൽക്കരണം പൊതുവായ ഒരു പ്രശ്നമാണ്. ഇത് ശാസ്ത്രീയമായ കാർഷീക മുറകൾക്ക് തടസ്സമായിത്തീരുന്നു. വിളകളുടെ ഉൽപാദനത്തേയും ഉൽപാദനക്ഷമതയേയും ഇതു പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആധുനീക ശാസ്ത്രസാങ്കേതിക വിദ്യ ശരിയായും വ്യാപകമായും കൃഷി ഭൂമിയിൽ പ്രയോഗിക്കുമ്പോഴേ കാർഷീകോൽപാദനവും ഉൽപാദന ക്ഷമതയും കൂട്ടാനാവുകയുള്ളൂ. അതിന് അനിവാര്യമായ ഒരു ഘടകമാണ് കൂട്ടായ്മ. ഈ തത്വം മനസ്സിലാക്കി പാടശേഖരസമിതികൾ ഉണർന്ന് പ്രവർത്തിക്കുകയാണെങ്കിൽ ഇന്നത്തെ നില വളരെയധികം മെച്ചപ്പെടുത്താനാകും.

ഏതൊരു കൃഷിക്കും അത്യന്താപേക്ഷിതമായ ഘടകമാണ് ഗുണമേന്മയുള്ള വിത്ത്. വിത്തുഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്. കൃഷിഭവനുകളിൽ വിത്ത് എത്താൻ വൈകുന്നതുമൂലം കർഷകർക്ക് യഥാസമയം അതുപയോഗിക്കാൻ പറ്റാതെ വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പഞ്ചായത്തിലെ വിവിധ പാടശേഖര സമിതികളിൽ തന്നെ നല്ല വിത്തുൽപാദപ്പിക്കാൻ ശ്രമിക്കേണ്ടാണ്.

പണ്ടു കാലങ്ങളിൽ മുന്നാം വിളക്കാലത്ത് നെൽപാടങ്ങളിൽ ഇടവിളയായി പച്ചക്കറികൾ കൃഷി ചെയ്ത് പോന്നിരുന്നു. എന്നാൽ ഇന്ന് ഈ പ്രവണത വളരെയധികം കുറഞ്ഞിരിക്കു കയാണ്. പച്ചക്കറി കൃഷി പഴയതുപോലെ തന്നെ തുടരുകയാണെങ്കിൽ പഞ്ചായത്തിന് ഈ രംഗത്ത് ഒരു പരിധിവരെയെൻലും സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

നെൽകൃഷിരംഗം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം കർഷകത്തൊഴിലാളികളുടെ ദൗർലഭ്യമാണ്. കാർഷികരംഗത്തെ യന്ത്രവൽക്കരണം കൊണ്ടുമാത്രമേ ഈ പ്രതിസന്ധിയെ നേരിടാനൊക്കൂ. എല്ലാ പാടശേഖര സമിതികൾക്കും സ്വന്തമായി ട്രാക്ടർ, ടില്ലർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം തുടങ്ങിയവ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകേണ്ടതാണ്.

ജൈവ വളക്ഷാമം ഇന്ന് കൃഷിക്കാർക്ക് ഒരു വലിയ തലവേദനയാണ്. പാടശേഖര സമിതികളുടെ ആഭിമുഖ്യത്തിൽ പച്ചില വളച്ചെടികൾ നട്ടുവളർത്താനും പാഴ്വസ്തുക്കൾ ഉപയോഗിച്ച് കമ്പോസ്റ്റ് ഉണ്ടാക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചാൽ ഇത് ഒരളവ് വരെ പരിഹരിക്കാനാവും. രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവ് കൃഷിച്ചെലവ് കൂടുന്നതിനും ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. കർഷകർക്ക് സബ്സിഡി നിരക്കിൽ വളങ്ങൾ ലഭ്യമാക്കേണ്ടതാണ്. നെൽപാടങ്ങൾ നികത്തി പുരയിടങ്ങളും തെങ്ങിൻതോപ്പുകളുമാക്കി മാറ്റുന്നത് മൂലം അവയുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരികയാണ്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ നെൽപാടങ്ങൾ കണികാണാൻ പോലുമില്ലാത്ത അവസ്ഥയിലേക്കെത്തിച്ചേരും. കൂടാതെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇത് വഴിതെളിച്ചേക്കും.

തെങ്ങ് :

പഞ്ചായത്തിൽ തെങ്ങുകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി നാൾക്കുനാൾ കുടിവരുന്നുണ്ടെങ്കിലും ഉൽപാദനക്ഷമത കുറഞ്ഞ് വരികയാണ്. അശാസ്ത്രീയമായ കൃഷി രീതിയാണ് ഇതിന്റെ പ്രധാന കാരണം. പ്രായാധിക്യമുള്ള തെങ്ങുകൾക്കിടയിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ - അടിതൈകളായി വെച്ചുകൊടുക്കാവുന്നതാണ്. രോഗബാധയുള്ളവയ്ക്ക് ശരിയായ സംരക്ഷണമുറകൾ സ്വീകരിക്കണം. ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾ നിയന്ത്രണാതീതമായ ഭാഗങ്ങളിൽ രോഗബാധയുള്ള തെങ്ങുകൾ വെട്ടി മാറ്റി പുതിയവ വെച്ചുപിടിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കേര വികസന സമിതിയുടെ പ്രവർത്തനം പൊതുവെ കാര്യക്ഷമമാണ്.

മറ്റു കൃഷികൾ :

പഞ്ചായത്തിലെ മറ്റു പ്രധാന വിളകൾ കവുങ്ങ്, കുരുമുളക്, കശുമാവ് എന്നിവയാണ്.. കവുങ്ങ് കൃഷിക്കാർക്ക് തോട്ടം മണ്ണിട്ട് നികത്തുന്നതിനും വളപ്രയോഗത്തിനും സസ്യ സംരക്ഷണത്തിനും സഹായം നടപ്പാക്കേണ്ടതാണ്. കുരുമുളക് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നം ദ്രുതവാട്ടരോഗമാണ്. ഇതിനെതിരെ ഫലപ്രദമായ സംരക്ഷണ നടപടികൾ സ്വീകരിക്കണം. കൂടാതെ രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ വെച്ചുപിടിപ്പിക്കണം. നിലവിലുള്ള തോട്ടങ്ങളുടെ പ്രായാധിക്യമാണ് കശുമാവിന്റെ ഉൽപാദന ക്കുറവിനുള്ള മുഖ്യ കാരണം. ഇവയ്ക്ക് പകരം പുതിയ തൈകൾ വെച്ചുപിടിപ്പിക്കണം. കൃഷി ഭവനിൽ നിന്ന് വളവും കീടനാശിനികളും വിതരണം

പട്ടിക 5

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്				
വിസ്തീർണ്ണം	കായ്ക്കാത്തവ	കായ്ക്കുന്നവ	ആകെ	കാറ്റു വിഴ്ച	ഓല ചീയൽ	ചെന്നീരൊലിപ്പ	കുമ്പ് ചീയൽ	ആകെ
1330 ഹെ.	66,0000	2,00,000	2,60,000	-100		10,000	1,500	11,600

അവലംബം സെക്കന്ററി ഡാറ്റ കൃഷിഭവൻ

ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗമോ കീടനാശിനി പ്രയോഗമോ ചെയ്യാൻ ഭൂരിഭാഗം കർഷകരും മെനക്കെടുന്നില്ല. അവഗണിക്കപ്പെടുന്ന ഈ വിളയെ ശരിയാം വണ്ണം സംരക്ഷിക്കുകയാണെങ്കിൽ കശുവണ്ടിയുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതെയുള്ളു.

പച്ചക്കറികൃഷി വളരെയധികം സാധ്യതകളുള്ള ഒരു മേഖലയാണ്. നിത്യോപയോഗത്തിനുള്ള പച്ചക്കറികൾക്കുപോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് നാം ഇപ്പോൾ. ഒരുപ്പു നിലങ്ങളിലും ഇരുപ്പു നിലങ്ങളിലും മുന്നാം വിളക്കാലത്തും മറ്റു കൃഷിയോഗ്യമായ സ്ഥലങ്ങളിലും പച്ചക്കറികൾ കൃഷി ചെയ്യുകയാണെങ്കിൽ ഈ രംഗത്ത് ഒരു പരിധി വരെ സ്വയം പര്യാപ്തത നേടാൻ കഴിയും. കൂടാതെ വീട്ടുവളപ്പിലും മട്ടുപ്പാവിലും ചെറിയ തോതിലെങ്കിലും പച്ചക്കറികൾ നട്ടുവളർത്തുകയാണെങ്കിൽ വീട്ടാവശ്യത്തിന് ചുരുങ്ങിയ ചിലവിൽ പുതുമയുള്ള പച്ചക്കറികൾ ലഭിക്കും.

പണ്ടുകാലത്ത് നെൽവയലുകളിൽ മുന്നാം വിളയായി പയറു വർഗ്ഗങ്ങളായ പയർ. ഉഴുന്ന്. മുതിര തുടങ്ങിയവ കൃഷി ചെയ്തിരുന്നു. ഇന്ന് ഇത് എവിടെയും കാണാനില്ലാത്ത സ്ഥിതിയാണ്. അത് പോലെ കിഴങ്ങ് വർഗ്ഗങ്ങളായ മരച്ചീനി. മധുരക്കിഴങ്ങ്, ചേന. ചേമ്പ്. കാച്ചിൽ. തുടങ്ങിയവയും ഇന്ന് നാമവശേഷമായിക്കൊണ്ടിരിക്കുകയാണ്. വാഴകൃഷി. പഴയത്പോലെ ഊർജ്ജിതമല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെയ്ത് വരുന്നുണ്ട്. നേന്ത്രവാഴയും. നാടൻ വാഴകളും ഇക്കൂട്ടത്തിൽ പെടുന്നു. മൾബറി കൃഷിക്കും പട്ടുനൂൽപ്പുഴു വളർത്തലിനും പഞ്ചായത്തിൽ സാധ്യതകളുണ്ടെങ്കിലും വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. കുൺ കൃഷി. പുഷ്പകൃഷി തുടങ്ങിയ മേഖലകളിൽ വനിതകൾ സന്നദ്ധരായി മുന്നോട്ട് വരേണ്ടതാണ്. കാർഷികരംഗത്തെ പ്രശ്നങ്ങൾ നീണ്ടതാണെങ്കിലും അവയെല്ലാം ഇവിടെ പ്രതിപാദിക്കുക ദുഷ്ക്കരമാണ്. നീലേശ്വരം പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രധാന പ്രശ്നങ്ങളും. സാധ്യതകളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ :

1. ജലസേചനത്തിന്റെ അപര്യാപ്തത

2. നാണ്യ വിളകൾക്ക് ലഭിക്കുന്ന വിലയും സംരക്ഷണവും നെൽകൃഷിക്ക് ലഭ്യമല്ലാത്തതിനാൽ നെൽകൃഷിയിലുള്ള താത്പര്യം കുറഞ്ഞുവരുന്നു.

3. കർഷകതൊഴിലാളികളെ സമയത്ത് ലഭിക്കുന്നില്ല. തൊഴിൽ വൈദഗ്ദ്ധ്യക്കുറവ്. തൊഴിലിന് മാന്യത ഇല്ലെന്ന മിഥ്യാധാരണ.

4. കാർഷികമേഖലയിലെ താരതമ്യേനയുള്ള കൂലിക്കുറവ് മൂലം തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ചേക്കേറുന്നു

5. മുഴുവൻ കർഷകരും ഗ്രൂപ്പ് ഫാമിംഗ് പരിധിയിൽ വന്നിട്ടില്ല.

6. നിലവിലുള്ള ജലസ്രോതസുകളായ കുളങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. കൂടാതെ ആവശ്യത്തിന് പമ്പ്സെറ്റുകളൊ. വെള്ളം കൊണ്ട് പോകാനുള്ള കനാലുകളോ ഇല്ല.

7. നിലവിലുള്ള ഉപ്പ്വെള്ള പ്രതിരോധ ബണ്ടുകളും ക്രോസ്ബാറുകളും കാലപ്പഴക്കം കൊണ്ട് ഉപയോഗക്ഷമമല്ല.

8. പല സ്ഥലങ്ങളിലും ഉപ്പ്വെള്ള പ്രതിരോധ ബണ്ട് ഇല്ലാത്തതിനാൽ ഉപ്പ്വെള്ളം കയറി കൃഷി നശിക്കുന്നു.

6. കാർഷികാവശ്യത്തിനുള്ള വിത്തിനങ്ങളും. കീടനാശിനികളും യഥാസമയം ലഭിക്കുന്നില്ല. ഇത് ഉൽപാദനത്തെ ഗണ്യമായി ബാധിക്കുന്നു.

10. നെൽവയലുകൾ നികത്തി പുരയിടങ്ങളാക്കുന്നതും തെങ്ങുകൃഷി നടത്തുന്നതും കൂടി വരുന്നു.

11. തോടുകളുടെ കരയിടിച്ചിൽ മൂലം കൃഷി നാശവും മണ്ണൊലിപ്പും കൂടുന്നു.

12. ശാസ്ത്രീയമായ മണ്ണ് പരിശോധന സംവിധാനങ്ങളില്ല.

13. ഭൂഗർഭജലസ്രോതസുകൾ കണ്ടെത്താനുള്ള സംവിധാനത്തിന്റെ പരിമി.തി

14. നെൽകൃഷിക്ക് നൽകുന്ന നാമമാത്രമായ സഹായങ്ങൾ കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനോ കൂടുതൽ കർഷകരെ കൃഷിയിലേക്ക് ആകർഷിക്കാനൊ ഉതകുന്നില്ല.

15. രോഗ നിയന്ത്രണ സംവിധാനങ്ങൾ നിലവിലില്ല.

16. പ്രാദേശിക സഹകരണ സംഘങ്ങളിലുള്ള അംഗത്വമില്ലായ്മ, കാർഷിക വായ്പ ലഭിക്കുന്നതിന് തടസമാകുന്നു. വായ്പാ നിയമങ്ങളുടെ സങ്കീർണ്ണതകൾ മൂലം യഥാസമയം വായ്പകൾ ലഭിക്കുന്നില്ല.

17. കൃഷീഭവന്റെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ മുഴുവൻ കർഷകരിലും എത്തുന്നില്ല. കൃഷിഭവനുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാണ്.

18. കാർഷിക രംഗത്ത് വേണ്ടത്ര ബോധവൽക്കരണവും പരിശീലനവും നടക്കുന്നില്ല.

19. വിള ഇൻഷുറൻസ് സമ്പ്രദായം സാർവത്രികമല്ല. കൃഷിനാശം സംഭവിച്ചാൽ നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണ്.

20. പ്രാദേശികമായ കൃഷിരീതികളെക്കുറിച്ച് ശാസ്ത്രീയ പഠനത്തിന്റേയും പരിശീലനത്തിന്റേയും, ബോധവൽക്കരണത്തിന്റേയും അഭാവം മൂലം പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല.

സാധ്യതകൾ :

1. നിലവിലുള്ള കുളങ്ങളുടെ ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിക്കുകയും ആണിത്തോടുകൾ നിർമ്മിക്കുകയും ചെയ്യുക. ആവശ്യാനുസരണം പാടശേഖരങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക.

2. കർഷകതൊഴിലാളി ക്ഷേമനിധിയിലൂടെയും പെൻഷനുകളിലൂടെയും തൊഴിലാളികളെ കാർഷികവൃത്തിയിലേക്ക് ആകൃഷ്ടരാക്കണം. യഥാർത്ഥ കർഷകതൊഴിലാളികളെ കണ്ടെത്താനുള്ള ചുമതല കാർഷിക സമിതികൾക്ക് നൽകണം.

3. നീർക്കെട്ട് ഒഴിവാക്കുന്നതിനായി പുതിയ തോടുകൾ നിർമ്മിക്കണം.

4. മണ്ണൊലിപ്പ് തടയുന്നതിനും, വെള്ളം സംഭരിച്ച് കൃഷിക്കുപയുക്തമാക്കുന്നതിനും തോടുകളിൽ തടയണകൾ ഉപ്പുവെള്ള പ്രതിരോധബണ്ട് എന്നിവ നിർമ്മിക്കണം.

5. നിലേശ്വരം പുഴയിൽ മാട്ടുമ്മൽ എന്ന സ്ഥലത്തുംകാര്യങ്കോട് പുഴയിൽ പാലായിവളവിലും ഉപ്പുവെള്ള പ്രതിരോധ ബണ്ടും ശുദ്ധജല സംഭരണിയും നിർമ്മിച്ചാൽ നീലേശ്വരം പഞ്ചായത്തിലെ നൂറുകണക്കിന് ഹെക്ടർ കൃഷിക്ക് ഉപയുക്തമാകും. ഇതിന് അടിയന്തിര പ്രാധാന്യം നൽകണം.

6. തോടുകളുടേയും പുഴകളുടേയും കരയിടിച്ചിൽതടയാനുള്ളനടപടികൾ വേണം.

7. ശാസ്ത്രീയമായ മണ്ണുപരിശോധനാ സംവിധാനങ്ങൾ വ്യാപകമാക്കണം

8. പുഴയിൽനിന്നും തോടുകളിൽ നിന്നും പുഴിവാരുന്നത് തടയുകയും പുഴ കൈയേറ്റം തടയുകയും ചെയ്യുക.

9. നെല്ലിന്റെ ഉൽപാദന ബോണസ്സ് വർദ്ധിപ്പിക്കണം.

10 കൃഷി നവീകരിക്കാൻയന്ത്രവൽക്കരണവും നവീനകൃഷി രീതികളും നടപ്പിലാക്കണം.

11. കൃഷി ഭവൻ പ്രവർത്തനങ്ങൾ എല്ലാ കർഷകരിലുമെത്തിക്കണം. ഇതിനായി കൃഷി ഭവനിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം.

12. വിത്ത്. വളം. കീടനാശിനികൾ എന്നിവയുടെ സബ്സിഡിനിരക്ക് കൂട്ടണം.

13. തെങ്ങ് രോഗം വന്നാൽ ആവശ്യമായ നഷ്ടപരിഹാരം നൽകണം.

14. നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കണം.

15. എല്ലാ വിളകൾക്കും വിള ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കണം. കൃഷി നാശം സംഭവിച്ചാലുള്ള നഷ്ട പരിഹാരം വർദ്ധിപ്പിക്കണം.

16. കാർഷീകാവശ്യത്തിന് കിണർ കുഴിക്കുമ്പോൾ നൽകുന്ന സാമ്പത്തീകസഹായത്തിന് സ്ഥല പരിധി നിയന്ത്രണം ഒഴിവാക്കണം.

17. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യ നിരക്കിൽ നൽകണം. ജലസേചന ആവശ്യത്തിനുള്ള മണ്ണെണ്ണ പർമിറ്റ്ലഭിക്കുന്നതിനുള്ള നിയന്ത്രണവും കാലതാമസവും ഒഴിവാക്കണം.

18. എല്ലാ രംഗത്തും കുട്ടു കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കണം.

19. കാർഷീക വായ്പകൾ ഉദാരമാക്കണം.

20. കാർഷീകോൽപന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

21. നെല്ലിനും തേങ്ങയ്ക്കും താങ്ങുവില നിശ്ചയിക്കണം.

22. പുഷ്പകൃഷി. കുൺകൃഷി എന്നിവ വ്യാപകമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

23. ഭൂമി തരിശിടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി തരിശുഭൂമി കൃഷി യോഗ്യമാക്കണം.

24. പഞ്ചായത്തിനെ ജൈവവള സ്വയം പര്യാപ്തമാക്കാനുള്ള പദ്ധതികൾ വേണം.

25. കാർഷീക രംഗത്തെ കൂലിനിരക്ക് ഏകീകരിക്കുകയും കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യുക.

5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

എ. മൃഗസംരക്ഷണം.

ഒരു കാലത്ത് നീലേശ്വരത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും പ്രധാന തൊഴിൽകൃഷിയായിരുന്നു. കന്നുകാലികളുടെ എണ്ണം വച്ചായിരുന്നു ഓരോ കുടുംബത്തിന്റേയുംസാമ്പത്തിക സ്ഥിതിയും കഴിവും അന്ന് കണക്കാക്കിയിരുന്നത്. മിക്ക കുടുംബങ്ങളും ഏതെങ്കിലും തരത്തിലുള്ള കൃഷിയിൽ ഏർപ്പെട്ടതു കൊണ്ടാകാം മിക്കവാറും എല്ലാ വീടുകളിലും പശു, കാള, പോത്ത്, എന്നീമൃഗങ്ങളെ വളർത്തിയിരുന്നത്. മുസ്ലീം ഭൂരിപക്ഷ പ്രദേശത്ത് ആട വളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി തന്നെകുടുംബങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. പണ്ട് കാലത്ത് ഇവിടെ ഉണ്ടായിരുന്ന വിശാലമായ നെൽപാടങ്ങൾക്ക് വേണ്ടുന്ന വളത്തിന്റെ ബഹുഭൂരിഭാഗവുംവളർത്തുന്ന മൃഗങ്ങളിൽനിന്ന് തന്നെയാണ് കിട്ടിയിരുന്ന്. ഈ പ്രദേശത്ത് നിന്ന് ഇവിടത്തെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന ജൈവ വളം അയൽപ്രദേശങ്ങളായ കാഞ്ഞങ്ങാട്, പള്ളിക്കര എന്നിവിടങ്ങളിലെ പുകയില കൃഷിക്ക് ഉപയോഗിക്കാൻ കയറ്റി അയക്കാറുണ്ടായിരുന്നു.

എന്നാൽ ഇന്ന് വളരെ അധികം മാറ്റം വന്നിരിക്കുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയാൻ തുടങ്ങിയപ്പോൾ പാലിന്റെ ലഭ്യതക്ക് വേണ്ടി മാത്രം നാടൻ പശുക്കളെ വളർത്തുന്നത് ആദായകരമല്ലാതായിതീർന്നു.

അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കൾക്ക് വേണ്ടവിധം തീറ്റയും പരിചരണവും നൽകാൻ പ്രയാസമായതുകൊണ്ട് ആ മേഖലയിലേക്ക് അധികമാരും കടന്നുചെന്നതുമില്ല. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വളർത്തു മൃഗങ്ങളുടെ സംഖ്യ അടുത്ത പേജിലെ പട്ടിക 1 ൽ ചേർക്കുന്നു.

നീലേശ്വരത്തെ പ്രധാന വളർത്ത് പക്ഷികൾ കോഴി, താറാവ് എന്നിവയാണ്. ഏതാനും ചിലവീടുകളിൽ കാട, പ്രാവ് എന്നിവയും മറ്റ് ചില ഓമന പക്ഷികളും വളർത്തപ്പെടുന്നുണ്ട്. കോഴിയുടേയും താറാവിന്റേയും ഇറച്ചിയും മുട്ടയും ധാരാളമായി ഉപയോഗിക്കുന്നു. കച്ചവടത്തിനായുള്ള നിരവധി കോഴി വളർത്തു കേന്ദ്രങ്ങൾ നീലേശ്വരത്തും പരിസര പ്രദേശങ്ങളിലുമുണ്ട്. പക്ഷേ മുട്ടക്കോഴി വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ഒരു യൂണിറ്റും ഇവിടെയില്ല. തൽഫലമായി തമിഴ്നാട്ടിൽനിന്നും ലോറി കണക്കിന് മുട്ടകളാണ് ദിനംപ്രതി നീലേശ്വരത്തെ വിപണികളിലെത്തുന്നത് നീലേശ്വരം പഞ്ചായത്തിലെവളർത്തുപക്ഷികളുടെ അടുത്ത പേജിലെ പട്ടിക 2 ൽ ചേർക്കുന്നു.

ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന മൃഗങ്ങൾ പ്രധാനമായും ആട്, പോത്ത്, കാള എന്നിവയാണ്. ഇവയിൽ പടിഞ്ഞാറൻ വാർഡുകളിൽ മാത്രമാണ്കാര്യമായി അറവു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ആധുനീകരീതിയിലുള്ള അറവു കേന്ദ്രങ്ങൾ ഇല്ലാത്തത് ഈ പ്രദേശങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആട്ടിറച്ചിയുടെ അമിതവില കാരണം ജനങ്ങൾകൂടുതലായും കോഴിയിറച്ചി ഉപയോഗിക്കുന്നു.

മൃഗസംരക്ഷണത്തിന് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി മാത്രമാണ് മൃഗചികിൽസ രംഗത്ത് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ഏക സ്ഥാപനം. പഞ്ചായത്തിലെ പടിഞ്ഞാറൻ വാർഡ്കൾക്കായി ഒരു ICDP Centre (ഊർജ്ജിത കന്നുകാലി വികസന പദ്ധതി) പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം അപര്യാപ്തമാണ്.

നീലേശ്വരത്ത് കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങളാണ് 3, 4, 13 വാർഡുകൾ. മറ്റു വാർഡുകൾ താരതമ്യേന ആവശ്യത്തിന് ക്ഷീരോൽപാദനം ഇല്ലാത്ത പ്രദേശങ്ങളാണ്.

പട്ടിക 1

കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവില്ലാത്തത്	കറവയുള്ളത്	കറവില്ലാത്തത്	കറവയുള്ളത്	കറവില്ലാത്തത്				
37	123	43	76	484	466	514	437	152	87	143	379	67	ഇല്ല

അവലംബം സെക്കണ്ടറി ഡാറ്റ

പട്ടിക 2

പുവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
774	1064	1308	76	148	346

അവലംബം സെക്കണ്ടറി ഡാറ്റ

പട്ടിക 3

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	-	-	-	265	12	-
കടിയേറ്റശേഷം കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	36	2	29	10	-	-

അവലംബം സെക്കണ്ടറി ഡാറ്റ

മൃഗസംരക്ഷണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ :

1. വൈക്കോലിന്റേയും തീറ്റ പുല്ലിന്റേയും ലഭ്യതക്കുറവ്

2. കാലിതീറ്റയുടെയും കോഴി തിറ്റയുടെയും വർദ്ധിച്ചുവരുന്ന വില. ആധുനുക രീതിയിലുള്ള തൊഴുത്തുകളുടെ അഭാവം.

3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം അപര്യാപ്തം. നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനസമയം ഗുണഭോക്താക്കൾക്ക് ഉപകരിക്കുന്ന തരത്തിലുള്ളതല്ല.

4. പേപ്പട്ടി, എലി, കുറുക്കൻ എന്നിവ കന്നുകാലി വളർത്തലിന് ഭിഷണിയാകുന്നു.

5. പാലിന്റെ വിലക്കറവ് കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു.

6. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലും കിഴക്കൻ ഭാഗങ്ങളിലും മൃഗചികിൽസാ കേന്ദ്രങ്ങളുടെയും ഡോക്ടർമാരുടെയും അഭാവം

7. ക്ഷീരോൽപന്നങ്ങളുടെ നിർമ്മാണത്തിന്റെയും വിപണനത്തിന്റേയും കേന്ദ്രം നിർത്തിവെച്ചത് ക്ഷീരോൽപാദകരെ ദോഷമായി ബാധിച്ചു.

8. ആധുനിക രീതിയിലുള്ള അറവുശാലകളുടെ അഭാവം പടിഞ്ഞാറൻ ഭാഗങ്ങളിൽ പരിസര മലിനീകരണം ഉണ്ടാക്കുന്നു.

9. ഇടക്കിടെ അനുഭവപ്പെടുന്ന പേപ്പട്ടി ശല്യം. അലഞ്ഞുനടക്കുന്ന നായ്ക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു.

10. വളർത്തു മൃഗങ്ങൾക്ക് ഇടക്കിടെ ഉണ്ടാക്കുന്ന രോഗങ്ങൾ.

രോഗം ബാധിച്ച് ചികിൽസക്കെത്തുന്ന മൃഗങ്ങളിൽ പശു, കോഴി എന്നിവയുടെ ഭീമമായ സംഖ്യ നമ്മുക്ക് കാണാവുന്നതാണ്. പശുക്കളി അധുകവും ദഹനസംബന്ധമായതും പ്രത്യുൽപാദനവുമായി ബന്ധപ്പെട്ടതും ആയ രോഗങ്ങളാണ് കണ്ടു വരുന്നത്. വർഷം തോറും നൂറ് കണക്കിന് കോഴികൾ കോഴി വസന്ത മൂലം ചത്തു പോകുന്നു.

പേപ്പട്ടി ശല്യം രുക്ഷമാണെന്നത് പട്ടിക 3ൽ നിന്ന് മനസിലാക്കാം

കൃത്രിമ ബിജസങ്കലനത്തിന് മൃഗാശുപത്രിയെ മാത്രം ആശ്രയിക്കുന്നത്കൊണ്ട് അത് വേണ്ടത്ര ഫലപ്രദമാകുന്നില്ല എന്ന് താഴെ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു.

അവലംബം സെക്കണ്ടറി ഡാറ്റ

വളർത്തു മൃഗങ്ങളുടെ ഇനം	ആകെ എണ്ണം	കൃത്രിമ ബിജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് ഒന്നിലധികം തവണ ബിജസങ്കലനം നടത്തിയവ
പശു	1464	968	216
കിടാരി	437	216	96
എരുമ	239	196	86

സാധ്യതകളും പരിഹാര മാർഗ്ഗങ്ങളും

1. തീറ്റ പുൽകൃഷി വ്യാപകമാക്കാൻ സബ്സിഡികൾ നൽകിക്കൊണ്ട് കൃഷി വകുപ്പിന് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. തെങ്ങ് കൃഷിക്ക് ഇടവിളയായി തീറ്റപുൽകൃഷി ചെയ്യാവുന്നതാണ്. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന വിശാലമായ പ്രദേശങ്ങൾ പുൽകൃഷി നടത്താൻ ഉപയോഗിക്കാം

2. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിതീറ്റയും കോഴിതീറ്റയും ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണമേഖലയിൽ നടത്താവുന്നതാണ്. ക്ഷീര വ്യവസായ വകുപ്പിന്റെ തൊഴുത്ത് നിർമ്മാണ സഹായപദ്ധതി ഫലപ്രദമായി എങ്ങിനെ ഉപയോഗിക്കാമെന്ന് പരിശോധിക്കേണ്ടതാണ്.

3. മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും ആവശ്യമായിടത്ത് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. മൃഗാശുപത്രികളുടെ പ്രവർത്തനസമയം രാവിലെ 8 മണി മുതൽ 12 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും ക്ലിപ്തപ്പെടുത്താവുന്നതാണ്.

4. പ്രാദേശിക ആവശ്യത്തിനുള്ള മുട്ട ഉൽപാദിപ്പിക്കുന്നതിന് മുട്ട കോഴി വളർത്തൽ തുടങ്ങാവുന്നതാണ്.

5. പേപ്പട്ടി ശല്യം ഒഴിവാക്കാൻ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ സമയബന്ധിതമായി കൊല്ലാനുള്ള സംവിധാനം ഉണ്ടാക്കണം.

6. ഉൽപാദിപ്പിച്ച പാലിന്റെ വിപണനത്തിന് സഹകരണ സംഘങ്ങൾ കൂടുതലായി സ്ഥാപിക്കുകയും തദ്വാര കർഷകന് ന്യായമായ വില ഉറപ്പ് വരുത്താവുന്നതാണ്.

7. കൃത്രിമ ബീജസങ്കലനം വാർഡ്കൾ തോറും കർഷകരുടെ വീട്ടിൽ വെച്ച് നടത്തുവാൻ പെൻഷൻ പറ്റിയ വിദഗ്ദ്ധരെയും സന്നദ്ധസംഘടനകളെയും ഉപയോഗിച്ച് സംവിധാനം ഉണ്ടാക്കാം.

8. പശുക്കൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ കാലാകാലങ്ങളിൽ നടത്താൻ കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്താം.

8. പഞ്ചായത്തിൽ ആൾവാസം കുറഞ്ഞ പ്രദേശങ്ങളിൽ പന്നിവളർത്തൽ കേന്ദ്രം തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

9. ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനുമുള്ള സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

10. പരിസരമലീനികരണമൊഴിവാക്കാൻ ആധുനിക സജ്ജീകരണങ്ങളുള്ള അറവുശാലകൾ ഉണ്ടാവണം.

11. വീടുകളിൽ കോഴി വളർത്താൻ സ്ത്രീകളേയും കുട്ടികളെയും പ്രോൽസാഹിപ്പിക്കണം. കോഴി വസന്തക്കെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കാവുന്നതാണ്.

ബി. മത്സ്യബന്ധനം :

നാലു കിലോമീറ്ററോളം നീളത്തിൽ ഉള്ള കടൽതീരത്താലും രണ്ട് പുഴകളും അവയുടെ കൈവഴികളാലും അനുഗ്രഹീതമായ ഒരു പ്രദേശമാണ് നീലേശ്വരം പഞ്ചായത്ത്. കാസർഗോഡ് ജില്ലയിലെ തന്നെ പ്രധാന മത്സ്യകേന്ദ്രങ്ങളിലൊന്ന് സ്ഥിതിചെയ്യുന്നത് പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരത്താണ്. മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏകദേശം രണ്ടായിരത്തോളം പേർ ഈ പഞ്ചായത്തിലുണ്ട്. ഇവർ ഏറിയപങ്കും 3, 4, 5, 11 എന്നീ വാർഡുകളിൽ ഉള്ളവരാണ്.

നീലേശ്വരം പഞ്ചായത്തിൽ നേരിട്ട് മത്സ്യബന്ധനത്തിലേർപ്പെട്ടവരുടേയും മത്സ്യ ബന്ധന ഉപകരണങ്ങളുടെയും ഒരു കണക്ക് അടുത്ത പേജിൽ ചേർക്കുന്നു.

യന്ത്രവൽകൃത ബോട്ടുകളും മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളുമാണ് സാധാരണയായി മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്.

കടൽ മത്സ്യം					ഉൾനാടൻ മത്സ്യം		മത്സ്യബന്ധന ഉപകരണങ്ങൾ		
മത്സ്യബന്ധന തൊഴിലാളികൾ		മറ്റ് തൊഴിലാളികൾ			വിസ്തീർണ്ണം	കർഷകരുടെ എണ്ണം	യന്ത്രവൽകൃത ബോട്ടുകൾ	യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ	യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ
മുഖ്യ തൊഴിൽ	ഭാഗിക തൊഴിൽ	മത്സ്യ വിപണനം	വല നന്നാക്കൽ	മത്സ്യം സംസ്ക്കരണം					
1000	50	300	22	64		100	75	50	26

കാസർഗോഡ് ജില്ലയിലെ പലഭാഗങ്ങളിൽ നിന്നും മംഗലാപുരം ഭാഗങ്ങളിൽ നിന്നും യന്ത്രവൽകൃത ബോട്ടുകൾ ഈ പ്രദേശത്ത് ഉൾക്കടലിൽ മത്സ്യബന്ധനത്തിനായി എത്തുന്നുണ്ട്. ബോട്ടുകൾക്ക് തങ്ങാൻ പറ്റിയ ഒരു മത്സ്യബന്ധന തുറമുഖം തൈക്കടപ്പുറത്ത് കാര്യംകോട് പുഴയിൽ കേരളാ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യബന്ധന സമയത്ത് നൂറുകണക്കിന് ബോട്ടുകൾ ഇവിടെ എത്തുന്നു. കൂടാതെ പുഴയിൽ കുറ്റി വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇതിന് കേരളാ ഫിഷറീസ് വകുപ്പിൽ നിന്നും ലൈസൻസും നൽകി വരുന്നുണ്ട്.

തൈക്കടപ്പുറത്ത് ഒരു ഉണക്കമീൻ സംസ്ക്കരണ കേന്ദ്രം (Fish curing yard.) നിലവിൽ ഉണ്ടായിരുന്നു. ധാരാളം ഉണക്കമത്സ്യം ഇവിടെ നിന്ന് ഇന്ത്യയുടെ പലഭാഗത്തേക്കും വിദേശത്തേക്കും കയറ്റി അയച്ചിരുന്നു. ശീതീകരണ സമ്പ്രദായം നടപ്പിൽ വന്നതോടെ മിക്കവാറും ഇല്ലാതായി.

മത്സ്യബന്ധനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന പ്രമുഖ സമുദായങ്ങൾ മുക്കുവർ, മുസ്ലീം, തിയ്യ മുകയർ എന്നിവരാണ്. മുസ്ലീം, തിയ്യ സമുദായത്തിൽ പെട്ടവരും ചെറിയ തോതിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഉൾനാടൻ മത്സ്യബന്ധനം നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞ തോതിൽ മാത്രമേയുള്ളു. വള്ളങ്ങൾ വാങ്ങിക്കുവാനുള്ള അമിതമായ ചിലവും മറ്റും ഈ മേഖയിലെ വളർച്ചയ്ക്ക് തടസമായി നിൽക്കുന്നു.

ചെമ്മീൻ കൃഷി വികസനത്തിന് സാധ്യതയുള്ള പല സ്ഥലങ്ങളും പഞ്ചായത്തിൽ ഉണ്ടെങ്കിലും ഈ രംഗത്ത് ഫലപ്രദമായ ശ്രമം ഉണ്ടായിട്ടില്ല. ചെമ്മീൻ കൃഷിയുമായി ബന്ധപ്പെട്ട് ഒരു ചെറിയ കേന്ദ്രം പടിഞ്ഞാറൻ ഭാഗത്ത് ഉണ്ട്.

മത്സ്യ വിപണനത്തിനുള്ള പൊതുസംവിധാനം സാമാന്യം തൃപ്തികരമാണെങ്കിലും ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റുകളുടെ അഭാവം എടുത്ത് പറയേണ്ടതുണ്ട്.

പ്രശ്നങ്ങൾ :

1. മത്സ്യത്തിന് ന്യായമായ വില യഥാർത്ഥ മീൻ പിടുത്തക്കാർക്ക് ലഭിക്കാത്തതും ഇടത്തട്ടുകാരുടെ ചൂഷണവും ഈമേഖലയിൽ പ്രശ്നം സൃഷ്ടിക്കുന്നു.

2. ഫിഷറീസ് സഹകരണ സംഘങ്ങൾ

നിലവിൽഉണ്ടെങ്കിലും യോജിച്ചുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ല

3. സ്വന്തമായി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മുലധനത്തിന്റെ അഭാവം വിഷമതകൾ സൃഷ്ടിക്കുന്നു.

4. ട്രോളിങ്ങും, പഴ്സീൻ വലകളുടെ ഉപയോഗവും മത്സ്യവംശവർദ്ധനവ് തടയുന്നു.

5. തൊഴിൽ ഉപകരണങ്ങളുടെ വില വർദ്ധനവും പ്രകൃതി ക്ഷോഭസമയത്ത് നിത്യജീവിതം മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രയാസവും.

6. വിസർജ്ജ്യ വസ്തുക്കളും മാലിന്യങ്ങളും പുഴയിലേക്കും മറ്റു ജലശേഖരങ്ങളിലിലേക്കും തള്ളി വുടുന്നത് കൊണ്ട് പരിസര മലിനീകരണവും മത്സ്യരോഗങ്ങളും ഉണ്ടാക്കുന്നു.

7. മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കുള്ള ഇൻഷുറൻസ് സംവിധാനങ്ങൾ അപര്യാപ്തമാണ്.

8. പുഴയിൽ മത്സ്യബന്ധനം നടത്തുന്ന എല്ലാവർക്കും ആനുകുല്യങ്ങൾ ലഭ്യമാകുന്നില്ല.

പരിഹാരങ്ങളും സാധ്യതകളും :

1. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യ ഉൽപാദകരെ സംരക്ഷിക്കുവാനും മുലധനം സംഭരിക്കാനുമായി ഫിഷറീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

2. മഴക്കാലത്ത് ട്രോളിങ്ങ് നിരോധനം തുടരണം.

3 വലകൾ നിർമ്മിക്കാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ സൗജന്യവിലക്ക് ലഭ്യമാക്കണം.

4. പഞ്ഞമാസങ്ങളിൽ സൗജന്യ റേഷൻ പോലുള്ള സഹായങ്ങൾ നൽകണം. അക്കാലങ്ങളിൽ അവരുടെ മനുഷ്യ ശക്തി മറ്റു മേഖലകളിലേക്ക് തിരിച്ചു വിടാവുന്നതാണ്.

5. ശാസ്ത്രീയമായ മത്സ്യബന്ധനം, സംസ്ക്കരണം എന്നിവയെക്കുറിച്ച് പഠിപ്പിക്കുന്ന ഫിഷറീസ് സയൻസ് എന്ന വിഷയം തീര പ്രദേശങ്ങളിലെ സ്ക്കുളുകളിൽ ഐച്ഛിക വിഷയങ്ങളായെങ്കിലും പഠിപ്പിക്കാവുന്നതാണ്.

6. തോണി നിർമ്മാണത്തിന് മരത്തിന് പകരം ഫൈബർ, ടിൻ, മുതലായവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

7. തുറമുഖത്തേക്ക് അടുക്കുന്ന ബോട്ടുകൾക്ക് ആഴം മനസിലാക്കാനും ദിശ ക്രമീകരിക്കാനും സംവിധാനം ഉണ്ടാക്കുകയും ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

8. നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്ററിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കുക.

9. പഞ്ചായത്തിലെ കുളങ്ങളും ചിറകളും ആഴം കൂട്ടി പരിഷ്ക്കരിച്ച് ഉൾനാടൻ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക.

10. പുഴകളിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് എല്ലാവർക്കും ആനുകുല്യങ്ങൾ നല്കുക.

11. ആധുനിക സംവിധാനങ്ങളോട് കൂടിയ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക

12. ആവശ്യത്തിൽ കൂടുതൽ ഉള്ള മത്സ്യം സൂക്ഷിക്കുവാൻ കോൾഡ് സ്റ്റോറെജുകളും മത്സ്യവള നിർമ്മാണ കേന്ദ്രങ്ങൾ നിർമ്മിക്കുക

13. കടലാക്രമണം തടയുവാൻ കടൽ ഭിത്തികളും പുഴയിലെ കരയിടിച്ചൽ തടയുവാനുള്ള സംവിധാനം ഉണ്ടാക്കുക.

14. ശാസ്ത്രീയമായി കല്ലുമ്മക്കായി കൃഷി ചെയ്യുന്നതിനെ കുറിച്ചും, കക്ക, ഇളമ്പക്ക എന്നിവ ശേഖരിച്ച് വിപണനം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക.

മത്സ്യബന്ധന വ്യവസായം പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വിഭവസ്രോതസ്സ് വർദ്ധിപ്പിക്കുവാനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമം ഉറപ്പ് വരുത്തുവാനും കഴിയുമെന്നും നമ്മുക്ക് പ്രത്യാശിക്കാം.

5.3 വ്യവസായം

മെച്ചപ്പെട്ട സാമൂഹ്യ നിലവാരം ഉണ്ടായിരിക്കേ തന്നെ സാമ്പത്തീക ഉൽപ്പാദന മേഖലകളുടെ ദുർബലമായ അടിത്തറ കേരളത്തിന്റെ വികസന പ്രക്രിയയുടെ ഒരു പ്രധാന പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയെ മറി കടക്കുന്നതിനുവേണ്ടി കാർഷീകവ്യവസായിക ഉൽപാദനം വർദ്ധിപ്പിക്കാനും തൊഴിൽ സാധ്യതകൾ വൻതോതിൽ ഉയർത്താനും കഴിയണം. വിപുലവും സംഘടിതവുമായ പ്രാദേശിക ഇടപെടൽ വഴി മാത്രമേ ഈ രംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയു.

കാര്യമായ വ്യവസായങ്ങളൊന്നുമില്ലാത്ത ഒരു പഞ്ചായത്താണ് നീലേശ്വരം ഗ്രാമ പഞ്ചായത്ത്. വ്യവസായ വളർച്ചക്ക് ഏറെ അനുകൂലങ്ങളായ ഭൗതീക സാഹചര്യങ്ങൾ നിലവിലുണ്ടായിട്ടും സാധ്യമായ തോതിൽ വ്യവസായ വൽക്കരണം നടക്കാത്ത ഒരു പ്രദേശം കൂടിയാണിത് പല പരമ്പരാഗത വ്യവസായങ്ങളുടേയും അസംസ്കൃത വസ്തുക്കൾ സുലഭമായ നീലേശ്വരത്ത് അവയിലുന്നിയ വ്യവസായങ്ങൾ വളർന്നുവന്നിട്ടില്ലെന്നത് ഗൗരവപൂർവ്വം ചിന്തിക്കേണ്ട വിഷയമാണ്. വ്യവസായ വികസനം ഒരു വ്യക്തിയുടെ മാത്രം കാര്യമല്ലെന്നും അത് ഈ സമൂഹത്തിന്റെ മുഴുവൻ കാര്യമാണെന്നും ഉള്ള ഒരു അവബോധത്തിന്റെ അഭാവവും ബോധപൂർവ്വമായ ഇടപെടലുകളില്ലായ്മയുമാകാം ഇതിനുള്ള കാരണങ്ങളിലൊന്ന്.

1918 ൽ സാമുവൽ ആറോൺ സ്ഥാപിച്ച നീലേശ്വരം ഓട്ടു കമ്പനിയാണ് ഗ്രാമ പഞ്ചായത്തിലെ ഏടുത്തുപറയത്തക്ക വ്യവസായ സ്ഥാപനം. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 10 സ്ത്രീകളും 68 പുരുഷൻമാരും തൊഴിൽചെയ്യുന്നു. ടൈൽസ്, ഹോളോബ്രിക്സ്, ബ്രിക്സ്, റൂഫിങ്ങ് ബ്ലോക്ക്, ഫ്ളോറിങ്ങ് ടൈൽസ് എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ. അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ വലിയൊരു ഭാഗം പഞ്ചായത്തിൽ നിന്നും അയൽ പഞ്ചായത്തുകളിൽ നിന്നുമാണ് ശേഖരിക്കുന്നത്. പുവാലംകൈയിൽ പ്രവർത്തിക്കുന്ന സതേൺ ക്ലേയ്സ് & മിനറൽസ് എന്ന ഫാക്ടറിയാണ് മറ്റൊരു പ്രധാന വ്യവസായ സ്ഥാപനം. 65 സ്ത്രീകളും 25 പുരുഷൻമാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ചൈനാക്ലേയാണ് പ്രധാന ഉൽപ്പന്നം. ഇവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ചൈനാക്ലേ ബോംബേ, മദ്രാസ്, തുടങ്ങിയ വൻ നഗരങ്ങളിലേക്കാണ് കയറ്റി അയക്കുന്നത്. രണ്ട് ഇഷ്ടിക നിർമ്മാണ ഫാക്ടറികളും പത്തോളം മര മില്ലുകളും രണ്ട് കയർ ഫാക്ടറിയുമാണ് നീലേശ്വരത്തെ പ്രധാനപ്പെട്ട വ്യവസായങ്ങൾ. കൂടാതെ നീലേശ്വരം ബ്ലോക്കാഫീസിനടുത്ത് പ്രവർത്തിക്കുന്ന മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ 12 ഓളം ചെറു കിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പകുതിയിലധികം സ്ഥാപനങ്ങളും വിവിധങ്ങളായ കാരണങ്ങളാൽ തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുകയാണ്. മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തീകരമാണ്.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന നീലേശ്വരം ബീഡി വർക്കേർസ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് നീലേശ്വരത്തെ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനം. 16 ബീഡി നിർമ്മാണ യൂണിറ്റുകളിലും, ഒരു ലേബലിഗ് യൂണിറ്റിലുമായി 1547 തൊഴിലാളികൾ ജോലി ചെയ്യുന്നു.

പട്ടിക 1.

നീലേശ്വരത്തെ പ്രധാന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കണക്ക്

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ത്രീകൾ	പുരുഷൻമാർ	ആകെ
1.	ബേലിയപ്പട്ടം ടൈൽ ഫാക്ടറി	10	68	78
2.	സതേൺ ക്ലേയ്സ് & മിനറൽസ്	65	25	90
3.	ഇഷ്ടിക നിർമ്മാണ യൂണിറ്റ്	22	16	38
4.	കയറുൽപ്പന്ന നിർമ്മാണ യൂണിറ്റ്	13	7	20
5.	ദനേശ് ബീഡി വ്യവസായ സഹകരണ സംഘം	1158	389	1547

അവലംബം: സെക്കണ്ടറി ഡാറ്റ

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ചില യൂണിറ്റുകൾ നീലേശ്വരത്തുണ്ട്. ബ്രഷ് നിർമ്മാണ യൂണിറ്റ്, കയറുൽപ്പന്ന നിർമ്മാണ യൂണിറ്റ്, ചെരുപ്പ്, ബാഗ് നിർമ്മാണ യൂണിറ്റ്, ജ്വല്ലറി ആന്റ് ഡൈ വർക്കേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ അവയിൽ ചിലതാണ്. ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. എങ്കിലും വികസന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ലെന്ന പരിമിതിയുണ്ട്.

പരമ്പരാഗത വ്യവസായ രംഗത്ത് കൈത്തറിയാണ് പ്രധാന പങ്ക് വഹിക്കുന്നത്. ഒരു കാലത്ത് കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണ രംഗത്തെ പ്രധാന കേന്ദ്രങ്ങളായ നീലേശ്വരം തെരുവ്. കടിഞ്ഞിമൂല വീവേർസ് കോളനി എന്നിവ ഇന്ന് തകർച്ചയുടെ വക്കിലാണ്. പയ്യന്നൂർ ഖാദി സംഘത്തിന്റെ കീഴിലുള്ള ഖാദി നൂൽനൂൽപ്പ് കേന്ദ്രവും നീലേശ്വരത്ത് പ്രവർത്തിക്കുന്നുണ്ട്. 126 ഓളം ആളുകൾ ഈ രംഗത്ത് ജോലി ചെയ്യുന്നു. തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. വളരെ തുച്ഛമായ വേതനം മൂലം ഈ രംഗത്തെ തൊഴിലാളികളുടെ സ്ഥിതി ഏറെ പരിതാപകരമാണ്. നീലേശ്വരം പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കള്ളുചെത്ത് വ്യവസായം. നീലേശ്വരത്തെ തീരപ്രദേശങ്ങളായ ചാത്തമത്ത്, കാര്യംകോട്, ചെമ്മാക്കര, തോട്ടുമ്പുറം എന്നീ പ്രദേശങ്ങൾ കള്ളുചെത്ത് വ്യവസായത്തിന് പ്രസിദ്ധമാണ്. നീലേശ്വരത്തെ കള്ളുചെത്ത് വ്യവസായ തൊഴിലാളികൾ വളരെ സുസംഘടിതരാണ്. അത്കൊണ്ട് തന്നെ താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസായ രംഗത്തെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഇനിയും സാധിച്ചിട്ടില്ല. ഒരു കാലത്ത് നീലേശ്വരം പഞ്ചായത്തിൽ രണ്ട് ചക്കര നിർമ്മാണ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. എങ്കിലും കാലക്രമത്തിൽ ഈ സംഘങ്ങളുടെ പ്രവർത്തനം നിലച്ചുപോവുകയായിരുന്നു. കള്ളുചെത്ത് വ്യവസായ രംഗത്ത് ആവശ്യമായ ആധുനിക വൽക്കരണത്തിലൂടെ കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയും. പഞ്ചായത്തിൽ ഇനിയും വികസന സാധ്യതകളുള്ള ഒരു മേഖലയാണിത്.

കുടിൽ വ്യവസായ യൂണിറ്റുകൾ നീലേശ്വരം ഗ്രാമപഞ്ചായത്തിൽ നാമമാത്രമായെ ഉള്ളു. വർദ്ധിച്ച ജനസാന്ദ്രതയുള്ള പ്രദേശമായതിനാൽ പഞ്ചായത്തിന്റെ തലത്തിൽ കേന്ദ്രീകരിച്ചുള്ള മാതൃ സ്ഥാപനവും അതിനനുബന്ധമായി ഗാർഹിക യൂണിറ്റുകളും വളർത്തിയെടുക്കാനുള്ള സാധ്യതകളും പരീക്ഷിക്കാവുന്നതാണ്.

പൊതു മേഖലാ വ്യവസായങ്ങൾ ഒന്നും തന്നെ നീലേശ്വരം ഗ്രാമ പഞ്ചായത്തിലില്ല. വൈദ്യുതി, റോഡ്, വാർത്താ വിനിമയ സൗകര്യങ്ങൾ താരതമ്യേന മെച്ചപ്പെട്ട ഒരു പ്രദേശമാണ് നീലേശ്വരം. പൊതു മേഖലാ വ്യവസായ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

പട്ടിക 2

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ സ്വകാര്യ ചെറുകിട വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികളുടെ കണക്ക്.

വ്യവസായം	പുരുഷൻമാർ	സ്ത്രീകൾ	ആകെ
കുടിൽ (ബിഡി, പായ, കുട, ചകിരി)	173	430	603
ചെറുകിട വ്യവസായം	48	38	86
റിപ്പേർ	28	0	28
വർക്ക്ഷോപ്പ്	76	0	76
റെഡിമെയ്ഡ്	26	14	40
മരമില്ല്	18	60	78
ഫ്ളവർമില്ല്	35	11	46
ഫർണ്ണിച്ചർ	23		23
പ്രിന്റിംഗ്പ്രസ്	12	16	28
ഓയിൽ മിൽ	16	19	35
കുമ്മായം	21	13	34
മരം	103	24	127

അവലംബം: സെക്കണ്ടറി ഡാറ്റ

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ വ്യവസായ രംഗത്തെക്കുറിച്ച് പഠിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്ന ഒരു കാര്യം വ്യവസായ രംഗത്തെ വികസന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നതാണ്. കാർഷീകപ്രധാനമായ ഒരു പ്രദേശമെന്നനിലയിൽ കൃഷിയുടെ അനുബന്ധ വ്യവസായങ്ങൾ വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്രാദേശികമായ വിഭവ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യാനും സാധിച്ചിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ സുലഭമായ കശുവണ്ടി ചകിരി, കളിമണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് വസ്തുത. തൊഴിലില്ലാത്ത നൂറു കണക്കിന് യുവതി യുവാക്കളുള്ള നമ്മുടെ നാട്ടിന് അനുയോജ്യമായ ഒരു വ്യവസായ വികസന തന്ത്രം നാം മെനഞ്ഞെടുത്തില്ലെങ്കിൽ ഭാവിയിലെ പ്രശ്നങ്ങൾ രൂക്ഷമായിരിക്കും. അതു കൊണ്ടു തന്നെ വ്യവസായ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് അടിസ്ഥാനപരമായ ചില പ്രവർത്തനങ്ങൾ അടിയന്തിരമായി നാം നടത്തേണ്ടതുണ്ട്.

വ്യവസായിക സാധ്യതയുള്ള വിഭവങ്ങളുടെ കണ്ടെത്തലായിരിക്കണം ആദ്യത്തെപ്രവർത്തനം. ഇതിന്റെ ഭാഗമായി പഞ്ചായത്ത് തലവ്യവസായിക വിഭവ ഭൂപടം ജന പങ്കാളിത്തത്തോടെയും തയ്യാറാക്കേണ്ടതുണ്ട്. വ്യവസായ സംരംഭകരുടെ മുമ്പിൽ ഇന്ന് ഏറ്റവും വലിയ ഒരു പ്രശ്നമായി നില നിൽക്കുന്നത് മൂലധനത്തിന്റെ അഭാവമാണ്. നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ കോടി കണക്കിന് രൂപയുടെ നിക്ഷേപങ്ങളുണ്ട്. കൂടാതെ വിദേശത്ത് നിന്നും കോടി കണക്കിന് രൂപ നമ്മുടെ പഞ്ചായത്തിലേക്ക് ഒഴുകിയെത്തുന്നുമുണ്ട്. ഈ പണത്തിൽ വലിയ ഒരു ഭാഗം ഉൽപ്പാദനക്ഷമമല്ലാത്ത മേഖലകളിലാണ് ചിലവഴിക്കപ്പെടുന്നത്. ഈ നിക്ഷേപങ്ങളെ വ്യവസായ വികസന രംഗത്തേക്ക് തിരിച്ചു വിടാനുള്ള കർമ്മ പദ്ധതികളുണ്ടാവേണ്ടതുണ്ട്. അതിന്റെ ഭാഗമായി പഞ്ചായത്തുതലത്തിൽ നടപ്പാക്കാൻ സാധ്യമായ വ്യവസായങ്ങളുടെ പട്ടികയും പ്രോജക്റ്റും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. തുടർന്ന് പഞ്ചായത്തുതലത്തിൽ വ്യവസായ സംരംഭകരെ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനവും അനന്തര സേവനങ്ങളും നൽകുകയാണെങ്കിൽ ധാരാളം ആളുകളെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരാനും അതുവഴി തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരുപരിധി വരെ പരിഹാരം കാണാനും കഴിയും. വനിതകളുടെ രംഗത്ത് പ്രത്യേകിച്ചും ധാരാളം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വനിതാവ്യവസായ പദ്ധതി (ഡബ്ല്യൂ.ഐ.പി), ഡി .ഡബ്ല്യൂ.സി.ആർ.എ. തുടങ്ങിയ പദ്ധതികളുടെ പ്രയോജനം വനിതകൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് മുമ്പോട്ടു വരുന്നില്ലെന്നതൊരു വസ്തുതയാണ്. ഈ രംഗത്ത് വ്യാപകമായ ബോധവൽക്കരണവും, പരിശീലനവും അത്യാവശ്യമാണ്.

നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെയും. സാധ്യതയുള്ള മേഖലകളിലൊക്കെ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെയും വ്യവസായ വളർച്ചക്ക് ഒരു സംഘടിത രൂപം വളർത്തിയെടുക്കാൻ കഴിയും. അസംസ്കൃത വസ്തുക്കളുടേ സംഭരണം. ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്ക് വേണ്ടിയും കേന്ദ്രീകൃത രീതിയിലുള്ള പ്രവർത്തനം സംഘടിപ്പിക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ വളരെ കാര്യമായ ചർച്ചകളും നിർദ്ദേശങ്ങളും ഉയർന്ന് വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങളും സാധ്യതകളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. വ്യവസായ സംരംഭകരോട് അനുഭാവ പൂർണ്ണമായ സമീപനത്തിന്റെ കുറവ്.

2. സാങ്കേതിക പരിശീലനത്തിന്റെയും. മൂലധനത്തിന്റെയും പരിശീലനാനന്തര സേവനങ്ങളുടേയും അഭാവം.

3. ബാങ്ക് ലോണുകൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.

4. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

5. വിപണന സാധ്യതകളുടെ അപര്യാപ്തത

6. ഉൽപ്പന്നങ്ങളുടെ ഗുണനിലവാര ക്കുറവുമൂലം കമ്പോളത്തിൽ നടക്കുന്ന മത്സരത്തിൽ പിടിച്ചു നിൽക്കാനുള്ള ശേഷി ക്കുറവ്.

7. പശ്ചാത്തല മേഖലകളിലെ അപര്യാപ്തത. (വൈദ്യുതി പ്രശ്നം മുതലായവ)

8. നേതൃത്വ പരിശീലനത്തിന്റെയും, മാനേജ്മെന്റ് പരിശീലനത്തിന്റേയും അഭാവം

9. വ്യവസായ വകുപ്പിന്റെ സേവനം ആവശ്യമായ തോതിൽ താഴെ ത്തട്ടുകളിലേക്ക് എത്തുന്നില്ല.

10. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ചെത്ത്, പായ നെയ്ത്ത് തുടങ്ങിയ മേഖലകളുടെ തകർച്ച.

11. പ്രാദേശിക വിഭവ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

12. ചെറുകിടവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

13. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർക്ക് വ്യവസായ തൊഴിലിനോടുള്ള വൈമുഖ്യം.

14. ബോധവൽക്കരണത്തിന്റെ അഭാവം.

15. പ്രാദേശിക തലത്തിൽ സംഘടിതമായ പ്രവർത്തന പദ്ധതികളുടെ അഭാവം.

16. പരിസ്ഥിതി പ്രശ്നങ്ങൾ

സാധ്യതകൾ

1. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ധനകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, സാങ്കേതിക വിദഗ്ദർ, സംരംഭകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തു തലത്തിൽ ഇന്റസ്ട്രിയൽ പ്രമോഷൻ കമ്മിറ്റിരൂപീകരിക്കുക. ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രാദേശിക വിഭവങ്ങളുടെയും, സംരംഭകരുടെയും, സാധ്യതയുള്ള വ്യവസായ ങ്ങളുടേയും പട്ടിക തയ്യാറാക്കുക. സാങ്കേതിക പരിശീലനവും, സംരംഭകത്വ വികസന പരിശീലന പരിപാടികളും സംഘടിപ്പിക്കുക. വ്യവസായം തുടങ്ങുന്നതിനുവേണ്ടി എല്ലാവിധ സേവനങ്ങളും നൽകുക.

2. പഞ്ചായത്തുതലത്തിൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടാക്കി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. വ്യവസായ രംഗത്തെ തർക്കങ്ങളിലും, പ്രശ്നങ്ങളിലും ഇടപെട്ട് തീർപ്പുണ്ടാക്കി വ്യവസായ വികസനത്തിന് അനുകൂലമായ സ്ഥിതി ഉണ്ടാക്കുക.

4. മാതൃ യൂണിറ്റുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള ചെറുകിട ഉൽപാദനയൂണിറ്റുകൾ ആരംഭിക്കുക.

5. കയർ, കൈത്തറി, കശുവണ്ടി, ബീഡി, പായ നെയ്ത്ത്, കൂട്ട നിർമ്മാണം, തുടങ്ങിയ മേഖലകളിൽ സഹകരണാടിസ്ഥാനത്തിലുള്ള ചെറുകിട യൂണിറ്റുകളാരംഭിക്കുക.

6. കെട്ടിട നിർമ്മാണ സാമഗ്രികൾ, ഇഷ്ടിക, ചെങ്കൽ, സിമന്റ്, എന്നിവയുടെ യൂണിറ്റുകൾ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

7. സ്ത്രീകളുടെ സ്വയം തൊഴിൽയൂണിറ്റും, ചെറുകിട വ്യവസായ യൂണിറ്റുകളും വ്യാപകമായ തോതിൽ ആരംഭിക്കുക.

8. പരമ്പരാഗത വ്യവസായ രംഗത്ത് ആവശ്യമായ ആധുനീകവൽക്കരണം നടത്തുകയും, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

9. പഞ്ചായത്തുതലത്തിൽ അസംസ്കൃത വസ്തുക്കളുടെ ഡിപ്പോ, വിപണനകേന്ദ്രങ്ങൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ ആരംഭിക്കുക.

10. വ്യവസായ വകുപ്പിന്റെ പ്രവർത്തനം പഞ്ചായത്തുതലത്തിലേക്ക് വ്യാപിപ്പിക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുക.

പട്ടിക 3 കാണുക

പഞ്ചായത്തുതലത്തിൽ സാധ്യതയുള്ള വ്യവസായങ്ങൾ

1. ഔഷധ നിർമ്മാണം
2. കയർ, കയറുൽപ്പന്നങ്ങൾ
3. സിമന്റ് ഇഷ്ടിക, ഇഷ്ടിക നിർമ്മാണം
4. ക്ഷീരോൽപ്പന്ന വ്യവസായം
5. കുണ്ട് കൃഷി
6. ബേക്കറി ഉൽപ്പന്നങ്ങൾ
7. ചക്കര നിർമ്മാണം
8. പഴ സംസ്കരണം
9. റെഡിമെയ്ഡ്
10. ഓയിൽ മില്ലുകൾ
11. ഇറച്ചി, മുട്ടക്കോഴി വളർത്തൽ
12. തുകലുൽപ്പന്നങ്ങൾ, റെസിൻ ബാഗ് നിർമ്മാണം
13. ചെരിപ്പ് നിർമ്മാണം
14. ഐസ് പ്ലാന്റ്
15. പണിയായുധ നിർമ്മാണം
16. മത്സ്യോൽപ്പന്നങ്ങൾ, മത്സ്യ വളം
17. അടക്ക സംഭരണം
18. പെയിന്റ്, കെമിക്കൽസ്
19. തീപ്പെട്ടി
20. പാക്കിംഗ് കേയ്സ്
21. പ്ലാസ്റ്റിക്ക് വ്യവസായം
22. കശുവണ്ടി സംസ്കരണം
23. കശുമാങ്ങയിൽനിന്ന് പാനീയം നിർമ്മിക്കൽ
24. കൊപ്ര സംസ്കരണം
25. ചെങ്കൽ, കരിങ്കൽ വ്യവസായം
26. കുമ്മായ നിർമ്മാണം
27. ചിരട്ട, ചുരൽ, നാരുകൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.
28. അച്ചാർ, ജാം, പപ്പടം, ചിപ്സ്, സ്ക്വാഷ് നിർമ്മാണം
29. ജൈവവള നിർമ്മാണം
30. ഫാൻസി ഐറ്റംസ്
31. സോപ്പ്, തൈലം, കോസ്മെറ്റിക്സ
32. പവർ ലൂം
33. കാലിത്തീറ്റ
34. ചോക്ക്ലേറ്റ് & കൺഫെക്ഷണറി
35. കുട, സൈക്കിൾ പാർട്ടുകൾ, വിജാഗിരി, ആണി, പൂട്ടുകൾ, ഗ്രിൽസ്, എന്നിവയുടെ നിർമ്മാണം
36. കളിക്കോപ്പുകൾ, ഇലക് ട്രോണിക്ക് സ്പെയർ പാർട്ട്സ്.

പട്ടിക അപൂർണ്ണം.

5.4 വിദ്യാഭ്യാസം

വിദ്യാഭ്യാസം ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെടുന്ന ഒരു വികസന പ്രക്രിയയാണെന്നതാണ് ആധുനീകരുടെ അഭിപ്രായം. ഈ വിശേഷണത്തിന് വിദ്യാഭ്യാസം അർഹമാകുന്നത് രണ്ടു കാരണങ്ങളാലാണ്. ആദ്യമായി വിദ്യാഭ്യാസത്തിന് വിധേയനാകുന്ന പഠിതാവ് വികസനം കൈവരിക്കുന്നു. രണ്ടാമതായി വ്യക്തിക്ക് ഈ വികസനത്തിൽനിന്നും ലഭിക്കുന്ന ശേഷികൾ സമൂഹത്തിന് പ്രയോജനപ്പെടുന്നു. ഇതു രണ്ടും സാധ്യമാക്കുക എന്നതായിരിക്കണം കാര്യക്ഷമമായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തിക്കു കൈവരേണ്ട യഥാർത്ഥവികസനം വേണ്ട പേലെ സംഭവിച്ചിട്ടില്ല എന്നത് നമ്മുടെ വിദ്യാഭ്യാസ രീതികളുടെ പോരായ്മയായി പൊതുവേ ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വികസനോന്മുഖമായ വിദ്യാഭ്യാസത്തെക്കുറിച്ച് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാട് നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. സമൂഹ വികസനത്തിന് കാതലായ സംഭാവന നൽകാൻ ഒരു വ്യക്തിക്കു കഴിയണമെങ്കിൽ ബൗദ്ധീകവും വൈജ്ഞാനികവുമായ നിരവധി ശേഷികൾ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ ശേഷികൾ കൂടിച്ചേർന്ന് ഉൽപാദനക്ഷമതയുള്ള നിരവധി നൈപുണികളും വികസിക്കണം. ഈ രീതിയിൽ ബഹുമുഖമായ മാറ്റങ്ങൾ കൈവരിക്കുകയും അവ സ്വാംശീകരിക്കുകയും ജീവിത ശൈലിയുടെ ഭാഗമാക്കിമാറ്റുകയും ചെയ്യുമ്പോൾ മാത്രമേ വ്യക്തിക്കു വികസനം ഉണ്ടായി എന്നു പറയാനൊക്കു. അപ്പോൾ മാത്രമേ വ്യക്തി വികസനം സമൂഹവികസനത്തിനു സഹായകമാവുകയുള്ളൂ. ഇത് എങ്ങനെ സാധ്യമാകണം എന്ന ചോദ്യത്തിന് ഇന്ത്യയിലെങ്ങുമുള്ള വിദ്യാഭ്യാസ ചിന്തകർ ഉത്തരം തേടി ക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസഘടനയിലെ വൈകല്യങ്ങളേയും ഉള്ളടക്കത്തിന്റെ അപര്യാപ്തതകളേയും ബോധനപ്രക്രിയയിലെ അശാസ്ത്രീയതയേയും മാറ്റിത്തീർക്കാതെ ഇന്നുള്ള സ്ഥിതിയെ മറികടക്കാൻ കഴിയില്ല. കേരളത്തിൽ സമഗ്രമായി ചർച്ചചെയ്യപ്പെട്ടുവരുന്ന ജനകീയ വിദ്യാഭ്യാസ നയത്തിന്റെ പ്രസക്തി ഇതു തന്നെയാണ്. പ്രാദേശികമായ ഇടപെടലുകളിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള കാര്യക്ഷമമായ പ്രവർത്തനം പഞ്ചായത്തു തലത്തിൽ തന്നെ നടത്തേണ്ടിയിരിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണം എന്ന പുതിയ സമീപനം പ്രാദേശിക ഗവണ്മെന്റു കളായ പഞ്ചായത്തുകളുടെ മുന്നിൽ സാധ്യതകളുടേതായ വാതിലുകളാണ് തുറന്നിട്ടിരിക്കുന്നത്.

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും പരിശോധിക്കാനുള്ള ചില ശ്രമങ്ങളാണ് ഈ കുറിപ്പിലൂടെ ലക്ഷ്യമാക്കുന്നത്. മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസ രംഗത്തും നീലേശ്വരം തനതായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽക്കുതന്നെ നീലേശ്വരത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഇവിടത്തെ രാജവംശം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. രാജവംശത്തിന്റെനേതൃത്വത്തിൽ തന്നെ ഈ പ്രദേശത്ത്വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചു.

സവർണ്ണ വർഗ്ഗത്തിന്റെ വിദ്യാഭ്യാസം നടത്താൻ ഗുരുകുലവിദ്യാഭ്യസ സമ്പ്രദായം നില നിൽക്കേതന്നെ പിന്നോക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി സാമുദായികാടി സ്ഥാനത്തിൽ എഴുത്തുവീടുകളും എഴുത്താശാന്മാരും പ്രവർത്തിച്ചിരുന്നു. ഇതോടൊപ്പം തന്നെ കൃസ്ത്യൻ മിഷനറിമാരും അറബിസുഹിവര്യൻമാരും മതപ്രചാരണത്തിന്റെ ഭാഗമായി നീലേശ്വരം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിരുന്നു. 19 ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പഴയ തെക്കൻ കർണ്ണാടക ജില്ലയുടെ വിവധ ഭാഗങ്ങളിൽ ജർമ്മൻ മിഷണറിയായ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ എലിമെന്ററി സ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി ഇന്ന് നീലേശ്വരത്ത് പ്രവർത്തിച്ചുവരുന്ന ഗവ: എൽ. പി സ്കൂൾ ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട ഒന്നായിരുന്നു. മിഷനറിമാർ പിന്നീട് ഈ സ്കൂൾ തെക്കൻ കർണ്ണാടക ജില്ലാബോർഡിനു കൈമാറുകയും കേരള

പ്പിറവിയോടുകൂടി അത് മലബാർ ജില്ലാ ബോർഡിന്റെ കീഴിലാവുകയും ചെയ്തു. 1957 ൽ കേരള സർക്കാർ ജില്ലാ ബോർഡ് നിർത്തലാക്കിയതോടെ ഇത് സർക്കാർ സ്കൂളായി മാറി. ഇതേ ചരിത്ര പശ്ചാത്തലം തന്നെയാണ് ഇന്ന് കോട്ടപ്പുറത്ത് പ്രവർത്തിച്ചു വരുന്ന സി.എച്ച്.മുഹമ്മദ് കോയാ മെമ്മോറിയൽ വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിനുള്ളത്. ആദ്യം ജില്ലാ ബോർഡ് സ്കൂളുകളും പിന്നീട് സർക്കാർ സ്കൂളുകളുമായി മാറിയവയാണ് കോട്ടപ്പുറം, പരുത്തിക്കാമുറി , പേരോൽ, എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള സർക്കാർ സ്കൂളുകൾ.

പ്രീ പ്രൈമറി രംഗത്ത് പ്രവർത്തിക്കുന്ന 10 സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗത്തിലേയും മാധ്യമം ഇംഗ്ലീഷാണ്. മലയാളം രണ്ടാം ഭാഷയായി പഠിപ്പിച്ചുവരുന്നുണ്ട്. എൽ.പി സ്കൂളുകളോട് അനുബന്ധിച്ച് പി.ടി.എ കൾ നടത്തുന്ന പ്രീ പ്രൈമറി ക്ലാസ്സുകൾ താഴെപ്പറയുന്ന സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു.

1. ജി.എൽ.പി. സ്കൂൾ നീലേശ്വരം

2. ജി.എൽ.പി. സ്കൂൾ പേരോൽ
3. ജി.എൽ.പി. സ്കൂൾ പരുത്തിക്കാമുറി
4. കെ.എ.എൽ.പി. സ്കൂൾതൈക്കടപ്പുറം

ഇവ കൂടാതെ ബ്ലോക്കിന്റെ സഹായത്തോടെ നടത്തുന്ന താഴെപ്പറയുന്ന ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്.

1.പ്രിയദർശിനി മഹിളാ സമാജം ബാലവാടി കടിഞ്ഞിമൂല
2. ഇന്ദിരാ പ്രിയദർശിനി ബാലവാടി ചിറപ്പുറം

നീലേശ്വരം പഞ്ചായത്തിന്റെ വകയായി പ്രവർത്തിക്കുന്ന ഏക ബാലവാടി ചാത്തമത്ത് പഞ്ചായത്ത് വായനശാലയിൽ പ്രവർത്തിക്കുന്നു.

ഹരിജനങ്ങളുടെ വിദ്യാഭ്യാസത്തിനായി പഴയ മദിരാശി സർക്കാർ നിയമമനുസരിച്ച് സ്ഥാപിച്ച സ്കൂളാണ് ഇന്ന് കടിഞ്ഞിമൂലയിൽ പ്രവർത്തിക്കുന്ന ജി. ഡബ്ല്യു. എൽ. പി. സ്കൂൾ, നീലേശ്വരം പട്ടേന എന്നസ്ഥലത്ത് ഒരു എയ്ഡഡ് സ്കൂൾ പ്രവർത്തിച്ചിരുന്നുവെങ്കിലും കുറച്ചുകൊല്ലം മുമ്പ് ഇത് നിർത്തലാക്കി. 9.10.12 എന്നീ വാർഡുകളിലെ കുട്ടികൾക്ക് നടന്നു ചെല്ലാൻ പറ്റുന്ന അകലത്തിൽ ഉണ്ടായിരുന്ന ഒരു പ്രൈമറി സ്കൂൾ ഇതോടെ ഇല്ലാതായി.

ഇപ്പോൾ നീലേശ്വരം പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും മൂന്ന് യു.പി.സ്കൂളുകളും എട്ട് എൽ.പി. സ്കൂളുകളും നിലവിലുണ്ട്.

പട്ടിക 1. കാണുക

നീലേശ്വരം രാജാവ് മാനേജരായി 1918 ൽ സ്ഥാപിക്കപ്പെട്ട രാജാസ് ഹൈസ്കൂൾ പഴയ തെക്കൻ കർണ്ണാടകജില്ലയിലെ പ്രശസ്തമായ ഹൈസ്കൂളുകളിൽ ഒന്നാണ്. കയ്യൂർ സമരത്തെ കുറിച്ച് കർണ്ണാടകഭാഷയിൽ ചിരസ്മരണ എന്ന ഗ്രന്ഥം രചിച്ച പ്രശസ്തകർണ്ണാടക സാഹിത്യകാരനായ നിരജ്ഞന തുടങ്ങി സാമൂഹിക രാഷ്ട്രീയ. സാംസ്കാരിക രംഗങ്ങളിൽ പ്രഗൽഭരായ നിരവധി പേർ ഈ സ്കൂളിന്റെ സന്തതികളായിരുന്നു. അയൽപഞ്ചായത്തുകളിൽനിന്നുപോലും ഇന്നും ഈ വിദ്യാലയത്തിൽ വന്ന് കുട്ടികൾ പഠിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സാന്ദ്രത ഈവിദ്യാലയത്തിൽ വർദ്ധിക്കുന്നതുകൊണ്ട് കാഞ്ഞങ്ങാട് ചെറുവത്തൂർ ഭാഗങ്ങളിലെ സ്കൂളുകളിൽ കുട്ടികളെചേർത്ത് പഠിപ്പിക്കാൻ രക്ഷിതാക്കൾ നിർബന്ധിതരാവുന്നു. ഇതൊക്കെ വെച്ചുനോക്കിയാൽ പഞ്ചായത്തിൽ ചുരുങ്ങിയത് ഇനിയും രണ്ടു ഹൈസ്കൂളുകളെങ്കിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. എസ്. എസ്. എൽ.സി പരീക്ഷയിൽ തോൽക്കുന്ന കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ പടിഞ്ഞാറൻ തീരപ്രദേശത്ത് നിന്നും കിഴക്കൻ പ്രദേശത്ത് നിന്നും വരുന്ന പെൺകുട്ടികളാണ് കൂടുതൽ എന്ന് കാണും. ഇക്കാര്യത്തെക്കുറിച്ച് വിശദമായി പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

നീലേശ്വരത്ത് ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളൊന്നുമില്ല. പഞ്ചായത്ത് അതിർത്തിയായ പടന്നക്കാട്ട് ഒരു സ്വകാര്യ കോളേജുണ്ട്. പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഭൂരിഭാഗവും ഉന്നത വിദ്യാഭ്യാസത്തിനായി ഈ കോളേജിനേയാണ് ആശ്രയിക്കുന്നത്. കൂടാതെ പ്രീ ഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ പഠനസൗകര്യങ്ങളുള്ള എട്ടോളം പാരലൽ കോളേജുകൾ നീലേശ്വരത്ത് പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരത്ത് കണിച്ചിറയിൽ ഒരു അറബിക് കോളേജ് പ്രവർത്തിച്ചുവരുന്നുണ്ട്. നിരവധി അറബി ഭാഷാബിരുദ ധാരികൾ ഈ കോളേജിൽ നിന്നും പുറത്തു വരുന്നു. കേരളത്തിലെ തന്നെ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന അറബിക് കോളേജാണ് ഇത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വളരെ മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ട ഒരു ഹിന്ദി മഹാ വിദ്യാലയവും അടുത്തകാലത്തായി തുടങ്ങിയ ഹിന്ദി ബി. എഡ് കോളേജും ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ നിയന്ത്രണത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തെ അപര്യാപ്തത പരിഹരിക്കാൻ നീലേശ്വരത്ത് ഒരു റഗുലർ കോളേജ് തുടങ്ങാനുള്ള സാധ്യത വളരെ കൂടുതലാണ്. അതു പോലെ തന്നെ രാജാസ് ഹൈസ്കൂളിനെ ഹയർ സെക്കന്ററി സ്കൂളായി ഉയർത്താവുന്നതാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം താഴെ ചേർക്കുന്നു.

പട്ടിക 2. കാണുക

സാങ്കേതിക വിദ്യാഭ്യാസം.

നീലേശ്വരം ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി പട്ടിക വിഭാഗക്കാർ വേണ്ടി പ്രവർത്തിക്കുന്ന ഒരു ഐ. ടി. സി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ 3 കംപ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങളും, 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം പഞ്ചായത്തിലെ തൊഴിലില്ലായ്മ പ്രശ്നത്തെ രൂക്ഷമാക്കിയിട്ടുണ്ടെന്നു കാണാം. ആകയാൽ പഞ്ചായത്തിൽ സാധ്യമായ ട്രേഡുകളിൽ സാങ്കേതിക വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

പഞ്ചായത്തിൽ ചില വായനശാലകൾ കേന്ദ്രീകരിച്ചു കൊണ്ട് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ മൊത്തം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. പ്രവർത്തനങ്ങളെയാകെ കോർത്തിണക്കിക്കൊണ്ട് കൃത്യമായ ഒരു രൂപം നൽകി അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിക്കേണ്ടതുണ്ട്. അതുപോലെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും നിശാപാഠശാലകളും ഉയർന്നുവരേണ്ടതുണ്ട്. ജനവിദ്യാകേന്ദ്രങ്ങളുടെ ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല. ജനവിദ്യാകേന്ദ്രങ്ങളുടെ ഇന്നത്തെ പ്രവർത്തനം ഊർജ്ജിതമാക്കുക വഴി അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ ഇനിയും സംഘടിപ്പിക്കേണ്ടതുണ്ട്.

ഭൗതികസാഹചര്യങ്ങൾ

പഞ്ചായത്തിൽനിലവിലുള്ള 7 ഓളം സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലമില്ലെന്നത് ഒരുപ്രധാന വസ്തുതയാണ്. മൂത്രപ്പുര, കക്കൂസ് കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി മെച്ചമാണെങ്കിലും പൂർണ്ണമായും തൃപ്തികരമല്ല. പല സ്ക്കൂളുകളിലും ആവശ്യത്തിന് ഫർണ്ണീച്ചറുകൾ ഇല്ലെന്ന പോരായ്മയുണ്ട്. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി ക്കൊണ്ട് മാത്രമേ നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കാൻ സധിക്കു. ഇക്കാര്യത്തിൽ ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പാഠ്യാനു ബന്ധപ്രവർത്തനങ്ങളുടെ കാര്യത്തിൽ സ്ക്കൂളു കളുടെ അവസ്ഥ പരിതാപകരമാണ്. വർഷത്തി ലൊരിക്കൽ നടക്കുന്ന സ്പോർട്ട്സ് ഗെയിംസ്, കലോൽസവങ്ങൾ എന്നിവയി ലൊതുങ്ങുകയാണ് പാഠ്യേതര പ്രവർത്തനങ്ങൾ. ഈ സ്ഥിതി മാറ്റി എടുക്കേണ്ടതുണ്ട്.

പി.ടി.എ. / മദർ പി.ടി.എ.

നമ്മുടെ പഞ്ചായത്തിൽ പൊതുവെ പി.ടി.എ.യുടെ പ്രവർത്തനം തൃപ്തികരമാണ്. എങ്കിലും മുഴുവൻ രക്ഷിതാക്കളും പി.ടി.എ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകുന്നു എന്ന് പറയാൻ സാധ്യമല്ല. പി.ടി.എ പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളെ മുഴുവൻ പങ്കാളികളാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനുള്ള പ്രാദേശിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കഴിയും. വിദ്യാഭ്യാസ മേഖയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ ഗൗരവമായ ചർച്ചകൾ ഉയർന്ന് വന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഉയർന്ന വന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ പ്രതിപാദിക്കുന്നു.

പ്രശ്നങ്ങൾ :

1. വിദ്യാർത്ഥികൾക്കിടയിലെ അക്ഷരബോധമില്ലായ്മ നിലവാര തകർച്ച.

2. പ്രീ.പൈമറി വിദ്യാലയങ്ങളുലടെ അപര്യാപ്തത. മാതൃഭാഷയിലുള്ള അധ്യാപനത്തോടുള്ള താത്പര്യക്കുറവ്.

3. 2, 3. 10, 13 എന്നീ വാർഡുകളിൽ L.P. സ്ക്കുളിന്റെ അഭാവം ഉണ്ട്.

4. നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ പേരോൽ വില്ലേജിൽ ഹൈസ്ക്കുൾ നിലവിലില്ല. പേരോൽ വില്ലേജിൽ നിന്നും പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് ഹൈസ്ക്കുൾ വിദ്യാഭ്യാസത്തിനായി വളരെയധികം സഞ്ചരിക്കേണ്ട അവസ്ഥയാണ് ഉള്ളത്. 5ാം വാർഡിൽ നിലവിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കുളിൽ കെട്ടിട സൗകര്യങ്ങളുടെ അഭാവം ഉണ്ട്.

5. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്

6. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങളുടെ ക്യറവ്

7. അനൗപചാരിക വിദ്യാഭ്യാസരഗത്ത് തുടർ പ്രവർത്തനങ്ങളുടെ അഭാവം.

8. പാഠപുസ്തകങ്ങളുടെ എണ്ണകൂടുതലും ഉള്ളടക്കത്തിന്റെ ബാഹുല്യവും

9. അശാസ്ത്രീയമായ ബോധനരീതിയും .

10. കലാ.കായിക പ്രവർത്തനങ്ങളിലും പ്രവൃത്തിപരിചയപോഷണത്തിനും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

സാധ്യതകൾ

1. നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പ്രാദേശിക വിഭവശേഷിയും ജനശക്തിയും പ്രയോജനപ്പെടുത്തണം.

2. പേരോൽ വില്ലേജിൽ ഉചിതമായ സ്ഥലത്ത് ഹൈസ്ക്കുൾ സ്ഥാപിക്കണം.

3. നിലവിലുള്ള കോട്ടപ്പുറം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കുൾ വിഭജിച്ച് പ്രത്യേകം എൽ. പി. സ്ക്കുൾ പ്രത്യേകം സ്ഥാപിക്കണം.

4. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടു മനുബന്ധച്ച് പ്രീ.പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. വാർഡ്തല വിദ്യാഭ്യാസ സമിതികൾ രൂപവൽക്കരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പ് വരുത്തുക.

6. സ്കുൾ പി.ടി.എ. / മദർ പി.ടി.എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും രക്ഷാകർത്താക്കളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

7. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

8. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേകം പരിഹാര ബോധന പ്രവർത്തനങ്ങളൾ നടത്തുക.

9. അദ്ധ്യാപകരുടെ സ്ഥലം മാറ്റങ്ങൾ അധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ നടപ്പിൽ വരുത്തുക. പാഠപുസ്തകങ്ങ ളുടെ തക്കസമയത്ത് തന്നെ വിതരണം ചെയ്യുക.

10. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക..

11. സ്കൂൾ കോംപ്ലക്സ് പരിപാടികൾ നീലേശ്വരം പഞ്ചായത്തിൽ നടപ്പാക്കുക.

വിദ്യാഭ്യാസനിലവാര തകർച്ച ഈ പഞ്ചായത്തിലെ മിക്ക സ്ക്കുളുകളിലെയും പ്രശ്നമാണ്. ഇതിന് പ്രധാന കാരണം വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള മാനസിക സന്നദ്ധത ഇല്ലാത്തതാണ്. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ആയാസം കുറക്കുവാനും സന്നദ്ധത കൂട്ടുവാനുമുള്ള ഉപാധി. അഭിപ്രേരണയുടെ കുറവാണ് പഠന നിലവാര് താഴുവാനുള്ള കാരണങ്ങളിലൊന്ന്. വാചിക ബോധനം തുറക്കുന്നതിനും ശിശു കേന്ദ്രീകൃത ബോധന സമ്പ്രദായം പ്രാവർത്തികമാക്കലുമാണ് ഇതിനുള്ള പോം വഴി. അദ്ധ്യാപകരെ ഇതിന് പ്രാപ്തരാക്കാൻ വേണ്ട പുനർ വിദ്യാഭ്യാസം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

വിദ്യാഭ്യാസ പ്രവർത്തനം ഫലപ്രദമാക്കാൻ പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയും പഞ്ചായത്തു വിദ്യാഭ്യാസ ഫണ്ടും രൂപീകരിക്കാവുന്നതാണ്. ഈ പഞ്ചായത്തിന്റെ മൊത്തം പ്രവർത്തനത്തിന് പഞ്ചായത്തു വിദ്യാഭ്യാസ സമിതി മേൽനോട്ടം വഹിക്കുകയും നിർദ്ദേശം നൽകുകയും ചെയ്യാവുന്നതാണ്. കുട്ടികളുടെ ഓർമ്മശക്തിയെ മാത്രം പരീക്ഷിക്കുന്ന ഇന്നത്തെ പരീക്ഷ സമ്പ്രദായത്തിന് പുറമെ കുട്ടികളുടെ ബഹുമുഖമായ കഴിവുകളെ വിലയിരുത്താനുള്ള പരീക്ഷ സമ്പ്രദായവും ഈ പഞ്ചായത്തു സമിതിക്ക് നടപ്പാക്കാവുന്നതാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും സമൂഹത്തിനോടു കടപ്പാടുള്ളവരാകത്തക്കരീതിയിലുള്ള സമീപനം വളർത്തിയെടുക്കാൻ പഞ്ചായത്തു സമിതി ശ്രദ്ധിക്കേണ്ടതാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാലകാലങ്ങളിൽ വിലയിരുത്താനും പോരായ്മകൾ ചൂണ്ടികാണിക്കുവാനും സമൂഹത്തിന് അവസരം നൽകുകയും വേണം. ഓരോ വിദ്യാലയങ്ങളും ഏതെങ്കിലും ചില കൈത്തൊഴിലുകൾ. ബുക്ക് ബൈൻഡിംഗ്, കയറുൽപ്പന്ന നിർമ്മാണം. കളിക്കോപ്പ് നിർമ്മാണം മുതലായ ഉൽപാദനപരമായ പ്രവർത്തികളിൽ ഏർപ്പെടണം. അത് പോലെ പച്ചക്കറിത്തോട്ടങ്ങൾ മറ്റു കൃഷിരീതികൾ എന്നിവയെ കുറിച്ചുള്ള പ്രാഥമിക പരിജ്ഞാനം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക വഴി തൊഴിൽ മാഹാത്മ്യം ഉയർത്തിയെടുക്കുവാനും നമ്മുക്ക് കഴിയും. ഈ രീതിയിൽ ആമുഖത്തിൽ പറഞ്ഞത്പോലെ ഒരു വ്യക്തിയുടെ സർവതോൻമുഖമായ കഴിവുകൾ വളർത്തിയെടുക്കുവാൻ കഴിയുന്നതാകണം നമ്മുടെ വിദ്യാഭ്യാസ പദ്ധതി .

പട്ടിക 1

സ്ക്കൂളിന്റെ പൊതു വിവരങ്ങൾ

സ്ക്കൂളിന്റെ പെര്	ഹൈസ്ക്കൂൾ യു.പി. / എൽ.പി പ്രൈമറി	സ്ക്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്ക്കൂൾ കമ്പസിന്റെ മൊത്ത വിസ്തീർണ്ണം സെന്റിൽ	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം സെന്റിൽ
		സർക്കാർ	എയ്ഡഡ്	അന്ന് എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്	ട്രെയിൻഡ്	ഒഴിവുകൾ	ദിവസവേതന അധ്യാപകർ		
R.H.S. നീലേശ്വരം	H.S.		X			1298	1327	2625	88	88		3	643	300
C.H.S.M.K.S.G.V.H.S കോട്ടപ്പുറം	H.S.	X				285	343	628	27	27	2	2	57	
St.Anns. A.U.P.S പുള്ളീക്കര	U.P.		X			483	435	918	24	31			61.5	
A.U.P..S. നീലേശ്വരം	U.P.		X			351	300	651	22	22			30	
A.U.P..S. ചാത്തമത്ത്	U.P.		X			121	84	205	9	9			35	
G.L.P.S. നീലേശ്വരം	L.P	X				118	134	252	8	8		1	31	
G.L.P.S. പേരോൽ	L.P	X				42	54	96	4	3	1			22.6
G.W.L.P.S.കടഞ്ഞീമൂല	L.P	X				42	38	80	4	3	1		16	
G.L.P.S പരിത്താക്കാമൂറി	L.P	X				137	132	269	9	9		1	435	200
A.L.P.S. മുലപ്പള്ളി	L.P		X			68	47	115	4	4			40	10
A.L.P.S. കടിഞ്ഞിമൂല	L.P		X			157	136	293	9	9		1	152	75
A.L.P.S. പാലായി	L.P		X			61	56	117	4	4		1	64	
R.A.L.P.S. നീലേശ്വരം	L.P		X			87	69	156	4	4			200	800 ച.മി

പട്ടിക 2 പഠിക്കുന്ന കുട്ടികളുടെ കണക്ക്

സ്ക്കൂളിന്റെ പെര്	വാർഡ്	1ാം ക്ലാസ്			2ാം ക്ലാസ്			3ാം ക്ലാസ്			4ാം ക്ലാസ്			5ാം ക്ലാസ്			6ാം ക്ലാസ്			7ാം ക്ലാസ്			8ാം ക്ലാസ്			9ാം ക്ലാസ്			10ാം ക്ലാസ്		
		M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T
R.H.S. നീലേശ്വരം	11													77	73	150	91	75	166	117	78	195	334	363	707	398	395	793	271	343	614
C.H.S.M.K.S.G.V.H.S കോട്ടപ്പുറം	5	19	37	56	27	30	57	27	26	53	23	28	51	35	26	61	34	26	60	42	37	79	31	50	81	25	42	67	22	41	63
A.U.P.S. നീലേശ്വരം	11	36	33	69	44	34	78	32	32	64	41	39	80	59	63	122	68	53	121	71	46	117									
A.U.P.S. ചാത്തമത്ത്	7	15	12	27	19	13	32	21	9	30	13	14	27	17	11	28	15	14	29	21	11	32									
St.Anns. A.U.P.S പള്ളീക്കര	9	41	61	102	62	53	115	59	51	110	68	52	120	78	79	157	75	70	145	100	69	169									
A.L.P.S. മുലപ്പുള്ളി	1	11	16	27	19	9	28	24	9	33	14	13	27																		
A.L.P.S. കടിഞ്ഞിമൂല	4	25	35	60	42	34	76	45	32	77	45	35	80																		
A.L.P.S. പാലായി	8	11	14	25	15	15	30	23	14	37	12	13	25																		
R.A.L.P.S. നീലേശ്വരം.	11	23	20	43	18	17	35	25	14	39	21	18	39																		
G.L.P.S. നീലേശ്വരം	1	27	42	69	33	27	60	25	35	60	33	30	63																		
G.L.P.S. പേരോൽ	9	11	23	34	14	9	23	6	9	15	11	13	24																		
G.L.P.S പരിത്താക്കാമുറി	6	8	12	20	12	14	26	10	7	17	12	5	17																		
G.W.L.P.S. കടഞ്ഞീമൂല	13	38	23	61	39	36	75	33	40	73	27	33	60																		

5.5 കുടിവെള്ളവും ആരോഗ്യവും

ആരോഗ്യം

ഏതൊരുസമൂഹത്തിന്റെയും വികസനത്തിന്റെ അടിസ്ഥാനം ആരോഗ്യപൂർണ്ണമായ ജനതയാണ്. സാമൂഹ്യ ആരോഗ്യ സൂചകങ്ങൾ ഒരു ജനതയുടെ വികസനത്തിന്റെ സൂചകങ്ങൾ കൂടിയാണ്. ഈ രീതിയിൽ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് ഉന്നത നിലവാരംകൈവരിച്ചിട്ടുണ്ടെന്നത് സർവ്വത്ര അംഗീകരിക്കപ്പെട്ട വസ്തുതയാണ്.കേരള മാതൃകാ വികസനത്തിന്റെ പരക്കെ പ്രകീർത്തിക്കപ്പെട്ട ഒരു വശം കൂടിയാണിത്. താഴ്ന്ന സമ്പത്തിക നിലവാരം പുലർത്തുമ്പോഴും ആരോഗ്യ സേവനരംഗത്തെ ഈ ഉയർച്ച ഗവേഷകരിൽ പോലും കൗതുകം ജനിപ്പിച്ചിട്ടുണ്ട് . പൊതുമരണ നിരക്ക, ആയുർ ദൈർഘ്യം ഇവ വികസിത രാജ്യങ്ങളോട് അടുത്തുനിൽക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.കേരളത്തിലെ ആരോഗ്യ സേവന രംഗത്തെ ഈ വളർച്ചക്ക് നിദാനമായി പൊതുവെ ചൂണ്ടിക്കാണിക്കപ്പെടുന്ന ഘടകങ്ങൾ ഉയർന്ന + ശുദ്ധമായ കുടിവെള്ളം + ശുദ്ധമായ വായു എന്ന തലത്തിലേയ്ക്ക് ഉയർന്നാൽ മത്രമേ ശരിയായ ഒരു ആരോഗ്യ രക്ഷ സംവിധാനം രൂപപ്പെടുത്തിയെടുക്കാൻ നമ്മുക്ക് കഴിയു.

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രക്ഷാ സംവിധാനങ്ങൾ (അലോപതി)

സ്ഥാപനത്തിന്റെ പേര്	ഉടമസ്തത	കിടക്കകളുടെ എണ്ണം	ഡോക്ടർമാരുടെ എണ്ണം	സൗകര്യങ്ങൾ	ജീവനക്കാരുടെ എണ്ണം
സാമൂഹ്യ ആരോഗ്യ കേന്ദ്രം നീലേശ്വരം	സർക്കാർ (ബ്ലോക്ക് പഞ്ചായത്ത്)	42	4	ഫാർമസി ലബോറട്ടറി സ്ത്രീകളുടെ വാർഡ് പുരുഷ വാർഡ് മിനി ഓപ്പറേഷൻ തിയേറ്റർ	44
പ്രാഥമികാരോഗ്യ കേന്ദ്രം തൈക്കടപ്പുറം	സർക്കാർ (ഗ്രാമ പഞ്ചായത്ത്)	-	1	ഔട്ട് പേഷ്യന്റ് ചികിത്സ മാത്രം രോഗപ്രതിരോധ പ്രവർത്തനങ്ങൾ	8

കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ നീലേശ്വരം ഗ്രാമപഞ്ചായത്തിൽ എടുത്തുപറയത്തക്ക പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും സ്ത്രീകളുടെ രംഗത്തുള്ള ഉയർന്ന സാക്ഷരതാ നിരക്ക് സന്താന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നകാര്യത്തിൽ പ്രചോതനമായി ഭവിച്ചിട്ടുണ്ടെന്നുകാണാം. ജനനനിയന്ത്രണോപാധികളുടെ വ്യാപകമായ പ്രചരണം മൂലം പഞ്ചായത്തിലെ ജനനനിരക്ക് വളരെ കുറഞ്ഞിട്ടുണ്ട്. പ്രതിരോധചികിത്സാ രംഗത്തെ പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണനിരക്കും പൊതുമരണ നിരക്കും ഏറെകുറഞ്ഞിട്ടുണ്ട്. നീലേശ്വരം ഗ്രാമപഞ്ചായത്തിൽ സർവ്വേ പ്രകാരമുള്ള 4179 അർഹരായ ദമ്പതികളിൽ 2532 പേർ ഇതിനകം ജനനനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കപ്പിൾ പ്രൊട്ടക്ഷൻ റേറ്റ് 60.55% ആണ്. ഇത് താരതമ്മ്യേന ഉയർന്ന നിരക്കാണ്. എങ്കിൽ പോലും ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഈ നിരക്ക് ഇനിയും ഉയർത്താൻ കഴിയും. അതിനുവേണ്ടി ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് വർക്ക് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പരിസരശുചീകരണത്തിന്റെ ഭാഗമായി മാലിന്യനിർമ്മാർജ്ജനം, വിസർജ്യനിർമ്മാർജ്ജനം, ചവറുനിർമ്മാർജ്ജനം എന്നിവ പഞ്ചായത്തുതലത്തിൽ നടത്താവുന്നതാണ്. അതോടൊപ്പം തന്നെ ശുദ്ധമായ കുടിവെള്ളം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉറപ്പു വരുത്തേണ്ടതുണ്ട്.

ക്രമ നമ്പർ	പദ്ധതിയുടെ പേർ	ലക്ഷ്യം
1	ദേശീയ മലമ്പനി നിർമാർജന പരിപാടി (NMEP)	പോതുജനാരോഗ്യ പ്രശ്നമായി മാറാതെ മലമ്പനിയെ നിയന്ത്രിക്കുക.
2	ദേശീയ ക്ഷയ രോഗ നിയന്ത്രണ പരിപാടി (NTBCP)	ക്ഷയ രോഗ നിയന്ത്രണം
3	ദേശീയ കുഷ്ട രോഗ നിർമാർജ്ജന പരിപാടി (NLEP)	കുഷ്ടരോഗ നിർമാർജ്ജനവും നിയന്ത്രണവും
4	വയറിളക്ക രോഗ നിയന്ത്രണ പരിപാടി പടി	വയറിളക്ക രോഗ നിയന്ത്രണം
5	ദേശീയ അന്ധതാ നിവാരണ പരിപാടി (NPCB)	നേത്ര രോഗ നിയന്ത്രണം
6	ദേശീയ കുടുംബ ക്ഷേമ പരിപാടി	ആരോഗ്യ വിദ്യാഭ്യാസം, കുടുംബാസൂത്രണം
7	ദേശീയ അർബുദ രോഗ നിവാരണ പരിപാടി	അർബുദരോഗ നിയന്ത്രണം
8	ദേശീയ എയ്ഡ്സ് രോഗ നിവാരണ പരിപാടി (NACP)	എയ്ഡ്സ് നിയന്ത്രണം
9	ദേശീയ ശിശു അതിജീവന സുരക്ഷിത മാത്രത്വ പരിപാടി (CSSM)	സാർവത്രിക രോഗ പ്രതിരോധം

നീലേശ്വരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനു കീഴിലായി കോട്ടപ്പുറം തൈക്കടപ്പുറം, പുതുക്കൈ, വട്ടപ്പൊയിൽ , തട്ടാച്ചേരി, ചാത്തമത്ത്, നീലേശ്വരം എന്നീ സ്ഥലങ്ങളിലായി 7 കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 36545 ആണ്.ഇത്രയും ജനങ്ങൾക്കുവേണ്ടിയുള്ള ആരോഗ്യ രക്ഷാസംവിധാനങ്ങലൾ വളരെ പരിമിതമാണ്. വിവിധ സ്പെഷ്യാലിറ്റി യുണിറ്റുകൾ ലഭ്യമല്ല. അതുകൊണ്ടുതന്നെ ജനങ്ങളിൽ ഏറിയകൂറും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 3 ആശുപത്രികൾ പഞ്ചായത്തി ലുണ്ട്. കൂടാതെ 25 കിടക്കകളോടുകൂടിയ ഒരു ഹോമിയോ ആശുപത്രിയും പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. പാരമ്പര്യ ചികിത്സകരു ടെയും നാട്ടുവൈദ്യന്മാരുടെയും വലിയൊരു നിരതന്നെ പഞ്ചായത്തിനകത്തുണ്ട്. കൂടാതെ കൺസൾ ട്ടൻസി സർവ്വീസ് നടത്തുന്ന 10 ഓളം സ്വകാര്യ ഡോക്ടർ മാരും പഞ്ചായത്ത് പരിധി യിൽ പ്രവർത്തി ക്കുന്നുണ്ട്. ജനങ്ങളിലേറിയ കുറും അലോപതി ചികിത്സാ സമ്പ്രദായമാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ അടുത്തകാലത്തായി ഹോമിയോ ആയുർവ്വേദം, പ്രകൃതി ചികിത്സ എന്നിവയിൽ താൽപര്യം വർദ്ധിച്ചുവരുന്നുണ്ട്.

നിലവിലുള്ള ആരോഗ്യ രക്ഷാസം വിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ ജനകീയ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ആശുപത്രികളോടനുബന്ധിച്ച് വികസന സമിതി കളും സൗഹൃദ സമിതികളും പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഈ സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല.

കിടക്കകളുടെ എണ്ണം	ശരാശരി ഔട്ട് പേഷ്യന്റ്	1995ലെ ഇൻവെസ്റ്റ്മെന്റ്	ആകെ ജീവനക്കാർ	1995ലെ ഔട്ട് പേഷ്യന്റ്സ്
25	150	4558	14	40,156

വ്യത്തിഹീനമായ പരിസരം രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നു എന്നുള്ളത് പ്രഥമികമായ ഒരു അറിവാണ്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 3വർഷങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധി കളുടെ കണക്ക് പരിശോധിച്ചാൽ പരിസര ശുചിത്വ ത്തിന്റെ അവ്യക്തത ബോധ്യമാകും.

പകർച്ചവ്യാധികളുടെ കണക്ക്

വർഷം	ജല ജന്യം	വായു ജന്യം	പ്രാണി ജന്യം	ആകെ
1993	72	88	167	327
1994	64	94	154	312
1995	48	53	166	277

കുടിവെള്ളം

മെച്ചപ്പെട്ട ആരോഗ്യസ്ഥിതിക്ക് ഒഴിച്ചു കൂടാൻ കഴിയാത്ത ഘടകമാണല്ലോ കുടിവെള്ളം. വളരെ ഉയർന്ന തോതിൽ മഴലഭിക്കുന്ന സംസ്ഥാനമായിട്ടും കേരളത്തിൽ അടുത്തകാലത്തായി കുടിവെള്ളക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ സ്ഥല ജല മാനേജ്മെന്റിന്റെ അഭാവവും, പരിസ്ഥിതിയിൻമേലുള്ള അതിരുകൾ കടന്ന ഇടപെടലുകളും , വരൾച്ചയിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. കുടിവെള്ളം മലിനപ്പെടുന്നത് മൂലം ജലജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്ന പ്രവണതയും സമീപകാല പ്രശ്നങ്ങളാണ്. കേരളത്തിന്റെ ഈ പൊതു അവസ്ഥകളിൽനിന്നും വ്യത്യസ്തമല്ല നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥ.

കളുടെയും കുളങ്ങളുടെ സ്ഥിതി അതിശോച്യമാണ്. കൃത്യമായ സംരക്ഷണത്തിന്റെ അഭാവം മൂലം കിണറുകൾ മിക്കവയും ഉപയോഗശൂന്യമായി തീർന്നിരിക്കുകയാണ്.

പൊതു വിതരണത്തിന്റെ അവസ്ഥയാകട്ടെ പ്രാതന്നെ വീടുകളിൽ ലഭ്യമായ കിണറുകളുടെ അവസ്ഥയും പരിശോധിക്കുന്നു. പഞ്ചായത്തിലെ 6393 വീടുകളിൽ 63% തോളം വീടുകൾക്ക് മാത്രമെ സ്വന്തം കിണറുകളുള്ളു. മറ്റുള്ളവർ ജലത്തിനു വേണ്ടി അന്യരെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്.

പഞ്ചായത്തിന്റെ തീര മേഖലകളിലെ കുഴൽകിണറുകളിലും കുന്നിൻപ്രദേശത്തും ജലലഭ്യത ഒരുപോലെ രൂക്ഷമാണ്. കുഴൽകിണറുകളിലും കുന്നിൻപ്രദേശത്തെയും വാർഡുകളിൽ ലഭിക്കുന്ന വെള്ളം കലർന്ന ഉപ്പുവെള്ളമാണ്

വാട്ടർ അതോറിട്ടി						പഞ്ചായത്ത്		
ബോർവെൽ		നൂറൽ വാട്ടർ സപ്ലൈ സ്കീം	പൊതു ടാപ്പുകൾ	വാട്ടർ കണക്ഷനുകൾ		ബോർവെൽ	കിണറുകൾ	ടാങ്കുകളും കുളങ്ങളും
ഹാന്റ് പമ്പ്	മോട്ടോർ			ഗാർഹികം	വ്യാവസായികം			
11	-	5	110	112	8	3	33	18

പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ലഭ്യമായ ജലവിതരണ സംവിധാനങ്ങൾ പരിമിതമാണ്. കേടുപാടുകൾ യഥാസമയം അറ്റകുറ്റ പണികൾ നടക്കുന്നില്ല എന്നുള്ളതും വസ്തുതയാണ്. ടാപ്പുകളിൽകൂടി രണ്ടോ മൂന്നോ മണിക്കൂർ നേരത്തേക്ക് മാത്രമെ വെള്ളം ലഭിക്കുന്നുള്ളു. നിലേശ്വരം പഞ്ചായത്തിലെ ജനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണ് കുടിവെള്ളക്ഷാമം. പഞ്ചായത്തിന്റെ വകയായുള്ള പൊതുകിണറു

ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവം മൂലം ജലജന്യ രോഗങ്ങൾ പഞ്ചായത്തിൽ ഏറിവരുന്നുണ്ട്. ഗ്യാസ്ട്രോ എൻറൈറ്റിസ് അമീബിയാസ് തുടങ്ങിയ രോഗങ്ങൾ ധാരാളമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

എല്ലാവർക്കും കുടിവെള്ളം എത്തിക്കേണ്ട പ്രധാന്യം ഏടുത്തുകാട്ടുന്ന ചർച്ചകൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളുടെ സേവനം തൃപ്തികരല്ല.

2. സ്വകാര്യ ചികിത്സയെത്തന്നെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. ആരോഗ്യ രക്ഷ ചിലവേറിയതായിരിക്കണം.

3. നിലവിലുള്ള ആരോഗ്യ പ്രവർത്തകരുടെ സേവനം മുഴുവൻ ജനങ്ങളിലും എത്തുന്നില്ല.

4. പരിസര ശുചിത്വത്തിന്റെ അഭാവം മൂലം പകർച്ചവ്യാധികൾ പെരുകുന്നു.

5. രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

6. ഭക്ഷണ സാധനങ്ങളുടെ പരിശോധനയും, ഹോട്ടൽ പരിശോധനയും നടക്കുന്നില്ല.

7. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനവും ബോധവൽക്കരണവും വേണ്ടതോതിൽ നടക്കുന്നില്ല.

8. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കൂടുന്നു.

9. കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതല്ല.

10. ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല. ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡൊക്ടർമാരുടെ സേവനം ലഭ്യമല്ല.

സാധ്യതകൾ

1. നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങൾ കാര്യക്ഷമമാക്കണം.

2. ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് വർക്ക് കാര്യക്ഷമമാക്കണം ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

3. പരിസര ശുചിത്വ പരിപാടി നടപ്പാക്കണം.

4. ആരോഗ്യരംഗത്തെ വാണിജ്യ വൽക്കരണം അവസാനിപ്പിക്കണം.

5. എല്ലാ ചികിത്സാ രീതികൾക്കും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകണം.

6. വാർഡ് അടിസ്ഥാനത്തിൽ ശുചീകരണ പദ്ധതി നടപ്പാക്കുക.

7. കുടിവെള്ളം ഹോട്ടൽ ഭക്ഷണം എന്നിവയുടെ സാമ്പിളുകൾ കൃത്യമായും പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

8. പഞ്ചായത്തിൽ വാർഡുകൾ തോറും കംഫർട്ട് സ്റ്റേഷനുകൾ പണിയുക.

9. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലഭ്യമാക്കണം.

10. രോഗം പരത്തുന്ന കൊതുകുകൾ മറ്റുപ്രാണികൾ എന്നിവയുടെ നിർമ്മാർജ്ജനത്തിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനം ഉണ്ടാക്കണം.

11. നീലേശ്വരം തൈക്കടപ്പുറത്തുള്ള പ്രാഥമീക ആരോഗ്യകേന്ദ്രം 20 കിടക്കകളുള്ള ആശുപത്രിയായി മാറ്റണം.

12. നീലേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 100 കിടക്കകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തണം.

(എ) ഗതാഗതം

ഗതാഗതം ഏതൊരു വികസന സമൂഹത്തിന്റെയും അടിസ്ഥാനപരമായ ആവശ്യമാണ്. സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗതാഗതസൗകര്യങ്ങളുടെ വികസനം. നമ്മുടെ സംസ്ഥാനത്ത് 1,39,042 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ശൃംഘലയുണ്ട്. 100 ച.കി.മീറ്ററിന് 358 കി.മീ.റോഡ് എന്ന കണക്കിൽ ദേശീയശരാശരിയുടെ എഴിരട്ടിയോളം വരും ഇത്. ഇത്രയോളം വിപുലമായ ഗതാഗത സൗകര്യമുണ്ടായിട്ടും നമ്മുടെ സാമൂഹ്യ സാമ്പത്തിക മേഖലകളിലെ വികസനം മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടതാണ്. റോഡുകളുടെ വ്യാപനം ജനങ്ങളുടെ പരസ്പര സമ്പർക്കങ്ങളും സാമ്പത്തിക പ്രവർത്തനങ്ങളും വർദ്ധിപ്പിക്കാൻ സാഹായകമായിട്ടുണ്ട്. ഒപ്പം കൃഷിനിലങ്ങളുടെ വിസ്തൃതി അടിക്കടി കുറയൽ, വനനശീകരണങ്ങൾ, മണ്ണൊലിപ്പ്, പ്രകൃതിദത്തമായ ജലനിർഗമന സൗകര്യങ്ങൾക്കു തടസ്സം മു

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പ്രാദേശികതലത്തിൽ റോഡുകൾ ഉൾപ്പെടെയുള്ള വികസനത്തിന്റെ എല്ലാമേഖലകളും ഉൾപ്പെടുത്തി സമഗ്രമായ ആസൂത്രണം നടത്തിയേ തീരൂ.

നിലേശ്വരം ഗ്രാമപഞ്ചായത്തിലും വിപുലമായ ഒരു റോഡ് ഗതാഗത ശൃംഖലയുണ്ട്. എങ്കിലും റോഡിനു വേണ്ടിയുള്ള മുറവിളികൾ പഞ്ചായത്തിലെ മിക്ക വാർഡുകളിൽ നിന്നും ഇപ്പോഴും ഉയർന്നു വരിന്നുണ്ട്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതയാൽ റോഡുകളുടെ സംരക്ഷ്ണം ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. അതുപോലെ തന്നെ മോട്ടോർ വാഹനങ്ങളുടെ എണ്ണം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം അനുഭവപ്പെടുന്ന തിക്കും തിരക്കും ഗതാഗതക്കുരുക്കും വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതുപരിഹരിക്കുന്നതിനുവേണ്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരമാർഗ്ഗങ്ങൾ അടിയന്തിരമായി കണ്ടെത്തേണ്ടിയിരിക്കുന്നു. ഏറ്റവും തിരക്കുള്ള സ്ഥലങ്ങളിൽ കാൽ നടക്കാർക്കുവേണ്ടിയുള്ള നടപ്പാതകൾ നിർമ്മിക്കൽ, റോഡുകളുടെ വീതി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ തടത്തേണ്ടതുണ്ട്.

പട്ടിക 1

നിലേശ്വരം പഞ്ചായത്തിലെ പ്രധാന റോഡുകൾ (ടാർ ചെയ്തത്.)

നമ്പർ	റോഡിന്റെ പേര്	ദൂരം.കി.മീ.
1.	പള്ളിക്കര-നിലേശ്വരം പി.എച്ച്.സി.റോഡ്	4.220
2.	നിലേശ്വരം മൂലപ്പള്ളി റോഡ്	1.000
3.	കൊഴുന്തിൽ റോഡ്	0.500
4.	കോട്ടം-കണ്ണമ്പാത്തി റോഡ്	1.410
5.	തളിയിൽ റോഡ്	0.540
6.	കച്ചേരിക്കടവ് റോഡ്	0.200
7.	ജേസിസ്-ആനിക്കീൽ റോഡ്	0.600
8.	മന്ദംപുറത്ത് കാവ്-കരിഞ്ചാത്തം വയൽ റോഡ്	0.450
9.	വീവേഴ്സ് സ്ട്രീറ്റ് റോഡ്	1.000
10.	കടിഞ്ഞിമൂല-ഐസ്ഫാക്ടറി	2.600
12.	വീവേസ് കോളനി-ഓർച്ചക്കടവ്	1.340
13.	പാലിച്ചേൻറോഡ്	0.600
14.	ഓർച്ചകടവ് റോഡ്	0.960
15.	തൈക്കടപ്പുറം-അഴിത്തലറോഡ്	0.350
16.	കരുവാച്ചേരി-കോട്ടപ്പുറം റോഡ്	1.060
17.	കരുവാച്ചേരി-കുറ്റിക്കടവ് റോഡ്	3.000
18.	പള്ളിക്കര-മുണ്ടേമ്മാട് റോഡ്	0.600
19.	എൻ.എച്ച്.കരുത്തഗേറ്റ് റോഡ്	1.343
20.	കരുവാച്ചേരി-തോട്ടം റോഡ്	0.320
21.	ചാത്തമത്ത് -വായനശാല റോഡ്	0.300
22.	പാലായി-താങ്കെകടവ് റോഡ്	1.700
23.	പാലായി-ഭക്തവത്സലം റോഡ്	1.000
24.	അങ്കക്കളരി റോഡ്	0.700
25.	പേരോൽ പി.എച്ച്.സി.റോഡ്	0.500
26.	നീലേശ്വരം കൊട്ടുമ്പുറം റോഡ്	0.500
27.	പോസ്റ്റാഫീസ് -ഹൈവെ റോഡ്	0.900
28.	രാമരം-തട്ടാച്ചേരിറോഡ്	0.760
29.	ചക്ലിയകോളനി-പട്ടേനറോഡ്	0.600
30.	ആലിങ്കീൽ-പഴനെല്ലി-ഏച്ചിക്കുണ്ട് റോഡ്	0.700
31	ചിറപ്പുറം -പുതുക്കൈ റോഡ്	0.500
32.	നിലേശ്വരം-മന്ദംപുറം റോഡ്	0.540
33.	തൈക്കടപ്പുറം-പി.എച്ച്.സി റോഡ്	0.760
34.	തൈക്കടപ്പുറം -സീറോഡ്	
35.	പട്ടേന-ബ്ലോക്കാഫീസ്റോഡ്	

(അവലംബം : പഞ്ചായത്ത് റോഡ് രജിസ്റ്റർ)

26.23 ചതുരശ്രകി.മീ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 31.76 കി.മീ.റോഡ് ശൃംഖലയുണ്ട്. ഇത് സംസ്ഥാന ശരാശരിയോട് വളരെ അടുത്തുനിൽക്കുന്നതാണ്. റോഡ്, റെയിൽ, ജലഗതാഗതം എന്നീ മൂന്ന് മേഖലകൾക്കും ഒരേപോലെ പ്രാധാന്യമുള്ള പ്രദേശമാണ് നിലേശ്വരം. പഞ്ചായത്തിന്റെ പടിഞ്ഞാറ്ഭാഗം അറബിക്കടലിനെ തെട്ടുരുമ്മിക്കിടക്കുന്നുവെന്നുമാ

ത്രമല്ല കളത്തേരപ്പുഴയും, കാര്യങ്കോട് പുഴയും ഒ
യത്തിലൂടെ കടന്നുപോകുന്നതും ജലഗതാഗതത്തിന
പ്രാധാന്യം വർദ്ധിപ്പിക്കുന്നു. തേജസ്വിനി കടലിൽ ഒ
ക്കുന്ന അഴിത്തലയും പ്രകൃതിരമണീയങ്ങളായ പുഴയോ
രങ്ങളെയും ജലഗതാഗതം വഴി ബന്ധപ്പെടുത്തിയാൽ ടൂറി
സം വികസനത്തിന് ധാരാളം സാധ്യതകളുണ്ട്.

കാര്യങ്കോട് പാലം മുതൽ പടന്നക്കാട് കാർഷികകോ
ളേജ് വരെയുള്ള ഏകദേശം 5 കിലോമീറ്റർ നീളം വരുന്ന
നാഷണൽ ഹൈവേ റോഡ് പഞ്ചായത്തിലൂടെ കടന്നു
പോകുന്നു.. റോഡുകൾ ലഭ്യമല്ലാത്ത് വാർഡുകൾ
പഞ്ചാത്തിൽ ഇല്ലെന്ന് തന്നെപറയാം റോഡുഗതാഗം
സമ്പൂർണമാണെന്നോ,കുറ്റമറ്റതാണെന്നോ ഇതിനർത്ഥമി
ല്ല.മാത്രവുമല്ല റോഡുനിർമ്മാണത്തിന് പ്രാധാന്യം കൊ
ടുക്കേണ്ട അപൂർവ്വം വാർഡുകൾ ഇപ്പോഴും പഞ്ചായത്തി
ലുണ്ട്.

നീലേശ്വരം പഞ്ചായത്തിൽ കാര്യങ്കോടുമുത ൽ മൂ
ലപ്പള്ളി വരെ നീണ്ടു കിടക്കുന്ന 4 കി.മീ.റെയിൽപാ
തയുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് സാഥാപിതമായ
റെയിൽവെസ്റ്റേഷന് അര നൂറ്റാണ്ടിനുശേഷം കാതലാ
യ പുരോഗതിഒന്നുമില്ലാതെ യാത്രക്കാർ നട്ടം തിരിയുന്ന
അപൂർവ്വം റെയിൽവെസ്റ്റേഷനുകളിലൊന്നാണ് ഉയരം
കുറഞ്ഞ റെയിൽവെ പ്ലാറ്റ്ഫോറം നിരവധി ജീവനുകൾ
അപകരിച്ചിട്ടുണ്ട്. അവഗണനകൾ പേറുന്നഈറെയിൽ
വെസ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ പേലുമില്ല.
മലയോര കുടിയേറ്റ മേഖലകളായ കൊന്നക്കാട്, ചിറ്റാരി
ക്കാൽ ബളാൽ, വെള്ളരിക്കുണ്ട് തുടങ്ങിയ പ്രദേശങ്ങളി
ലെ ജനങ്ങൾ ആശ്രയിക്കുന്നറെയിൽ വെസ്റ്റേഷൻ പരാ
ധീനതകൾക്കിടയിലും വരുമാനത്തിന്റെ കാര്യത്തിൽ
മുൻപന്തിയിലാണ്. യാത്രാചരക്കു ഗതാഗതങ്ങൾക്ക് കൂ
ടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ അതി
ന്റെ ഗുണം സമീപപ്രദേശങ്ങളായ മടിക്കൈ, കിനാനൂർ
കരിന്തളം , വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ബളാൽ
എന്നീ പഞ്ചായത്തുകളിലെ ജനൾക്കുകൂടി ലഭിക്കും.

നീലേശ്വരം മെയിൻ ബസാറിലൂടെ കടന്നുപോകുന്ന
ഹൈവെ നീലേശ്വരം ബസ്റ്റാന്റുമായി ബന്ധിപ്പിക്കുന്നു
ത് പഞ്ചായത്താഫീസിന് മുന്നിലൂടെകടന്നുപോകുന്ന ഒരു
കി.മീറ്റർ നീളം വരുന്ന ലിങ്ക് റോഡ് മുഖേനയാണ്. മല
യോര മേഖലയെ എൻ.എച്ച്.മായി ബന്ധിപ്പിക്കുന്നതും
ഇതേ റോഡുതന്നെയാണ്. സദാ ഗതാഗതത്തിരക്കുള്ള
ഈ റോഡിന് വീതി വളരെ കുറവാണെന്നുമാത്രമല്ല
അപകടകരമായ വളവും ഉണ്ട്. മാത്രവുമല്ല ഇടയിലുള്ള
റെയിൽഗെയിറ്റ് മലയോരമേഖലയിലേക്കുള്ള ഗതാ
ഗതക്കുരുക്ക് വർദ്ധിപ്പിക്കുന്നു.

മുമ്പു പറഞ്ഞ റോഡുകൾക്കുപറമെ പഞ്ചായത്തിലെ
ടാറിടാത്ത റോഡുകളുടെ എണ്ണവും കൂടുതലാണ്. ടാറി
ടാത്ത മെറ്റൽ റോഡുകൾ ഭൂരിഭാഗവും മഴക്കാലമായാൽ
ഗതാഗത യോഗ്യമല്ലാതായിത്തീരുന്നു. യഥാസമയം
അറ്റകുറ്റ പണികൾ നടക്കാത്തതിനാൽ മഴക്കാലം കഴി
ഞ്ഞാലും റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാ
കുന്നില്ല. പഞ്ചായത്തിൽ വുപുലമായ ഗതാഗതസൗകര്യ
മുണ്ടെങ്കിലും പേരോൽ വില്ലേജിലെ ഗതാഗതസൗകര്യ
ങ്ങൾ കുറവാണ്. പേരോൽ വില്ലേജിന്റെ കിഴക്കൻ
അതിർത്തി പ്രദേശങ്ങളായ പഴനെല്ലി, സുവർണ്ണനെല്ലി,
അങ്കക്കളരി, കിഴക്കേക്കര, കടിഞ്ഞക്കുഴി, ചാത്തമത്ത് പ്ര
ദേശങ്ങളിൽ ഗതാഗതസൗകര്യം വളരെ പരിമിതമാണ്.
ഈ പ്രദേശത്തെ ജനങ്ങൾക്ക് പഞ്ചായത്ത് കേന്ദ്രത്തി
ലെത്താനുള്ള ഗതാഗതസൗകര്യം പരിമിതമാണ്. അതു
പോലെതന്നെ തീരപ്രദേശത്തും ഗതാഗതസൗകര്യങ്ങൾ
പരിമിതമാണ്.

പ്രശ്നങ്ങൾ

1. റോഡുകളുടെ വീതികുറവ്, വളവുകൾ, ഡ്രെയി
നേജിന്റെ അപര്യാപ്തത

2. വയലുകളിലുള്ള റോഡുനിർമ്മാണം നീർകെട്ടിനും
മണ്ണൊലിപ്പിനും കാരണമാകുന്നു.

3. റോഡുകളുടെ ഗുണനിലവാരത്തകർച്ച

4. ഓവർബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ് എന്നിവയുടെ
അഭാവം.

5. ജലഗതാഗതസൗകര്യങ്ങൾ പൂർണ്ണമായും ഉപയോ
ഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1. തിരക്കേറിയ റോഡുകളുടെ വീതികൂട്ടണം

2. അപകടകരമായ വളവുകൾ ഒഴിവാക്കണം.

3. ഡ്രെയിനേജുകളും കൾവർട്ടുകളും നിർമ്മിക്കണം.

4. ആവശ്യമായ സഥലങ്ങവിലേക്ക് പുതിയ റോഡു
കൾ നിർമ്മിക്കണം.

5. റോഡ് കൈയ്യേറ്റം തടയുക.

6. റോഡരികിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ
ചട്ടങ്ങൾ നിർബന്ധമായും പാലിക്കുന്നുവെന്ന് ഉറപ്പു
വരുത്തുക.

7. തിരക്കേറിയ റോഡിൽ ഫൂട്ട്പാത്ത് കച്ചവടം നിരോ
ധിക്കുക.

8.ഇലക്ട്രിക്ക്, ടെലിഫോൺ ലൈനുകൾ അണ്ടർ
ഗ്രൗണ്ട് സിസ്റ്റത്തിലാക്കുക.

8. റോഡുനിർമ്മാണത്തിന് പ്രാദേശിക വിഭവങ്ങൾ
സമാഹരിക്കുകയും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും
ചെയ്യുക.

പട്ടിക 2

നീലേശ്വരം പഞ്ചായത്തിലെ കടത്ത് സംബന്ധിച്ച വി
വരങ്ങൾ

കടത്തിന്റെ പേര്	വരുമാനം	മറ്റുവിവരങ്ങൾ
ഓർക്കുളം കടവ്	2,110	--
കോട്ടപ്പുറം കടവ്	1,155	--
കുറ്റിക്കടവ്	--	--
പാലായി താങ്കെക്കടവ്	--	--

കച്ചേരിക്കടവ്	--	--
ഓർച്ചക്കടവ്	150	--
മുണ്ടേമാട് കടവ്	--	മുണ്ടേമാട് നടപ്പാലം പൂർത്തിയായി വരുന്നു

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ (ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ)

വാർഡ് 1

1. നീലേശ്വരം കെ.സി.കെ.രാജയുടെ ക്ലിനിക്കിന് സമീപംമുതൽ കരിഞ്ചാത്താം വയൽ - മൂലപ്പള്ളിറോഡ്

2.ഹൌസിംഗ് കോളനിക്ക് സമാന്തരമായി നാഗച്ചേരി വരെ റോഡ്

3. കോട്ടത്തമ്പലം -കക്കോട്ടി വളപ്പിൽ റോഡ് വഴി കിഴക്കൻ കൊഴുവൽ വരെ

4. ജേസീസ് സ്കൂൾ -തളിയിൽ അമ്പലം-പടിഞ്ഞാറ്റം കൊഴുവൽ പൊതുജനവായനശാലവരെ

5. മൂലപ്പള്ളിസ്കൂൾ പടിഞ്ഞാറ് ഭണ്ഡാരപ്പുര വരെ ലിങ്ക് റോഡ്

6. ചിന്മയ കോളജ് പടിഞ്ഞാറ് ഭാഗംമുതൽ ഭണ്ഡാരപ്പുര റോഡ്

വാർഡ് 2

1. നാരാം കുളങ്ങര -മൂലപ്പള്ളിറോഡ്

2. കൊഴുതിൽ ഓവുപാലം-ചന്തേരവീട് റോഡ്

3. കെ.കെ.സി.ഡി.-മന്ദംപുറത്ത് കാവ്-ബസ്റ്റാൻറ്

4. കുഞ്ഞാലിൻ കീൽ -നാരാകുളങ്ങര -നമ്പ്യാർകാൽ റോഡ്

വാർഡ് 3

1.കണിച്ചിറ കാവ്-നിടുങ്കണ്ടറോഡ്

2. നാഷണൽഹൈവെ പുഴറോഡ്

3. മുപ്പതിൽ കണ്ടം റോഡ്

4. കൊട്ടറച്ചാൽ വിവേർസ് കേളനിറോഡ്

വാർഡ്4

1.തൈക്കടപ്പുറം -തീരദേശറോഡ്

2. പാലിച്ചേൻ-പള്ളിവളപ്പ് റോഡ്

വാർഡ് 5

1.കോട്ടപ്പുറം -കൈയാമ്പ്രം റോഡ്

2. കുറ്റിക്കടവ്- മന്ദംപുറം റോഡ്

വാർഡ് 6

1.തോട്ടുൻമ്പുറം-റെയിൽവെസ്റ്റേഷൻ റോഡ്

2. കരുവാച്ചേരി-കീരിച്ചേരിത്തോട് റോഡ്

3. മുണ്ടേന്മാട്ടിൽ പുതിയ റോഡ്

4. അഴിവാളക്കാലിൽ നിന്ന് കനത്താട് പള്ളിക്കര

5. കറുത്ത റോഡ്- കണിയാൽവയലിൽ അമ്പലം റോഡ്

6. എൻ.എച്ച്.കറുത്തറോഡ്- എൻ.എച്ച്. പള്ളിക്കര സ്കൂൾ റോഡും ബന്ധിപ്പിക്കുന്ന റോഡ്.

വാർഡ് 7

1. ചെമ്മ്ക്കര -ഇട്ടപ്പുറം റോഡ്

2. കാര്യങ്കോട്-പൊടോത്തുരുത്തി അമ്പലംറോഡ്

3. ചെമ്മാക്കര ബണ്ട് - ചെമ്മാക്കര റോയിൽ പാറ റോഡ്

4. ചേനം കുന്ന് മുതൽ - ചാത്തമത്ത്വരെ

5. നീരൂക്കിൽ -ചിറ്റക്കാൽ നടപ്പാത

വാർഡ് 8

1.തെക്കൻ ബങ്കളം-പാണ്ട്യംചാൽ റോഡ്

2. എയ്യംമട-ബങ്കളം റോഡ്

3. കൈതമുക്ക് മണിയററോഡ്

4. പാലാത്തടം തട്ട് ഇടിച്ചുടി റോഡ്

5. ഭക്തസ്വലം- വള്ളിക്കുന്ന് അമ്പലം റോഡ്

6. തെക്കൻ ബങ്കളം കോട്ടേക്കാൽ റോഡ്

7. പാലായി-കുരുവിത്തല റോഡ്

8. പാലാത്തടം -പാലായി സ്റ്റോർ റോഡ്

വാർഡ് 9

1.പത്തിലെ കണ്ടം -പേരോൽ റോഡ്

2. പേരോൽ -തിരിക്കുന്ന്-പള്ളിക്കര റോഡ്

3. തിരിക്കുന്ന് ദിനേശ് ബീഡി കെട്ടിടത്തിന് തൈക്കുവശംകൂടി റോഡ്

4. കോരോത്ത് -കിള റോഡ്(രണ്ടാംഘട്ടം)

5. മയിലാട്ട ക്കിള പേരോൽ റോഡ്

വാർഡ് 10

1.ചീർമ്മക്കാവ്- ചാളക്കടവ് ലിങ്ക് റോഡ്

2. ചീർമ്മക്കാവ് -കുഞ്ഞാലിൻകീഴ് റോഡ്

3. ചിറപ്പുറം ബാലവാടി സ്റ്റേഡിയം റോഡ്

4. ചാളക്കടവ് റോഡ്- കുറത്തിക്കുന്ന് റോഡ്

5. ബങ്കളം റോഡ്-പഴനെല്ലി തട്ട് റോഡ്

6. പുതിയപറമ്പത്ത് കാവിന്റെ വടക്കുവശത്തുള്ള ഇടവഴിറോഡ്

വാർഡ് 11

1. ഓണക്കിളി വയൽ റോഡ്

2. തേർ വയൽ റോഡ്

വാർഡ് 12

1. ബ്ലോക്കാഫീസ്-സുവർണ്ണവല്ലിഅമ്പലം റോഡ്

2. പൂവാലംകൈ-കിഴക്കെക്കരറോഡ്

3. ലക്ഷം വീട്- പാണ്ടിക്കോട് റോഡ്

വാർഡ് 13

1. പുറത്തെകൈ നടുഭാഗം -തൈക്കടപ്പുറം റോഡ്

2. കടിഞ്ഞിമൂലഅമ്പലം റോഡ്-പള്ളിവഴി-അച്ചാതു തിക്കടവ് റോഡ്

3. പാലിച്ചോൻ ക്ഷേത്രം -കരുവച്ചേരി റോഡ്.

നിലവിലുള്ള റോഡുകൾ മെറ്റൽ ചെയ്തു ടാർ ചെയ്യുന്നത് (ഗ്രാമ സഭാ നിർദേശങ്ങൾ)

വാർഡ് 1.

വാർഡിൽ ടാറിടാത്ത ഒന്നരകിലോമീറ്റർ റോഡ് ടാറിടണം.

വാർഡ് 2

മന്ദം പുറത്ത് കാവ് -കരിഞ്ചാതകം വയൽ റോഡ്. നമ്പ്യാർക്കാർ നാരാണക്കെട്ട് മൂപ്പള്ളിറോഡ്

വാർഡ്3

വാർഡിൽ നിലവിലുള്ള ടാറിടാത്തറോഡുകൾ ടാറിടുക.

വാർഡ് 4

തൈക്കടപ്പുറം സീ റോഡ് ടാറിടുക.

വാർഡ് 5

നീലേശ്വരം മാർക്കറ്റ് -ആനച്ചാൽറോഡ് (രണ്ടാം ഘട്ടം.)

വാർഡ് 6

കരുവാച്ചേരി പള്ളിക്ക് മുന്നിലൂടെ പോകുന്ന റോഡ്

കരുവാച്ചേരി കുറ്റിക്കടവ് റോഡ്.

വാർഡ് 7

നിലവിലുള്ള റോഡുകളിൽ ടാറിടാത്ത 4.5 കിമി ദൂരം ടാറിടണം.

വാർഡ് 8

പഴനെല്ലി -വെതിരമനറോഡ്.

പഴനെല്ലി-തെക്കൻ ബങ്കളം റോഡ്.

ചേനൻകുന്നുമ്മൽ റോഡ്.

അങ്കക്കളരി റോഡ് (രണ്ടാംഘട്ടം)

ഗണപതി അമ്പലം റോഡ്. വാഴപ്പന്തൽ -നിലായി റോഡ്.

വാർഡ് 10

ചിറപ്പുറം ബാലവാടി സ്റ്റേഡിയം റോഡ്

വാർഡ് 11

എൻ.എച്ച് ശ്മശാനം റോഡ്

രാമരം- കൈവലിക്കാൽ റോഡ്

വാർഡ് 12

പൂവാലം കൈ ചേടിക്കമ്പനി റോഡ്

പട്ടേന ലക്ഷം വീട് കോളനിറോഡ്

മൂന്നും കുറ്റിചൈനക്ലേറോഡ്

ചക്കിയക്കോളനി -പട്ടേന റോഡ് (രണ്ടാം ഘട്ടം)

ചക്കിയ കോളനി -ചാത്തമത്ത് ലിങ്ക് റോഡ്.

വാർഡ് 13

പാലിച്ചോൻ-പള്ളിത്തോട് റോഡ്

സ്കൂൾ റോഡ് -തിയ്യശ്മശാനം റോഡ്.

പുറത്തേകൈ ഹരിജൻ കോളനിറോഡ് കമലാ നെഹറു വായനശാലവരെ ടാർ ചെയ്യുക.

ഊർജ്ജം

രൂക്ഷമായ വൈദ്യുതി പ്രസിസന്ധി നേരിടുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഒരു ദശകത്തോളമായി പവർകട്ടും ലോഡ്ഷെഡ്ഡിംഗും നമ്മുടെ ജീവിതത്തിലെ നിത്യസംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. രൂക്ഷമായ വോൾട്ടേജ് ക്ഷാമം നാം അനുഭവിക്കുന്നു. നമ്മുടെ പ്രധാന ഊർജ്ജ സ്രോതസ്സായ വൈദ്യുതിയുടെ ദൗർലഭ്യം കാർഷിക വ്യാവസായിക മേഖകളിൽ ഒരു മുരടിപ്പുണ്ടാക്കി എന്ന അവസ്ഥ എല്ലാവരും സമ്മതിക്കുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങൾ പാചകാവശ്യത്തിന് വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് ഉപയോഗിച്ചുവരുന്നത്. 70% ത്തോളം വീടുകളിൽ ആളുകൾ പാചകത്തിന് വിറക് തന്നെയാണ് ഉപയോഗിക്കുന്നത്. 10% ആളുകൾ ഗ്യാസ്, മണ്ണെണ്ണ എന്നിവയും 20% ആളുകൾ മണ്ണെണ്ണ, വിറക്, മരപ്പൊടി എന്നിവ മൂന്നും കൂടിയും ഉപയോഗിക്കുന്നു. ഇവിടെ വിറകിന് തീവിലയാണ്. അടുത്തകാലത്തായി മണ്ണെണ്ണ യഥേഷ്ടം ലഭിക്കുന്നില്ലെന്നതും വലിയൊരു പ്രശ്നമാണ്.

ഗാർഹിക ഇന്ധനത്തിന്റെ സ്ഥിതി ഇതാണെങ്കിൽ കാർഷിക വ്യാവസായിക രംഗത്തെയും സ്ഥിതി വ്യത്യസ്തമല്ല. വൈദ്യുതി ക്ഷാമം മൂലം പല വ്യവസായ യൂണിറ്റുകളും തകർച്ചയെ നേരിടുകയാണ്. കൃഷിക്കാരാകട്ടെ വൈദ്യുതി ക്ഷാമം മൂലം ജലസേചനം നടത്താൻ പറ്റാത്ത അവസ്ഥയിലുമാണ്. മണ്ണെണ്ണയുടെ ദൗർലഭ്യം മൂലം മോട്ടോറുകൾ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വലിയൊരു വിഭാഗം വേറെയുമുണ്ട്.

ഈ ഊർജ്ജ പ്രതിസന്ധിയെ നേരിടാൻ ക്രിയാത്മക പദ്ധതികൾ ഉണ്ടായില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും. കർണ്ണാടത്തിലെ പുരി, ആന്ധ്രാപ്രദേശിലെ സിർഗുളി, കേരളത്തിലെ കരിമ്പ പഞ്ചായത്തിലെ മിൻവല്ലം എന്നീ സ്ഥലങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.

നമ്മുടെ പഞ്ചായത്തിലെ ബയോ ഗ്യാസ് പ്ലാന്റുകളുടെ പ്രചാരണത്തിന് ഏറെ സാധ്യതകൾ ഉണ്ട്. മാലിന്യങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റിന് സാധ്യതയുണ്ട്.

ഗ്രാമ സഭാ ചർച്ചകളിൽ ഏറെയും പൊന്തിവന്നത് വോൾട്ടേജ് ക്ഷാമവും ട്രാൻസ്ഫോർമർ സ്ഥാപനം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടകാര്യങ്ങളാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും തെരുവു വിളക്കുകൾ ഇല്ല.

3. വോൾട്ടേജ് ക്ഷാമം മൂലം കർഷകർക്കും വ്യവസായസംരംഭകർക്കും പ്രയാസം അനുഭവപ്പെടുന്നുണ്ട്.

4. പാചകാവശ്യത്തിനുള്ള വിറക് മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ക്ഷാമം അനുഭവപ്പെടുന്നു.

5. വൈദ്യുതി പ്രേഷണ വിതരണ നഷ്ടം തടയുന്നില്ല.

6. വൈദ്യുതി കണക്ഷനുവേണ്ടി ദീർഘകാലം കാത്തുനിൽക്കേണ്ടിവരുന്നു.

7. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ എല്ലാകുടുംബങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല.

8. അനർട്ടിന്റെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കിടയിലും എത്തിയിട്ടില്ല.

9. തെരുവുവിളക്കുകൾ കൃത്യമായി അണക്കുന്നില്ല.

10 അമിതമായി സ്റ്റെപ് അപ് ട്രാൻസ്ഫോർമറുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നു.

11. പ്രാദേശിക ഊർജ്ജ ഉല്പാദന സാധ്യതകൾ കണക്കിലെടുക്കുന്നില്ല.

സാധ്യതകൾ

1. വീടുതോറും പുകയില്ലാത്ത അടുപ്പുസ്ഥാപിക്കലും, പുറംപോക്കും മറ്റും സംരക്ഷവൽക്കരണം നടത്തലും.

2. ആവശ്യമായ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

3. ജില്ലയിൽ ആരംഭിക്കാനുള്ള വൈദ്യുത പദ്ധതികൾ ആരംഭിക്കുക.

4. പഞ്ചായത്ത തല്ത്തിൽ ഇന്ധനത്തിനായുള്ള വിറകിന്റെയും മണ്ണെണ്ണയുടെയും ഡിപ്പോ ആരംഭിക്കുക.

5. അനർട്ടിന്റെ പ്രവർത്തനം വിപുലമാക്കുക.

6. ബയോഗ്യാസ് പ്ലാന്റുകൾ ധാരാളമായി സ്ഥാപിക്കുന്നതിന് പ്രത്സാഹനവും ധനസഹായവും നൽകുക.

7. മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുക.

8. ചിരട്ട, ചകിരിച്ചോറ്, എന്നിവ ഉപയോഗിച്ച് ഗ്യാസിഫയർ വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുക

9. I.R.D.P പദ്ധതി പഞ്ചായത്തുകളെക്കൂടി പങ്കാളികൾ ആക്കി നടപ്പാക്കണം.

10. പഞ്ചായത്ത് തല വൈദ്യുതി വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കണം

11. ഊർജ്ജ ഉൽപ്പാദനത്തേയും, ഉപഭോഗത്തേയും കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തണം.

12. നിലവിൽ രണ്ടു വർഡിലും 9 ാം വാർഡിലും 12 ാം വാർഡുകളിലും കൂടി നിലവിലുള്ള പ്ലാന്റുകൾ വിപുലീകരിക്കാനുള്ള സാധ്യതകൾ ആരായുക.



മാർക്കറ്റ്

നിലേശ്വരം ടൗണിൽ ഇന്നു കാണുന്ന രീതിയിലുള്ള കച്ചവട സ്ഥാപനങ്ങൾ വികസിച്ചു വരുന്നതിന് എത്രയോ മുമ്പ് തന്നെ ആഴ്ച്ചച്ചന്ത നിലവിലുണ്ടായിരുന്നു. പഞ്ചായത്താഫീസിനു സമീപം ശ്രീ. ആര്യക്കര ഭഗവതി ക്ഷേത്രത്തിന് മുന്നിൽ ആഴ്ച തോറും വ്യാഴാഴ്ച നടന്നു വരുന്ന ചന്ത ഒരു കാലത്ത് നിലേശ്വരത്തെയും പരിസര പ്രദേശത്തെയും വ്യാപാര വാണിജ്യ മേഖലയുടെ സിരാകേന്ദ്രമായിരുന്നു.

ഇന്നു കാണുന്ന രീതിയിൽ ഗതാഗത സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് ചിറ്റാരിക്കാലിൽ നിന്നും കൊന്നക്കാടുനിന്നും കരിന്തളത്തുനിന്നും ഒക്കെ ചെറുകിട കച്ചവടക്കാരും പൊതുജനങ്ങളും വന്ന് ആഴ്ച തോറും ചന്തയിൽ നിന്നും സാധനങ്ങൾ വാങ്ങി പോകുമായിരുന്നു.

കച്ചവട സ്ഥാപനങ്ങളുടെ കാര്യത്തിൽ ക്രമാതീതമായ വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും ഇന്നും കാർഷിക വ്യാവസായിക ഉൽപന്നങ്ങൾ ഗ്യാസ്ട്രിയമായി വിപണനം ചെയ്യാനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ലെന്നത് വാസ്തവമാണ്. കൂടാതെ ആധുനിക രീതിയിലുള്ള മത്സ്യ മാംസ മാർക്കറ്റുകളും പഞ്ചായത്തിൽ നിലവിലില്ല. വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങൾ കച്ചവട സ്ഥാപനങ്ങൾ വഴി വിപണി കൈയ്യടക്കി യഥേഷ്ടം വിഹരിക്കുമ്പോൾ പ്രാദേശിക ഉൽപ്പന്നങ്ങളും വിഭവങ്ങളും പിൻതള്ളപ്പെട്ടുപോകുന്നു.

നിലേശ്വരം ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതിയോടനുബന്ധിച്ച ഒരു ഷോപ്പിങ് കോംപ്ലക്സ് പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ സ്ഥല പരിമിതിമൂലം വ്യാപാര സൗകര്യങ്ങൾ കുറവാണ്. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ വളർത്തി കൊണ്ടു വരേണ്ടതുണ്ട്. ഗ്രാമ സഭകളിലൂടെ ഈ വിഷയത്തിന്മേൽ ഉയർന്നു വന്ന സംഗ്രഹം താഴെ ചേർക്കുന്നു

1. കാർഷികോൽപ്പന്നങ്ങൾക്ക് സംഭരണ കേന്ദ്രങ്ങളില്ലാത്തതിനാൽ ന്യായവില ലഭിക്കുന്നില്ല. ഇടത്തട്ടുക്കാരുടെ ചൂഷണം കൂടുതലാണ്.

2. പ്രാദേശിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്.

3. ആധുനിക രീതിയിലുള്ള മത്സ്യ മാംസ മാർക്കറ്റുകൾ നിലവിലില്ല. റോഡരികിൽ മത്സ്യകച്ചവടം നടക്കുന്നതിനാൽ ഗതാഗത തടസ്സം നേരിടുകയും, പൊതുജനാരോഗ്യ പ്രശ്നമുണ്ടാവുകയും ചെയ്യുന്നു.

4. നിലവിലുള്ള ആഴ്ച ചന്തയിൽ പീടിക മുറികൾ ഇല്ലാത്തതിനാൽ എല്ലാ കാലാവസ്ഥയിലും കച്ചവടം ചെയ്യാനുള്ള സൗകര്യമില്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങളില്ല.

5. കൊപ്ര, കശുവണ്ടി എന്നിവ സംഭരിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള സൗകര്യമില്ലാത്തതിനാൽ കർഷകർക്ക് ന്യായ വില ലഭിക്കുന്നില്ല.

സാധ്യതകൾ

1. വാർഡുകൾ തോറും പൊതു മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.

2. നിലവിലുള്ള പഴയ മത്സ്യ മാർക്കറ്റ് ആധുനിക രീതിയിൽ പുതുക്കിപ്പണിത് മത്സ്യ-മാംസ മാർക്കറ്റിന് സൗകര്യമുണ്ടാക്കുക.

3. പഞ്ചായത്തടിസ്ഥാനത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

4. നിലവിലുള്ള ആഴ്ച ചന്തയിൽ പീടിക മുറികൾ നിർമ്മിക്കുകയും പബ്ലിക് കാഫർട്ട് സ്റ്റേഷൻ പണിയുകയും ചെയ്യുക.

5. പൊതുസ്ഥലങ്ങളിലെ മത്സ്യ വിൽപന നിരോധിക്കുകയും മത്സ്യ വ്യാപാരത്തിന് ആവശ്യമായ സൗകര്യങ്ങളുണ്ടാക്കുക.

6. പഞ്ചായത്ത് കല്യാണ മണ്ഡപത്തിന് പിന്നിലുള്ള സ്ഥലത്ത് പഴം പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കുകയും വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുകയും ചെയ്യുക.

7. കോട്ടപ്പുറത്ത് ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുക.

8. നാഷണൽ ഹൈവേക്കരികിൽ സ്ഥിരം മത്സ്യ മാർക്കറ്റും സ്ഥാപിക്കുക.

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും.

പാർപ്പിടം

പഴയ രാജഭരണത്തിന്റെ പ്രതാപത്തിന്റെ പ്രതീകങ്ങളായി കുറ്റൻ നാലു കെട്ടുകളും, കോവിലകങ്ങളും, തലയുയർത്തി നിൽക്കുന്ന നീലേശ്വരത്ത് പാർപ്പിടപ്രശ്നം, അതിരൂക്ഷമല്ല. പൊതുവെ ആവാസയോഗ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും ആണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. നിരപ്പായ പ്രദേശങ്ങളാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. ജനസാന്ദ്രമായ ഈ പ്രദേശങ്ങളിൽ തന്നെയാണ് പഞ്ചായത്തിലെ ഭൂരിഭാഗം ഭവനങ്ങളും സ്ഥിതി ചെയ്യുന്നത്. വീടു നിർമ്മാണത്തിന്റെ തോത് വർഷം തോറും വർദ്ധിച്ചുവരുന്നതായി കാണാം. ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ്.കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് ആധുനിക്കുടുംബ വ്യവസ്ഥിതിയിലേയ്ക്കുള്ള മാറ്റം വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

തൊഴിലാളികൾ വൻതോതിൽ കെട്ടിടനിർമ്മാണരംഗത്തേക്ക് മാറി വരുന്നതായി കാണാം.

പുതുതായി നിർമ്മിച്ചു വരുന്ന 90% വീടുകളിൽ ഏറെയും കോൺക്രീറ്റുവീടുകളാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധന വീടുനിർമ്മാണത്തെക്കുറിച്ച് സാധാരണക്കാരന്റെ സ്വപ്നങ്ങളെ ഹനിക്കുന്നതാണ്.

ഭവനനിർമ്മാണരംഗം നേരിടുന്ന പ്രധാന പ്രതിസന്ധി വായ്പാലഭ്യതയുടെ കുറവാണ്. ഭവനവായ്പാ രംഗത്ത് നീലേശ്വരം ബ്ലോക്ക് ഭവന നിർമ്മാണസഹകരണസംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യക്കാർക്ക് മുഴുവൻ വായ്പാ നൽകാൻ ഈ സംഘത്തിന് സാധിക്കുന്നില്ല. അതുകൊണ്ട് പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ആവശ്യമാണ്

ആകെ വീടുകൾ	മറ്റു കെട്ടിടങ്ങൾ	കോൺക്രീറ്റ	ഓട്	ഓല മേഞ്ഞത്	ആകെ	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്

പഞ്ചായത്തിൽ മൊത്തം 6393 വീടുകളുണ്ട്. ഇതിൽ 55% ഓടു മേഞ്ഞതും, 39% കോൺക്രീറ്റും, 5% ഓല മേഞ്ഞതും ആണ്. കോൺക്രീറ്റു ഓട് വീടുകെട്ടിടങ്ങളിൽ 80 % ൽ ധികം തറയും സിമന്റ് പൂശിയതാണ്.

പഞ്ചായത്തിലെ 13 വാർഡുകളിൽ ആയി വ്യാപിച്ചു കിടക്കുന്ന വീടുകളിൽ വൈവിദ്ധ്യം കൊണ്ട് ഏറെക്കുറെ തുല്യത പുലർത്തുന്നുണ്ടെങ്കിലും 5,1 ,2,11 വാർഡുകളിൽ കോൺക്രീറ്റുകെട്ടിടങ്ങൾ കൂടുതലാണ്.

കാർഷിക വ്യാവസായിക രംഗത്തെ മുരടിപ്പ് ആ മേഖലയിലെ തൊഴിൽ പങ്കാളിത്തത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന വസ്തുത നിലനിൽക്കെ തന്നെ ഈ മേഖലകളിലെ

പൊതു പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണരംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെ അഭാവം

2. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ യഥേഷ്ടം ലഭിക്കാത്ത അവസ്ഥ.

3. കെട്ടിടനിർമ്മാണസാമഗ്രികളുടെ അമിതമായ വിലക്കയറ്റം.

4. പ്രാദേശിക വിഭവങ്ങൾ പൂർണ്ണമായി ഉപയോഗിക്കപ്പെടുന്നില്ല.

5. പുഴകളിലെ പുഴിവാരൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു,

8. വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

9. വീടുകളുടെ ശോച്യാവസ്ഥ

10. കൃഷിയിടങ്ങൾ നികത്തി പുരയിടങ്ങൾ ആക്കുന്നു

11. പ്രകൃതിക്ഷോഭ സഹായം ലഭിക്കുന്നതിലുള്ള കാലതാമസം

1.2 വീടുനിർമ്മാണത്തിന്റെ സാങ്കേതിക അറിവില്ലായ്മ

ആരംഭിക്കുക.

3. ഭവനനിർമ്മാണ വായ്പാ തുക ഉയർത്തു

4. കോളനികളിലെ അടിസ്ഥാന പ്രശ്നങ്ങ പരിഹരിക്കുക.

5. വീടുനിർമ്മാണരംഗത്തെ ആധാരമ ഒഴിവാക്കുക

6. പഞ്ചായത്തിൽ കൂടുതൽ ഹൗസിം കോളനികൾ സ്ഥാപിക്കുക.

7. പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രങ്ങൾ ആരംഭിക്കുക

സാധ്യതകൾ

സംസ്കാരം

കാസർഗോഡ് ജില്ലയിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാ കേന്ദ്രമാണ് നീലേശ്വരം. ഉജ്ജ്വലമായ സാംസ്കാരിക പൈതൃകത്താൽ അനുഗൃഹീതമായ ഈചെറുപട്ടണം വൈവിധ്യമാർന്ന സാംസ്കാരികത്തനിമകളുടെ സംഗമബിന്ദുകൂടിയാണ്.വിവിധ ജാതി മതസ്ഥരായ ആളുകൾ ഇട തിങ്ങിപാർക്കുന്ന നീലേശ്വരം ഗ്രാമപഞ്ചായത്തിൽ ക്ഷേത്രങ്ങളുടെയും,പള്ളികളുടെയും നാടാണ് [illegible] ജാതിക്കാരായ ആളുകളുടെ ക്ഷേത്രങ്ങൾ ഇവിടെയുള്ള ഒരുപ്രത്യേകത മറ്റെങ്ങുമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തെയ്യം,പൂരക്കളിതുടങ്ങിയ അനുഷ്ഠാന കലകളുടെയും,സംഗീതം,ചിത്രമെഴുത്ത്,നാടകം എന്നിവയുടെയും കേളീരംഗമാണ് നീലേശ്വരം

നീലേശ്വരം രാജവംശത്തിന്റെ ആവിർഭാവത്തോട് കൂടിതന്നെ തനിമയാർന്ന ഒരുസംസ്കാരം ഈപ്രദേശത്ത് രൂപപ്പെട്ടുവന്നു.രാജഭരണത്തിന്നുകീഴിൽ ഓരോജാതിയിൽപ്പെട്ട ആളുകൾക്കുംപ്രത്യേകം പ്രത്യേകം കോളനികൾ രൂപപ്പെട്ടുവന്നിരുന്നു. ഈ ഈനാട്ടുവാസരീതിയിൽ ഏറെമാറ്റം വന്നിട്ടുണ്ടെങ്കിലും ഇന്ന് നീലേശ്വരത്ത് ഓരോജാതിയിൽപ്പെട്ട ആളുകളും പ്രത്യേകം പ്രത്യേകം കോളനികളായി താമസിച്ചുവരുന്നുണ്ട്.

വിദ്യാഭ്യാസരംഗത്തും,സാംസ്കാരികരംഗത്തും വലിയൊരു കുതിച്ചു ചാട്ടത്തിന് സഹായകമായി ക്കൊണ്ട് 1918-ൽ തന്നെ നീലേശ്വരം രാജാവ് സ്ഥാപിച്ച രാജാസ് ഹൈസ്കൂൾ നീലേശ്വരത്തെ കലാസാംസകാരിക രംഗത്തിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവാണ്. ശ്രീ.മന്ദം പുറത്ത് ഭഗവതീക്ഷേത്രവും,തളിയിൽ ശ്രീ.നീലകണ്ഠേശ്വരക്ഷേത്രവും തലയുയർത്തി നില്ക്കുന്ന നീലേശ്വരം ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും നാടായി മാറിയതിൽ അത്ഭുതംപ്പെടാനില്ല.ഐതിഹ്യങ്ങളും,കഥകളും കൊണ്ടു സമ്പന്നമായ നീലേശ്വരത്തിന്റെ സാംസക്കാരിക ചരിത്രം വേണ്ട രീതിയിൽ പഠിക്കപ്പെടുകയും എഴുതപ്പെടുകയും ചെയ്തിട്ടില്ലെന്നത് സത്യമാണ്.നീലേശ്വരം രാജവംശത്തിന്റെ ഉൽപ്പത്തിയെകുറിച്ചും,ശ്രീ.മന്ദംപുറത്ത് ഭഗവതിക്ഷേത്രവും,തളിയിൽ ശ്രീ.നീലകണ്ഠേശ്വര ക്ഷേത്രം എന്നീക്ഷേത്രങ്ങളുടെ ഉൽപത്തിയെകുറിച്ചും വിഖ്യാതങ്ങളായ ഐതിഹ്യങ്ങളും ചരിത്രവും നിലവിലുണ്ട്.കൂടാതെ നീലേശ്വരത്തെ മിക്കവാറും എല്ലാ ക്ഷേത്രങ്ങളുടെയും ഉൽപ്പത്തിയെ കുറിച്ച് വ്യക്തമായ ഐതിഹ്യങ്ങളും ചരിത്രവും നിലവിലുണ്ട്.അവയൊക്കെ ഇവിടെ പ്രതിപാദിക്കാൻ നിർവാഹമില്ല.സാമൂഹ്യ സാംസ്കാരിക ചരിത്രം എന്ന അദ്ധ്യായത്തിൽ അല്പം ചില കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

കാലത്തിന്റെ കുത്തൊഴുക്കിൽ കൈമോശം വന്നുപോയ സാംസക്കാരികത്തനിമകളുടെ നഷ്ടസമൃതികളുമായി നീലേശ്വരം ഇന്നും ജില്ലയിലെ എണ്ണപ്പെട്ട സാംസ്കാരിക കേന്ദ്രമായിതലയുയർത്തി നില്ക്കുന്നു.ആധുനിക ജീവിതത്തിന്റെ വേഗതയിൽ കൈമോശം വന്നുപോയിക്കൊണ്ടിരുക്കുന്ന സാംസ്കാരികത്തനിമകളെ നില നിർത്താനുള്ള ബോധപൂർവ്വമായ പരിശ്രമവും,പ്രവർത്തനങ്ങളും ഉണ്ടാകേണ്ടതുണ്ട്.അത്തരത്തിലുള്ള ഒരുനേഷണത്തിനുതകുന്ന പരിമിതമായ ചില വസ്തുതകളാണ് തുടർന്നുള്ള പരികളിലൂടെ വരച്ചു കാട്ടാൻ ശ്രമിക്കുന്നത്.

പ്രദേശിക ചരിത്ര നിർമ്മിതിയെ കുറിച്ചും,ചരിത്ര പഠന സങ്കേതങ്ങളെ കുറിച്ചും രാംവേണ്ടത്ര ബോധവാന്മാരല്ലെന്ന വസ്തുത അംഗീകരിക്കന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.നിലവിലുള്ള കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ വ്യക്തമാക്കുന്ന ഒരുകാര്യം നാം നമ്മുടെ സംസ്കാരത്തനിമകളെ നിലനിർത്താനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്നതാണ്.സാംസ്കാരിക തലസ്ഥാനമെന്ന് പലരും വീശേഷിപ്പിക്കാറുള്ള നീലേശ്വരത്ത് ഇന്നൊരു നിശ്ചലാവസ്ഥയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.ഇലക്ട്രോണിക് മാധ്യമങ്ങളുടെ മായിക പ്രപഞ്ചത്തിൽ നമ്മുടെ ഇളം തലമുറയ്ക്ക് നഷ്ടമാക്കുന്നത് സാംസ്കാരിക വൈവിധ്യത്തിന്റെ തനിമകളാണ്.വരും തലമുറയ്ക്ക് അത് പകർന്ന് നല്കാനുള്ള കൈലെപ്പങ്കിലും നാം നിലനിർത്തിയില്ലെങ്കിൽ ചരിത്രം നമ്മെ കുറ്റക്കാരെന്നു വിധിക്കുക തന്നെ ചെയ്യും.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ കലാസാംസ്കാരികസ്ഥാപനങ്ങളുടെ വിവരങ്ങൾ

വായനശാലകളു ടെ	മഹിളാസമാജം	കുടുംബശ്രീ	ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്	ക്ഷേത്ര
ഗ്രന്ഥശാലകളുടെയു				
എണ്ണം				
29	8	1	56	17	3	1816

അവലംബം:സെക്കൻഡറി ഡേറ്റ

ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായിത്തന്നെ നീലേശ്വരം ഗ്രാമ പഞ്ചായത്തിൽ വായനശാലകളും ഗ്രന്ഥശാലകളും രൂപം കൊണ്ടിരുന്നു.ജില്ലയിലെ തന്നെ ഏറ്റവും വലിയവായനശാലാ ഗ്രന്ഥാലയങ്ങളിലൊന്നായ നീലേശ്വരം പബ്ലിക്ക് റീഡിങ്ങ് റൂംആൻറ് ലൈബ്രറി നിരവധി വർഷത്തെ സേവനപാരമ്പര്യമുള്ള ഗ്രന്ഥാലയമാണ്.കൂടാതെ വളരെ നല്ലനിലയിൽ പ്രവർത്തികുന്ന നിരവധി വായനശാലകളും ഗ്രന്ഥ ശാലകളും പഞ്ചായത്തിലുണ്ട്.

നീലേശ്വരം മുൻസിപ്പാലിറ്റിയിലെ വായനശാല വിവരങ്ങൾ

നമ്പർ വായനശാല ഗ്രന്ഥാലയത്തിന്റെ പേര്.

1 പൊതു ജനവായനശാല ആൻറ് ഗ്രന്ഥാലയം പടിഞ്ഞാറ്റും കൊഴുവൽ.

2 വിദ്യുപോഷിണി വായനശാല ആൻറ് ഗ്രന്ഥാലയം പള്ളിക്കര.

3 പീപ്പിൾസ് റീഡിംഗ് ആൻറ് ലൈബ്രറി പള്ളിക്കര.

4 കമലാനഹ്റു സ്മാരക വായനശാല ആൻറ് ഗ്രന്ഥശാല പുറത്തേക്കൈ.

5 സാമൂഹ്യക്ഷേമ വായനശാല ആൻറ് ഗ്രന്ഥാലയം നീലേശ്വരം.

6 ആശാൻ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം.

7 വിവേകോദയം വായനശാല ആൻറ് ഗ്രന്ഥാലയം- തൈക്കടപ്പുറം

8 മുല്ലപ്പള്ളി സാറ്റേൺ വായനശാല ആൻറ് ഗ്രന്ഥാലയം.

9 തൊഴിലാളിവായനശാല കണിച്ചിറ.

10 എ.വി സ്മാരക വായനശാല പൊടോത്തുരുത്തി.

11 എ.കെ.ജി സ്മരണ വായനശാല കാര്യങ്കോട്.

12 ജനശക്തി സാംസ്കിരിക വേദി പട്ടേന.

13 എൻ.ജി. സ്മാരക വയനശാല കാര്യങ്കോട്.

14 പീപ്പിൾസ് വായനശാല പാലാത്തടം.

15 കൃഷ്ണപ്പിള്ള സ്മാരക വായനശാല ചെമ്മാക്കര.

16 വിവി. സ്മാരക വായനശാല പാലാത്തടം.

17 ഇസ്ലാമിക്റീഡിങും ലൈബ്രറി കോട്ടപ്പുറം.

18 സി.ടൗർ സി. ലൈബ്രറി പാലായി.

19 ഗ്രാമീണ വായനശാല സുവർണ്ണവല്ലി

20 ജനകീയ വായനശാല നീലായി.

21 നസ്രത്തുൽ ഇസ്ലാം ലൈബ്രറി തൈക്കടപ്പുറം.

22 കൃഷ്ണപ്പിള്ള വായനശാല അങ്കക്കളരി

23 നേതാജി വായനശാലആൻറ് ഗ്രന്ഥാലയം കടിഞ്ഞാക്കടവ്.

24 എം.കെ ഹാജി മെമ്മോറിയൽ ലൈബ്രറി കോട്ടപ്പുറം.

25 ദേശീയ വികസന വായനശാല ആൻറ് ഗ്രന്ഥാലയം പൂവാലം കൈ.

26 യംഗ്മെൻസ് ലൈബ്രറി ആൻറ് റീഡിംഗ് റൂം തൈക്കടപ്പുറം

27 പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയം.

28 പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയം ചാത്തമത്ത്.

29 പഞ്ചായത്തിന്റെ ലൈബ്രറി ,പഞ്ചായത്താപ്പീസ് നീലേശ്വരം.

ലിസ്റ്റ് അപൂർണം

ളുടെവിലുള്ള ഗ്രന്ഥാലയങ്ങളും ഉണ്ട്.കേരള ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്ത 11 ലൈബ്രറികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് ഗ്രാൻറ് തുക തീരെ അപര്യാപ്തമാകയാൽ ഗ്രന്ഥശാലകൾ സാമ്പത്തിക പ്രയാസത്താൽ ഞെരുങ്ങുന്ന അവസ്തയുണ്ട്. പ്രാരംബങ്ങൾക്കിടയിലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ വായനശീലം വർദ്ധിപ്പിക്കുന്നതിൽ നിർണയകമായ പങ്ക് ഈ ഗ്രന്ഥശാലകൾ വഹിച്ചുകൊണ്ടിരിക്കുന്നു.എന്നാൽ വായനക്കരുടെ തോതിലുണ്ടാകുന്ന കുറവ് എല്ലാ ഗ്രന്ഥശാലകളും അഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. .ടി.വിയും മറ്റും അതിപ്രസരം വായനശീലത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നു പറയാതെ വയ്യ.ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ കലാസാംസ്ക്കരിക പരിപാടികളും വികസന പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ഈ വായനശാലകളേയും ഗ്രന്ഥശാലകളേയും നാട്ടിന്റെ സാംസ്ക്കാരിക വികസന കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 56 ഓളം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കായിക കേരളത്തിന് ഏറെ സംഭാവനകൾ നൽകിയ ഒരു നാടാണ് നീലേശ്വരം. നീലേശ്വരത്തേയും പരിസരപ്രദേശങ്ങളുടേയും കായിക പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി മാറാൻ നീലേശ്വരം രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിനുകഴിഞ്ഞിട്ടുണ്ട് .ജില്ലയിലെ തന്നെ ഏറ്റവും നല്ല മൈതാനമായ രാജാസ് ഹൈസ്കൂൾ മൈതാനം പക്ഷേ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. എന്നത് ദുഖകരമായവസ്തുതയാണ്.നിരവധി സംസ്ഥാന ദേശീയഫുട്ബോൾ താരങ്ങളെ സംഭാവചെയ്ത ഈ മൈതാനം കാലത്തിനനുസരിച്ച് ആവശ്യമായ മാറ്റങ്ങളില്ലാത്തതുടരുകയാണ്.ജില്ലയിൽ വെച്ചുനടക്കുന്ന സംസ്ഥാന തല ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ മത്സരങ്ങളുടെ വേദി പലപ്പോഴും ഈ മൈതാനമായിരുന്നു. നീലേശ്വരത്തെ ടൗൺ സ്പോർട്സ് ക്ലബ്ബ വർഷങ്ങളുടെ പാരമ്പര്യമുള്ള ഒരു ക്ലബ്ബാണ്. നിരവധി പ്രശസ്ത ഫുട്ബാൾ താരങ്ങൾക്ക് ജന്മം നൽകിയ ഒരു ക്ലബ്ബാണിത്.അതുപോലെ തന്നെ നീലേശ്വരം സ്പോർട്ടിംഗ് ക്ലബ്ബും നീലേശ്വരത്തെ പ്രമുഖ ക്ലബ്ബുമാണ്.ഫുട്ബോൾ.ബാസ്ക്കറ്റ് ബോൾ എന്നിവിംഗങ്ങളിൽ ഒരു പിടു നേട്ടങ്ങൾ കൈവ്വാൻ ഈ ക്ലബിന് സാധിച്ചിട്ടുണ്ട്. ഈ രണ്ടു ക്ലബ്ബുകൾക്കുപുറമേ ചെറുതും വലുതമായി അനേകം ക്ലബ്ബുകൾ പഞ്ചായത്തിലെ വാർഡുകൾതോറും പ്രവർത്തിച്ചുവരുന്നു.

കലാരംഗത്തും അഭിമാനാർഹമായ പാരമ്പര്യമുള്ള ഒരു പ്രദേശമാണ് നീലേശ്വരം അമേചർ നാടകരംഗത്ത് നിരവധി പ്രതിഭകളെ സംഭാവനചെയ്യാൻ നീലേശ്വരത്തിനുസാധിച്ചിട്ടുണ്ട്. നീലേശ്വരത്ത് അറിയപ്പെടുന്ന നാടകകൃത്തുക്കളുടേയും നാടകകാലാകരന്മാരുടേയും ഒരു നിര തന്നെയുണ്ട്.യുവജന കലാസമിതി ജനതകലാസമിതി ജോളി ആർട്സ് ക്ലബ്ബ്, ചെറപ്പുറം ബ്രദേഴ്സ് ആർട്സ് ക്ലബ്ബ് ,നവധാര ആർട്സ് ക്ലബ്ബ് ,ജനശക്തി സാസ്ക്കാരിക വേദി തുടങ്ങിയ ക്ലബ്ബുകൾ വർഷങ്ങളുടെ പ്രർത്തന പാരമ്പര്യമുള്ള ക്ലബ്ബുകൾ ആണ്. നിരവധി അമേചർ നാടക സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ രണ്ട് പ്രൊഫഷണൽ നാടകസംഘങ്ങളും പഞ്ചായത്തിലുണ്ടായിരുന്നു.

പഞ്ചായത്തിനകത്തെ 44 ശതമാനത്തിലധികം വീടുകളിൽ ഒന്നോ അതിലധികമോ പത്രമാസികകൾ വരുത്തുന്നുണ്ട്. 30

ശതമാനം വീടുകളിൽ ടി.വിയുണ്ട്. പത്രമാസികകളുടെ പ്രചാരം വർദ്ധിച്ചുവരുന്നുണ്ടെങ്കിൽ കൂടി വായനാനിലവാരം കുറയുന്നുണ്ടെന്നതു സത്യമാണ്. ടി.വി തുടങ്ങിയ ഇലക്ട്രാണിക മാധ്യമങ്ങൾ വായനശാലത്തെ ദേഷമായി ബാധിച്ചിട്ടുണ്ടെന്ന് പറയാം. പഞ്ചായ്തിൽ 16 ഓളം കേബിൾ ടി.വി നെറ്റ് വർക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

വിവിധ ജാതിക്കാരുടെ ദേവസ്ഥാനങ്ങൾ നീലേശ്വരത്തിന്റെ പ്രത്യേതകയാണ്.യാദവർക്ക് കേണമംഗലവും കൂട്ടത്തിലറയും, ഈഴവർക്ക് പുതിയ പറമ്പത്ത് കാവ്, നാഗച്ചേരി, പിതിയസ്ഥാനം,കോട്ടപ്പുറം പാലോരെ കീഴിൽ വയലിലറ,മുങ്ങത്തറ തുടങ്ങിയസ്ഥാനങ്ങളും കമ്മാളന്മാർക്ക് പടയന്നൂർ ക്കഴകവും , വിശ്വകർമ്മജക്ക് (ആശാരി) കുറുംബാബഗവതീക്ഷേത്രവും ,മുകയക്ക ആര്യക്കര ഭഗവതീ ക്ഷേത്രവു, ,പത്മശാലിയർക്ക് അഞ്ഞൂറ്റമ്പവലും വീരർക്കാവും വാണിയ സമുദായക്കാർക്ക് പുതുക്കൈ മുച്ചിലോട്ട് മൂവാരിവിഭാഗക്കാർക്കും അങ്കക്കളരിയും ദേവസ്ഥാനങ്ങാളാണുള്ളത് . ഇവയ്ക്ക് പറുമേ ഒറ്റക്കോലം നടത്തുന്ന കുഞ്ഞിലിൻ കീഴിൽ കുഞ്ഞിപ്പുള്ളിക്കാൽ,മന്ദം പുറം എന്നീസ്ഥാനങ്ങളും മുത്തപ്പൻ പൊട്ടൻ ദൈവം, ഗുളികൻ എന്നിവർക്കായി നീക്കിവെക്കപ്പെട്ട്സ്ലങ്ങളും ആണ്ടീയുട്ട് നടത്തുന്ന സുബ്രഹ്മണ്യൻ കോവിലുകളും നീലേശ്വരത്തുണ്ട്.

ദേവസ്ഥാനങ്ങളിലൊക്ക ആണ്ടു തോറും തെയ്യങ്ങളും മറ്റ് ഉത്സവാഘോഷപരിപാടികളും നടന്നുവരിക പതിവാണ്.ഒരു പക്ഷേ ഇത്രയേറെ അമ്പലങ്ങളും പള്ളിയറകളുമുള്ള സ്ഥലം കേരളത്തിൽ വേറെയുണ്ടോ എന്നു സംശയിക്കേ ണ്ടിയിരിക്കുന്നു.

നീലേശ്വരത്തെ എല്ലാ ജീതിയിലു ംപെട്ടജനങ്ങളുടെയും ആരാധനാകേന്ദ്രമാണ്. ശ്രീ മന്ദൻ പുറത്ത് കാവ് ഭഗവതീക്ഷേത്രവും ,തളിയിൽ ശ്രീ നീലകണ്ഠേശ്വരം ക്ഷേത്രവും.മന്ദം പുറത്തുകാവിലെ കലാശോത്സവവും തളിയിൽ നീലകൺഠേശ്വര ക്ഷേത്രത്തിലെ ഉത്സാവവും നീലേശ്വരത്തെയു ംപരിസര പ്രദേശത്തെയും പ്രധാന ഉത്സവ ങ്ങളിലാണ്.

മേൽപ്പറഞ്ഞ ക്ഷേത്രങ്ങൾക്കു പുറമേ കടിഞ്ഞത്തൂർ മഹാവിഷ്ണു ക്ഷേത്രം, ആലിങ്കാൽ ശ്രീ ഭദ്രകാളീ ക്ഷേത്രം ,പള്ളിക്കര ശ്രീ ഭഗവതീക്ഷേത്രം മഹേശ്വരിക്ഷേത്രം. പട്ടേന ശ്രീ അരയാക്കീൽ ക്ഷേത്രം ,സുവർണവല്ലി ക്ഷേത്രം, അയ്യപ്പൻ കോട്ട ശിവക്ഷേത്രം തുടങ്ങിയ അമ്പലങ്ങളുടെ നീണ്ട പട്ടിക തന്നെ നിരത്താനുണ്ട്. ഈ അമ്പലങ്ങളിലേയും ക്ഷേത്രങ്ങളലേയും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും ക്ഷേത്രോല്പത്തിയെക്കുറിച്ചും ധാരാളം ഐതിഹ്യങ്ങൾ നിലവിലുണ്ട്.

ഹിന്ദുക്കൾക്കു പറമേ പ്രൊട്സ്റ്റന്റ്,ജാക്കോബൈറ്റ്സ്, കാത്തോലിക്ക് എന്നീ കൃസ്ത്യൻ വിഭാഗങ്ങളും മൂന്നു പള്ളികളും നീലേശ്വരത്തുണ്ട്. അതോടൊപ്പം കോട്ടപ്പുറം,തൈക്കടപ്പുറം ,നീലേശ്വരം മാർക്കറ്റ് എന്നീ സ്ഥലങ്ങളിലായി ചരിത്രപ്രസിദ്ധമായി മുസ്ലീം ദേവാലയങ്ങളും നിലകൊള്ളുന്നു. കടിഞ്ഞിമൂലമഖാം ഉറൂസും, കോട്ടപ്പുറം മഖാം ഉറൂസും മുസ്ലീങ്ങളുടെ പ്രധാന ഉത്സവങ്ങളാണ്.

പൂരക്കളി ,കോൽക്കളി,ദഫ് മുട്ട് തടുങ്ങിയ നാടൻ കലകളുടെ സംഗമ ഭൂമികൂടിയാണ്. നീലേശ്വരം. ഈഴവർ.യാദവർ ശാലിയർ വാണിയർ,മുകയർ ,കമ്മാളന്മാർ തുടങ്ങിയ ജാതിക്കാരുടെ അമ്പലങ്ങളിൽ വിർഷം തോറും നടത്തിവരാറുള്ളപൂരോത്സവത്തോടനുബന്ധിച്ച് പൂരക്കളിയും നടന്നു വരാറുണ്ട്.

വൈവിധ്യങ്ങളായി ആചാരാനുഷ്ഠാനങ്ങൾ നീലേശ്വരം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഹിന്ദുക്കക്കിടയൽ ചാവടിയന്തരം, മുസ്ലീംങ്ങൾക്കിടയിൽ ,നിക്കാഹ്, സുന്നത്ത് കർമ്മം,തലമുടിമുറിക്കൽ എന്നീ ആചാരങ്ങൾ അപൂർവ്വമായി നിലവിലുണ്ട്. ക്ഷേത്രനാനുഷ്ഠാനങ്ങളിൽ പ്രധാനമായ തിടമ്പു നൃത്തം നീലേശ്വരത്തെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ പ്രധാന ആകർഷണമാണ്. നിരവധി തിടമ്പുനൃത്ത കലാകരന്മാർ നീലശ്വരത്തുണ്ട്.

പ്രശ്നങ്ങൾ

1.സാംസ്ക്കാരി കപാരമ്പര്യത്തെക്കുറിച്ചു ംചരിത്ര പാരമ്പര്യത്തെക്കുറിച്ചും പഠന ഗവേഷണ പ്രവർത്തനങ്ങൾ വേണ്ട രീതിയൽ നടക്കുന്നില്ല.

2 നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനവേണ്ടിയുള്ളപ്രവർത്തനങ്ങളുടെ അഭാവം.

3 ക്ലബ്ബുകളുടെയും കലാ സാസ്ക്കിരിക സംഘടനകളുടെയു ംസാമ്പത്തിക പരിമിതി.

4 ക്ലബ്ബുകൾക്കും സാംസ്ക്കാരിക സംഘടനകൾക്കും പഞ്ചായത്തടിസ്ഥാത്തിൽ പൊതുവേദികളില്ല.

കേരളോത്സവം പോലുള്ള പരിപാടികൾ ചടങ്ങുകൾ മാത്രമമായിത്തീരുന്നു.

6 ക്ലബ്ബുകൾക്കും കലാസാംസ്ക്കിരസംഘടനകൾക്കും ലഭിക്കുന്ന ഗ്രാൻറ് തുക പരിമിതമാണ്,

7 മുഴവുൻ വായനശാലകൾക്കും ഗ്രനഥശാലകൾക്കും പഞ്ചായത്തിൽ നിന്നും സർക്കാരിൽ നിന്നു സഹയാം ലഭിക്കുന്നില്ല.

8 തെയ്യം കലാകാരന്മാർക്ക് ആവശ്യമായ പ്രോത്സാഹനങ്ങളും ധനസഹായം ലഭിക്കുന്നില്ല.

9വ്യായാമത്തിനും കായിക പ്രവർത്തനങ്ങൾക്കും വേണ്ട പ്രചാരം ലഭിക്കുന്നില്ല.

സാധ്യതകൾ

1 നീലേശ്വരം പഞ്ചായത്തിന്റെ സാംസ്ക്കിരിക ചരിത്രത്തെക്കിറിച്ചും ചരിത്രത്തെക്കുറിച്ചും പഠിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ചരിത്രപഠനം ഗവേഷണകേന്ദ്രം ആരംഭിക്കുക.

2 തെയ്യം പൂരക്കളി കോൽക്കളി, ദഫുമുട്ട് തുടങ്ങിയവല നടാൻ കലകളെ പ്രോത്സാഹിപ്പിക്കുന്ന തിനുവേണ്ടി നാടൻ കലാ പഠനകേന്ദ്രം ആരംഭിക്കുക.

3 എല്ലാ രജിസ്ട്രാഡ് കായിക് കലാസമിതികൾക്കും പഞ്ചായത്തിൽ നിന്നും സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുക.

ശേഷം പേജ് 64 ——→

സാമൂഹ്യക്ഷേമം

സ്വതന്ത്ര്യ ലബ്ധിക്കു ശേഷം ആസൂത്രിതമായ വികസനം കൈവരിക്കുന്നതിന് നിരവധി ക്ഷേമ പദ്ധതികൾ നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പുരോഗതിക്കുവേണ്ടി ദാരിദ്ര്യ നിർമാർജന പദ്ധതികളും, തൊഴിലാളികളുടെയും മറ്റു ദുർബല ജനവിഭാഗങ്ങളുടേയും ഉന്നമനത്തിനുള്ള പദ്ധതികളാണ് നിലവിലുള്ളത്. കേന്ദ്രസംസ്ഥാന ഗവണ്മെന്റ് കളുടെ പദ്ധതികളും, ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പദ്ധതികളും നിലവിലുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ നേത്രത്വത്തിൽനടത്തിവരുന്ന വനിതാ ശിശു ക്ഷേമ പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളുടെയെല്ലാം അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ നിലവാരം ഏറെ ഉയർന്നിട്ടുണ്ടെങ്കിലും പൂർണമായും തൃപ്തികരമാണെന്ന് പറയാൻ സാദ്ധ്യമല്ല.

പട്ടിക – 1

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ	സ്ത്രീകളുടെ നേത്രത്വത്തിലുള്ളവ	വികലാംഗരുടെ നേത്രത്വത്തിലുള്ളവ
32	-	1882	1920	486	8

പട്ടിക – 2

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ തൊഴിൽപരവും സാമ്പത്തികവുമായ തരംതിരിവ്

ദരിദ്ര കർഷകർ	കർഷക തൊഴിലാളികൾ	മറ്റു തൊഴിലാളികൾ	ഗ്രാമീണ കൈത്തൊഴിലാളികൾ	4000 രൂപകൾ	4000-6000	6001-8500	8501 - 11000
171	1117	591	41	104	361	750	705

63 ാം പേജ് തുടർച്ച

4 പഞ്ചായത്തു തലത്തിൽ കലാസാസംക്കിരക സമിതികളുടെ പൊതു വേദി ഉണ്ടാക്കുക.

5 കേരളോത്സവത്തിന്റെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. വർഷം തോറും പഞ്ചായത്തുതല കലാകായികോത്സവങ്ങൾ സംഘടിപ്പിക്കുക.

6പഞ്ചായത്തിടിസ്ഥാനത്തിൽ തെയ്യം കലാകരാന്മാർക്ക് പൊതുവേദി ഉണ്ടാക്കുക.

7 എല്ലാ വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും പഞ്ചായത്തിന്റെ വക പത്ര മാസികകളും കളർ ടി.വി യും നൽകുക.

8 വാർഡുകൾതോറും പ്രാദേശിക വ്യായാമകേന്ദ്രങ്ങളും കായിക പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ മൊത്തകുടുംബങ്ങളിൽ വലിയൊരു ഭാഗം ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കാണാം. ഈ കുടുംബങ്ങളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും വളരെ നാമമാത്രമായ വിഭാഗത്തിനു മാത്രമെ ഗുണം ലഭിച്ചിട്ടുള്ളു. കാര്യമായ ചലനമുണ്ടാക്കാൻ ഈ പദ്ധതികൾക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഇനിയും വൻതോതിൽ പണം ചിലവഴിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ദാർദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ 1920 കുടുംബങ്ങളിൽ ആകെ 90 കുടുംബങ്ങൾക്ക് അതായത് 4.6% കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കാനെ കഴിഞ്ഞ 4 വർഷം കൊണ്ട് കഴിഞ്ഞട്ടുള്ളു. സഗഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും സഹായം എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതാണ് ജവഹർ റോസ്ഗർ യോജന (JRY), ഇന്ദിര ആവാസ് യോജന(ഘലഓഘ), മില്ല്യൻ വെൽസ്ക്കീം (MUS) , ട്രൈസം (TRYSEM), സെൻട്രൽ റൂറൽ സാനിട്ടേഷൻ

കൊല്ലം	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ള വർ	ആകെ	സ്ത്രീകൾ	ചിലവാക്കിയ തുക		ഒരു കുടുംബത്തിന് ചെലവഴിച്ച ശരാശരി തുക	സഹായം ലഭിച്ച കുടുംബങ്ങളുടെ ശതമാനം
						സബ്സീഡി	വായ്പ		
1992-93	10	-	9	19	9	70,000	50,000	6328	.98%
1993-94	5	-	13	18	4	83,000	48,000	7234	.93%
1994-95	7	-	11	18	6	2,0,7000	66,000	15,194	.93%

പ്രോഗ്രാം(CRSP), റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (RAP), ഡി. ഡബ്ല്യു. സി.ആർ.എ (DWCRA) തുടങ്ങിയ നിരവധി പദ്ധതികളിലൂടെ പഞ്ചായത്തിലെ വളരെ ചുരുങ്ങിയ ഒരു വിഭാഗത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം കൂടുതൽ ആളുകളിലേക്ക് ഈ പദ്ധതികളിലെ ഗുണം എത്തിക്കുവാൻ കഴിയുന്നില്ല. മേൽപ്പറഞ്ഞ ചില പദ്ധതികളിലൂടെ ധനസഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണമടങ്ങിയ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക – 4

സെൻട്രൽ സാനിട്ടേഷൻ പ്രോഗ്രാം മുഖേന കക്കൂസ് നിർമ്മാണത്തിന് വിതരണം ചെയ്ത ധന സഹായം

ദശ ലക്ഷം കിണർ പദ്ധതി

കൊല്ലം	പട്ടിക ജാതി	മറ്റുള്ളവർ	ആകെ	കൊല്ലം	അനുവദിച്ച കിണറുകളുടെ എണ്ണം	പൂർത്തിയാക്കിയ കിണറുകളുടെ എണ്ണം
1992-93	7	-	7	1992-93	2	2
1992-93	4	29	33	1993-94	3	3
1992-93	32	4	28	1994-95	3	2
1992-93	24	3	21	1995-96	13	13

പട്ടിക – 5

ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ച വീടുകൾ

1992-93	1
1993-94	-
1994-95	3
1996-97	6

റൂറൽ ആർട്ടിസൻസ് പ്രോഗ്രാം പ്രകാരം വിതരണം ചെയ്ത ടൂൾക്കിറ്റുകൾ

1992-93	-
1993-94	23
1994-95	42
1996-97	18

സെൻട്രൽ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം പ്രകാരം കക്കൂസിന് 2000 രൂപ തോതിൽ ലഭിക്കുന്നു. ഈ തുക വളരെ കുറവാണെന്നുള്ളതും ഇതുകൊണ്ട് പലപ്പോഴും ലക്ഷ്യം കൈവരിക്കാൻ കഴിയില്ലെന്നതും പ്രശ്നമാണ്.

ദശലക്ഷം കിണർ പദ്ധതി പ്രകാരം നിലേശ്വരം ഗ്രാമപഞ്ചായത്തിൽ 1995 - 96 വർഷത്തിൽ 45000 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

18നും 35 നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്ക് D.W.C.R.A പദ്ധതി പ്രകാരം നിലേശ്വരം ഗ്രാമപഞ്ചായത്തിൽ 30 യുവതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 10% പലിശ നിരക്കിൽ ബാങ്ക് വായ്പയും മുന്നിലൊരു ഭാഗം സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു.

ഈ പദ്ധതി പ്രകാരം, പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

നിലേശ്വരം പഞ്ചായത്തിൽ വികലാംഗരായ 146 പേർ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഇവരുടെ ക്ഷേമത്തിനായി കാര്യമായ പദ്ധതികളൊന്നും ഇന്ന് നിലവിൽ ഇല്ല. ഈ രംഗത്ത് പഞ്ചായത്തതലത്തിൽ പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ ഇനങ്ങളിലായി വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്ന 1236 പേർ പഞ്ചായത്തിലുണ്ട്. അർഹതയുള്ള മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നില്ലെന്ന പരാധി നിലവിലുണ്ട്. തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന നിരവധി യുവതീയുവാക്കൾ പഞ്ചായത്തിലുണ്ട്. എന്നാൽ തൊഴിലില്ലായ്മവേതനം ലഭിക്കുന്നതിലുപരി സംഘം ചേർന്നുള്ള തൊഴിൽ മേഘലകളിൽ ഈ വിഭാഗത്തെ തിരിച്ചു വിടുന്നതിനുള്ള പദ്ധതികളും നിലവിലില്ല.

DWCRA യൂണിറ്റുകളുടെ വിവരം

പട്ടിക - 6

യൂണിറ്റിന്റെ പേര്	അംഗങ്ങളുടെ എണ്ണം	ഉൽപാദനം	വായ്പാ തുക
പടിഞ്ഞാറ്റം കൊഴുവൽ	10	ചകിരി ബ്രഷ്	1,50,000
തട്ടാച്ചേരി "	10	ചെരിപ്പ് ബാഗ്	1,50,000
മുണ്ടേമ്മാട് "	10	കയർ	1,25,000

മേൽപ്പറഞ്ഞ മൂന്ന് യൂണിറ്റുകളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. സംഘം ചേർന്നുള്ള തൊഴിൽ രീതി ആയതിനാൽ വ്യക്തികളുടെ കുടുംബത്തിലുടെ പ്രശ്നങ്ങളെ നേരിടാനും തരണം ചെയ്യാനും കഴിയുന്നു.

ഇത്തരം ധാരാളം യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള സാധ്യത നിലവിൽ ഉണ്ട്.

നിലേശ്വരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി മഹിളാസമാജങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ സ്ത്രീകളുടെ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. ബാലപാഠികളുടെ പ്രവർത്തനവും തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1 രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്ര്യവും

2. എല്ലാ വാർഡിലും മഹിളാസമാജങ്ങളും ബാലവാടികളും ഇല്ല.
ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നില്ല.

3. ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികൾക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക അപര്യാപ്തമാണ്. പദ്ധതികളുടെ ഗുണം അർഹരായവർക്ക് മുഴുവൻ ലഭിക്കുന്നില്ല.

4. അർഹതയുള്ളവർക്ക് മുഴുവൻ പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നു.

5. ബോധവൽക്കരണത്തിന്റെ അഭാവം മൂലം പദ്ധതിയുടെ വിശദാംശങ്ങൾ എല്ലാവരിലും എത്തുന്നില്ല..

സാധ്യതകൾ

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്കും മറ്റ് സാമൂഹിക ക്ഷേമപദ്ധതികൾക്കും നിക്കിവയ്ക്കുന്നതുക വർദ്ധിപ്പിക്കുക.

2. തൊഴിലില്ലാത്ത യുവതിയുവാക്കൾക്ക് പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനം നൽകുക.

3. പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ നൽകുക.

4. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും ബാലവാടികളും ആരംഭിക്കുക

5. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായ യൂണിറ്റുകൾ വ്യാപകമായി തോതിൽ ആരംഭിക്കുക.



5.9 വനിത

പഞ്ചായത്തീരാജ് സംവിധാനങ്ങളിലൂടെയുള്ള സ്ത്രീകളുടെ വർധിച്ച ഭരണപങ്കാളിത്തം കേരളീയ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് വേണ്ടിയുള്ള വിത്ത് പാകിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ സ്ത്രീകളുടെ പങ്ക് ഇത്തരത്തിൽ സാർവത്രികമായ് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. സ്ത്രീകളുടെ പദവിയെ വിലയിരുത്തുന്നതിനായി വിദ്യാഭ്യാസം, ആരോഗ്യം, ജനന നിരക്ക്, തൊഴിൽ തുടങ്ങിയ സൂചകങ്ങൾ അടിസ്ഥാനമാക്കി എടുക്കാമെങ്കിലും വികസന മേഖലകളുടെ സമഗ്രമായ ഒരു അപഗ്രഥനത്തിലൂടെ മാത്രമേ വനിതാ രംഗത്തെ പ്രശ്നങ്ങളെയും അവയുടെ പരിഹാര മാർഗ്ഗങ്ങളെയും വിലയിരുത്താൻ സാധിക്കുകയുള്ളൂ.

കേരളീയ സമൂഹത്തിൽ പുരുഷാധിപത്യത്തിന്റെ നിരവധി അംശങ്ങൾ ഉണ്ട് എന്നത് പരക്കെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. സാമ്പത്തിക മേഖലയിൽ ഭൂരിഭാഗം സ്ത്രീകളും പരിമിതമായ സാങ്കേതിക വിദ്യമാത്രം പ്രയോഗിക്കപ്പെടുന്നതും, കുറഞ്ഞ വേതനം മാത്രമുള്ള മേഖലകളിൽ തളച്ചിടപ്പെട്ടിരിക്കുകയാണ്. ഇത്തരം ദരിദ്ര കുടുംബങ്ങളിൽ കുടുംബ ഭാരം വൻതോതിൽ സ്ത്രീകളിൽ നിക്ഷിപ്തമാണെന്നതും വസ്തുതയാണ്. ഇതിലുപരിയായ് ഗാർഹിക ജോലികളുടെയും മറ്റ് ജോലികളുടെയും ബാഹുല്യം നിമിത്തം ഉൽപ്പാദന പ്രക്രിയയിൽ നിന്ന് സ്ത്രീകൾ പൊതുവേ അകന്നു പോകുന്ന അവസ്ഥയാണുള്ളത്.

നമ്മുടെ പഞ്ചായത്തിലും സ്ത്രീകളുടെ സ്ഥിതി ഏറെയൊന്നും വ്യത്യസ്തമല്ല. 1991 -ലെ സെൻസസ് പ്രകാരം നീലേശ്വരം ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 18851 ആണ്. പുരുഷൻമാരേക്കാൾ 1157 സ്ത്രീകൾ കൂടുതലാണ്. മൊത്തം ജനസംഖ്യയുടെ 51.58% സ്ത്രീകളാണെന്നർത്ഥം. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. എന്നാൽ വർഷങ്ങൾ പിന്നിടുംതോറും തൊഴിൽ മേഖലകളിൽ നിന്നുള്ള സ്ത്രീകളുടെ പിൻമാറ്റം പ്രത്യേക പഠനം അർഹിക്കുന്ന ഗൗരവതരമായ വിഷയമാണ്.

പട്ടിക - 1

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഖ്യയും സാക്ഷരതാനിരക്കും

ആകെ ജനസംഖ്യ	സ്ത്രീകൾ	ലിംഗ അനുപാതം 1000 പുരുഷൻമാർക്ക് സ്ത്രീകൾ	സാക്ഷരതാ നിരക്ക്		
			പുരുഷൻ	സ്ത്രീ	ആകെ
36545	18851	1065	94.15	81.38	87.49

പട്ടിക - 2

തൊഴിൽ പങ്കാളിത്തം

മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം
കർഷകത്തൊഴിലാളി	837	1328
മൃഗസംരക്ഷണം, മത്സ്യം തടങ്ങിയവ	40	544
ഗാർഹിക വ്യവസായം ഉൽപാദനം, സംസ്കരണം, സേവനം തുടങ്ങിയവ	72	71
ഗാർഹികേതര വ്യവസായം ഉൽപാദനം, സംസ്കരണം, സേവനം തുടങ്ങിയവ	1245	1446
കെട്ടിട നിർമ്മാണം	35	272
ക്വാറി മൈനിങ്ങ്	44	105
വ്യവസായ വാണിജ്യം	186	1521
ഗതാഗതം,വാർത്താവിനിമയം, സംഭരണം	10	471
മറ്റു തൊഴിലുകൾ	465	1004

കാസർഗോഡ് ജില്ലയിലെ സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1026 സ്ത്രീകൾ മാത്രമായിരിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ അത് 1065 ആണ്. അതുപോലെ സ്ത്രീ സാക്ഷരതാ നിരക്കിൽ നമ്മുടെ പഞ്ചായത്തിനെക്കാൾ കുറവായ രണ്ടു പഞ്ചായത്തുകൾ മാത്രമേ നീലേശ്വരം ബ്ലോക്കിലുള്ളൂ എന്നതും പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന വസ്തുതയാണ്.

സർക്കാർ, പ്രൈവറ്റ് മേഖലകളിലെ തൊഴിൽ പങ്കാളിത്തം കൂടി പരിഗണിച്ചാൽ പോലും മൊത്തം സ്ത്രീ ജനസംഖ്യയുടെ 20 ശതമാനത്തിൽ താഴെ ആളുകൾ മാത്രമേ നേരിട്ടുള്ള തൊഴിൽ മേഖലകളിൽ പങ്കാളികളാകുന്നുള്ളൂ. സ്ത്രീ ജനസംഖ്യയിൽ സിംഹഭാഗവും ഗാർഹിക ജോലികളും മറ്റു ചുമതലകളുമായി വീടുകളിൽ ഒതുങ്ങി കഴിയുന്നു എന്ന വസ്തുത വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്. മൊത്തം സ്ഥിതിഗതികൾ കണക്കിലെടുക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥ തൃപ്തികരമാണെന്നു പറയാൻ വയ്യ. ബീഡി മേഖലയിൽ പുരുഷൻമാർ കൊഴിഞ്ഞു പോകുമ്പോൾ സ്ത്രീകളുടെ പങ്കാളിത്തം കൂടുതലാണെന്നത് ആശാവഹമായ കാര്യമാണ്. ഈ മേഖലയിലൊഴിച്ച് മറ്റു തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചില്ലെങ്കിൽ നമ്മുടെ പഞ്ചായത്ത് സമീപ ഭാവിയിൽ

[illegible] പ്രതിസന്ധിയിലേക്ക് നിങ്ങും [illegible] കൊണ്ടിടാൻ തർക്കമില്ല.

നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലേയും സ്ത്രീകളുടെ നേതൃത്വ പദവി ശ്രദ്ധേയമാണ്. വിരലിലെണ്ണാവുന്ന [illegible] സംഘടനകളുടെ നേതൃത്വം സ്ത്രീകൾ വഹിക്കുന്നുണ്ടെങ്കിലും ഇത് തുലോം പരിമിതമാണ്. സ്ത്രീകൾക്ക് നേതൃത്വ രംഗത്ത് അർഹമായ പ്രാതിനിധ്യമില്ലെന്നത് ഒരു വസ്തുതയാണ്. ഗുണപരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കണമെങ്കിൽ നിശിതമായ പഠന പരിശീലനങ്ങൾക്ക് വനിതകൾ തയ്യാറാകേണ്ടിയിരിക്കുന്നു. ശരിയായ കാഴ്ചപ്പാടിന്റെ അഭാവം വനിതാ നേതൃത്വത്തിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തിയിട്ടുണ്ട്. സ്വന്തം അഭിപ്രായം സ്ഥാപിക്കാനും തീരുമാനങ്ങൾ നടപ്പാക്കാനും ഉള്ള കഴിവ് ആർജ്ജിക്കേണ്ടതാണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്ന സ്ത്രീകൾ കുടുംബ നാഥകളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ കുറവല്ലെന്നത് ആശങ്കയുണർത്തുന്ന ഒരു പ്രശ്നമാണ്. ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകളുടെ ഇടയിലെ പോഷകാഹാരക്കുറവും അനാരോഗ്യവും പ്രത്യേകം പഠനമർഹിക്കുന്നു. തുല്യമല്ല തുല്യ ജോലിക്ക് തുല്യ വേതനം എന്നുള്ളതും സ്ത്രീകളുടെ രംഗത്തെ ഒരു പ്രശ്നമാണ്. അങ്ങേയറ്റം ദുർഘടമായ തൊഴിൽ സാഹചര്യങ്ങളാണ് സ്ത്രീകൾ നേരിട്ടുകൊണ്ടിരിക്കുന്നത്. സ്ത്രീ പുരുഷ വേതനത്തിലെ അന്തരം കാണിക്കുന്ന ഒരു പട്ടിക ശ്രദ്ധിക്കുക.

പട്ടിക – 3

മേഖല	കൂലി	
	പുരുഷൻമാർ	സ്ത്രീകൾ
കർഷക തൊഴിലാളി	35	60
നിർമ്മാണ തൊഴിലാളി	60	110

നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് കുറവാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. ഇത് മാറ്റിയെടുക്കുന്നതിന് വേണ്ടി ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾക്ക് മാത്രമായുള്ള വായനശാലയും, കമ്മ്യൂണിറ്റി സെന്ററും സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങളും വാർഡുകൾതോറും സ്ഥാപിക്കേണ്ടതുണ്ട്. സ്ത്രീകളുടെ നേതൃശേഷി വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ബാലവാടികൾ എന്നിവയും തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി ശിശുസംരക്ഷണ നിലയങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ നമ്മുടെ പഞ്ചായത്തിലെ അധികം സ്ത്രീകൾ കടന്നു ചെന്നിട്ടില്ല. പഞ്ചായത്തിലെ കാർഷിക വ്യാവസായിക മേഖലകളിൽ വനിതകൾ പ്രധാന പങ്ക് സ്ത്രീകൾക്കു വഹിക്കാനുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് അടുക്കളത്തോട്ടങ്ങൾ വ്യവസായയൂണിറ്റുകൾ, കൂട്ടുകൃഷി, കൂൺ കൃഷി, ഉദ്യാന കൃഷി എന്നിവ ആരംഭിക്കാനുള്ള സാധ്യതകൾ ആരായുന്നവയാണ്.

മുട്ടക്കോഴി, ഇറച്ചി കോഴി, മുയൽ വളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, പശുക്കളെ വളർത്തൽ എന്നീ രംഗങ്ങളിൽ സ്ത്രീകൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. ഇത്തരം സംരംഭങ്ങൾക്ക് PMRY, WIP, DWCRA എന്നീ പദ്ധതികൾ പ്രകാരം ധനസഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും. നിലവിൽ പഞ്ചായത്തിൽ സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾ വിരലിലെണ്ണാവുന്നത് മാത്രമെയുള്ളൂ. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണെന്ന വസ്തുത സ്ത്രീകളുടെ രംഗത്തെ തൊഴിലിലായ്മയിലേക്കും വിരൽ ചൂണ്ടുന്നു. സ്ത്രീകൾക്ക് വളരെയധികം തൊഴിൽ സാധ്യതയുള്ള രംഗമാണ് ചെറുകിട വ്യവസായം. തയ്യൽ,കരകൗശലം, അച്ചാർ, പപ്പടം, കറിപ്പൊടി നിർമ്മാണ്, കുടനിർമ്മാണം, നോട്ടുബുക്കു നിർമ്മാണം എന്നീ മേഖലകൾ ഇതിനുദാഹരണമാണ്. ചെറുകിട യൂണിറ്റുകൾക്ക് രൂപം കൊടുക്കാൻ വനിതകൾ മുൻകൈയെടുക്കേണ്ടതുണ്ട്.

സ്ത്രീകളുടെ പുരോഗതിക്ക് വിഘാതമായ സാമൂഹ്യാവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിനെതിരായ പ്രചരണ പ്രവർത്തനങ്ങൾ സ്ത്രീകൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. കൂടാതെ സ്ത്രീ പീഡനത്തിനെതിരേയും സാമൂഹ്യ മനസാക്ഷി ഉണരേണ്ടതുണ്ട്. സ്ത്രകളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ സജീവമായ ചർച്ചകളും പരിഹാര നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ടെന്നത് ആശാവഹമാണ്.

പ്രശ്നങ്ങൾ:

1. വനിതകൾക്ക് ശക്തമായ നേതൃത്വം ഇല്ല. വനിതാ സംഘടനകളുടെ പ്രവർത്തനം തൃപ്തികരമല്ല.

2. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ നിരക്ക് വളരെ കൂടുതലാണ്.

3. ചുമതലകളുടെ ബാഹുല്യം നിമിത്തം സാമൂഹ്യ രംഗത്തേക്ക് ഉയർന്നുവരാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല.

4. സ്ത്രീകൾക്ക് ലഭിക്കുന്ന വേതനം പുരുഷൻമാരേക്കാൾ കുറവാണ്.

5. വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രങ്ങൾ ഇല്ല.

6. മഹിളാ സമാജങ്ങളുടെയും ബാലവാടികളുടെയും പ്രവർത്തനം തൃപ്തികരമല്ല.

7. വനിതകളുടെ നേതൃത്വത്തിലുള്ള ഒട്ടേറെ ദരിദ്ര കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

8. സ്ത്രീകളെ പൊതുരംഗത്തേക്കും, തൊഴിൽ രംഗത്തേക്കും കൂട്ടി കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഇല്ല.

9. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ, ചികിത്സാ മേഖലയിൽ അർഹമായ ശ്രദ്ധ പതിയുന്നില്ല.

10. തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഗാർഹിക ജോലിഭാരം ലഘൂകരിക്കപ്പെടുന്നില്ല.

11. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർന്നിട്ടില്ല. പുരുഷൻമാരുടെ മനോഭാവത്തിൽ മാറ്റം വരുന്നില്ല.

12. പുരുഷൻമാരുടെ മദ്യപാനം സ്ത്രീകൾക്ക് വളരെയേറെ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്.

13. സർക്കാരിൽ നിന്നും ലഭിക്കേണ്ടുന്ന ധനസഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

14. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യ നിർവ്വഹണത്തിനുള്ള സൗകര്യങ്ങൾ തൃപ്തികരമല്ല.

15. വിധവകൾക്കു നൽകുന്ന പെൻഷനും, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവും പരിമിതമാണ്.

സാധ്യതകൾ

1. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും ബാലവാടികളും, ശിശുമന്ദിരങ്ങളും ആരംഭിക്കുക.

2. സ്ത്രീകളുടെ ചെറുകിടവ്യവസായ യൂനിറ്റുകൾ സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവ ആരംഭിക്കുക.

3. സ്ത്രീകൾക്ക് സ്വയം തൊഴിൽ നേടുന്നതിനുള്ള പരിശീലനം നൽകുക.

4. അടുക്കളത്തോട്ടങ്ങൾ, ഉദ്യാനകൃഷി, കുറ്റിമുല്ല കൃഷി എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

5. റെഡിമെയ്ഡ്, സോപ്പ്, കോഴിവളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, പഴം സംസ്ക്കരണം, അച്ചാർ, പപ്പടം, കറിപ്പൊടി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

6. സ്ത്രീകളുടെ നേതൃത്വത്തിൽ ചെറുകിട യന്ത്രങ്ങളുടെ അസംബ്ലിങ്ങ് യൂണിറ്റുകൾ ആരംഭിക്കുക.

7. കരകൗശല വസ്തുക്കൾ, ബാഗ്, കുട തുടങ്ങിയവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുക.

8. സ്ത്രീകളുടെ നേതൃതിവ ശിലനവും സംഘടനാശേഷിയും വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

9. സ്ത്രീകളുടെ രംഗത്തെ പ്രശ്നങ്ങളെ കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക.

10. സ്ത്രീകൾക്കു മാത്രമായി ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ ആരംഭിക്കുക.

11. സ്ത്രീകളുടെ പോഷണ കുറവ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

12. സ്ത്രീകൾക്ക അവസര സമത്വം, തുല്യ ജോലിക്ക് തുല്യ വേതനം എന്നിവ ഉറപ്പു വരുത്തുക.

13. ഗാർഹിക ജോലിഭാരം ലഘൂകരിക്കാൻ സഹായിക്കുക.

14. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനവും സേവനവും വിപുലമാക്കുക.

15. സ്ത്രീധന സമ്പ്രദായം നിയമം മൂലം

ചെയ്യുക. സ്ത്രീ പീഡനകേസ്സുകൾ ഉടൻവപൂർവ്വം കൈകാര്യം ചെയ്യുക.

16. സമ്പൂർണ്ണ മദ്യവർജ്ജനം ഏർപ്പെടുത്തുക.

17. സ്ത്രീകൾക്ക് വ്യവസായങ്ങളും, സ്വയം തൊഴിൽ സംരഭങ്ങളും ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഘൂകരിക്കുകയും, സഹായ ധനവും, ലോണുകളും എളുപ്പത്തിൽ ലഭ്യമാക്കുക.

18. വിധവകൾക്കെന്നപോലെ പ്രായ പരിധി കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കും പെൻഷൻ ഏർപ്പെടുത്തുക.

19. സ്ത്രീകൾക്കു വേണ്ടിയുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ വ്യാപകമാക്കുക.

20. മഹിളാ സമാജങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുകയും യഥാസമയം അർഹതപ്പെട്ടവർക്കു ലഭ്യമാക്കുകയും ചെയ്യുക.

"ഭാരതക്ഷമേ നിന്റെ പെൺമക്കളെടു
ക്കളക്കാരികൾ
വീടാം കുട്ടിനുള്ളിൽ കുരുങ്ങും തത്തമ്മകൾ
നരന്നു ഗർഭാധാനപാത്രങ്ങ ളാജന്മാന്തമ
ബലകൾ
പശുപ്രായകൾ"

5.10 സഹകരണം

"Each for all . All for each" (ഓരോരുത്തരും എല്ലാവരുടേയും നന്മയ്ക്ക്. എല്ലാവരും ഓരോരുത്തരുടേയും നന്മയ്ക്ക്) എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിലെങ്ങും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ സഹകരണ സംഘങ്ങൾ ആവിർഭവിച്ചു. 1904-ലേയും 1912-ലേയും തുടർന്നിങ്ങോട്ട് വിവിധ കാലഘട്ടങ്ങളിലുണ്ടായ നിയമങ്ങളിലൂടേയും ഭാരതമാകെ സഹകരണ സംഘങ്ങൾ ഉടലെടുത്തു. ഈ നിയമങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിലും സഹകരണ പ്രസ്ഥാനങ്ങൾ ഉദയം കൊണ്ടു. കേരളത്തിന്റെ സാമ്പത്തിക വികസന രംഗത്ത് ഗണ്യമായ സംഭാവന ചെയ്ത സഹകരണ പ്രസ്ഥാനം ഗ്രാമീണ കർഷക വ്യാവസായിക മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിച്ചു. സഹകരണ രംഗത്തെ സമ്പന്നമായ കേരളത്തിന്റെ പൈതൃകം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകാപരവുമായിരുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ ഈ മഹത് പാരമ്പര്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊള്ളാൻ നിലേശ്വരം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ വളരെ മുമ്പുതന്നെ മുന്നോട്ടു വന്നിരുന്നു. ഇന്നത്തെ കാസർഗോഡു ജില്ലയിലെ സഹകരണ സംഘങ്ങളുടെ കേളീരംഗമായി നിലേശ്വരം വളരെ മുമ്പുതന്നെ മാറി. ക്ഷാമവും, പട്ടിണിയും, പരിവട്ടവുമായി കഴിഞ്ഞിരുന്ന ഗ്രാമീണ ജനതയ്ക്ക് ഒരത്താണിയായി മാറാൻ ഈ പ്രദേശത്ത് സഹകരണ സംഘങ്ങൾ രൂപം കൊണ്ടു.

നിലേശ്വരം ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം 16-1-1924-ൽ സ്ഥാപിതമായി. യശശ്ശരീരനായ ശ്രീ. കെ. ചിണ്ടൻ മാസ്റ്റർ പ്രസിഡണ്ടായി രൂപവൽകൃതമായ നിലേശ്വരം വിവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ആയിരുന്നു അത്. ദേശായ പ്രസ്ഥാനത്തിന്റെ മഹദ് പാരമ്പര്യത്താൽ പ്രചോദിതരായ ഒരു പറ്റം വ്യക്തികൾ ചേർന്ന് രൂപം കൊടുത്ത് ഈ സഹകരണ സംഘം നിലേശ്വരത്തേയും പരിസര പ്രദേശങ്ങളിലേയും നെയ്ത്തുകാരുടെ സാമൂഹ്യ സാമ്പത്തിക ഉയർച്ചയിൽ വഹിച്ച പങ്ക് വളരെ വലുതാണ്. തുടർന്ന് യശശ്ശരീരനായ ശ്രീ. സി.കെ. രാഘവൻ നമ്പ്യാർ പ്രസിഡണ്ടായികൊണ്ട് 1925-ൽ പേരോൽ ഗ്രാമത്തിൽ നിലേശ്വരം കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് സ്ഥാപിതമായി. ഈ സൊസൈറ്റി ലക്ഷ്യസാധനങ്ങളുടെ പൊതുവിതരണം ലക്ഷ്യമാക്കികൊണ്ടാണ് ആരംഭിച്ചത്. ഹോസ്ദുർഗ് ഫർക്കയിലെ മിക്കവാറും പ്രദേശങ്ങളിൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക വഴി ക്ഷാമത്തിൽ കഴിയുന്ന ജനങ്ങൾക്ക് പരിമിതമായെങ്കിലും ആശ്വാസമെത്തിക്കാൻ ഈ സംഘത്തിന് കഴിഞ്ഞു. എന്നാൽ അധികകാലമൊന്നും നിലനിൽക്കാൻ ഈ സഹകരണ സംഘത്തിന് കഴിഞ്ഞില്ല. കെടുകാര്യസ്ഥതയും, കൃമക്കേടുകളും മൂലം ഈ സ്ഥാപനം കാലക്രമത്തിൽ തകർന്നു. 1945-47 കാലഘട്ടത്തിൽ നിലേശ്വരത്ത് ഒന്നാം ഗ്രാമത്തിലും രണ്ടാം ഗ്രാമത്തിലുമായി ജാഗീർ മാനുഫാക്ചേർസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റികളും രൂപം കൊണ്ടു.

ഇതേകാലയളവിൽ തന്നെ 1936 - ൽ മദിരാശി സഹകരണ സംഘം ആക്ട് നമ്പർ ആക്ട് പ്രകാരം നിലേശ്വരം കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് 14-12-1946-ൽ പ്രവർത്തനം തുടങ്ങി. നിലേശ്വരത്തെ സഹകാരികളുടെ നല്ലൊരുപങ്കായ ശ്രീ. എൻ. ചിണ്ടൻ നായരായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. നാൾക്കുനാൾ പുരോഗതി പ്രാപിച്ച ഈ ബാങ്ക് 1963-ൽ സർവ്വീസ് സഹകരണ ബാങ്കായി മാറി. പ്രസ്തുത ബാങ്കാണ് ഇന്നത്തെ നിലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്. പേരോൽ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന നിലേശ്വരം കോ-ഓപ്പറേറ്റീവ് സ്റ്റോർസിന്റെ പതനം നിലേശ്വരം സർവ്വീസ് സഹകരണ ബാങ്കിന്റെ വളർച്ചയ്ക്ക് കാരണമായി എന്നതുകൊണ്ടാവാം. കോ-ഓപ്പറേറ്റീവ് സ്റ്റോർസ് കൈകാര്യം ചെയ്തിരുന്ന പൊതുവിതരണ കേന്ദ്രങ്ങളുടെ ചുമതല നിലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് ഏറ്റെടുക്കുകയും വെല്ലിയടുക്കം, ചായോത്ത്, കുറാക്കുണ്ട്, വെള്ളരിക്കുണ്ട് തുടങ്ങി ഇന്നത്തെ ഹോസ്ദുർഗ് താലൂക്കിലെ പലഭാഗങ്ങളിലും പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് നിലേശ്വരത്തെ കാർഷികമേഖലയിലെ ഗണ്യമായ പുരോഗതി കൈവരിക്കുന്നതിനുവേണ്ടി വലിയൊരു താങ്ങായി ഈ ബാങ്ക് പ്രവർത്തിച്ചുവന്നു. സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ ബാങ്കുകളിലൊന്നായി മാറികഴിഞ്ഞ ബാങ്കിന്റെ ചരിത്രം സംഭവബഹുലവും ത്യാഗ നിർഭരവുമാണ്.

ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന എല്ലാ വിഭാഗത്തിലും പെട്ട

സഹകരണസംഘങ്ങൾ നീലേശ്വരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കാർഷിക, വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ളതും, ഭവന നിർമ്മാണം, സ്വയം തൊഴിൽ, ഗ്രാമീണ വ്യവസായം, ട്രാൻസ്പോർട്ട്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്നതുമായ എല്ലാ തരത്തിൽപ്പെട്ട സഹകരണസംഘങ്ങളും നീലേശ്വരത്ത് വിജയകരമായി വളർന്നു വന്നിട്ടുണ്ട്.

പട്ടിക -1

നീലേശ്വരത്തെ സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ

പേര് പേര്

നീലേശ്വർ വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്

നീലേശ്വരം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം

നീലേശ്വരം ബീഡി വർക്കേർസ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റ്

ജ്വല്ലറി & മൈ വർക്കേർസ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

നീലേശ്വരം കോ-ഓപ്പറേറ്റീവ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

നീലേശ്വരം ബീഡി വർക്കേർസ് വെൽഫയർ സൊസൈറ്റി

നീലേശ്വരം പാൽ വിതരണ സഹകരണ സംഘം.

നീലേശ്വരം പട്ടികജാതി പട്ടിക വർഗ്ഗ സഹകരണസംഘം

നീലേശ്വരം കോ-ഓപ്പറേറ്റീവ് ഹോട്ടൽ കോമ്പൗണ്ടിൻ സൊസൈറ്റി - പ്രവർത്തന രഹിതം

നീലേശ്വരം എഫ്. സി. ഐ. വർക്കേർസ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

നീലേശ്വരം കാഷ്യൂനട്ട് ഗ്രോവേർസ് കൺഫാക്ചറിംഗ് & പ്രൊസസിംഗ് സൊസൈറ്റി. - പ്രവർത്തന രഹിതം

13. നീലേശ്വരം ബ്ലോക്ക് മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

14. നീലേശ്വരം ഖാദി പ്രൊഡ്യൂസേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

15. നീലേശ്വരം എക്സ് ഗൾഫ് മെൻ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

16. നീലേശ്വരം എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. പ്രവർത്തനരഹിതം

17. നീലേശ്വരം രാജാസ് ഹൈസ്ക്കൂൾ സ്റ്റാഫ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി.

18. നീലേശ്വരം ബ്ലോക്ക് ഗ്രാമ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

19. നീലേശ്വരം കയർ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

20. നീലേശ്വരം ബാംബു വർക്കേർസ് ഇൻഡസ്ട്രയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി

21. നീലേശ്വരം രാജാസ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

22. സെയിന്റ്മേരീസ് യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

23. കോട്ടപ്പുറം ഗവ: ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

24. റൂറൽ ഹൗസിംഗ് സൊസൈറ്റി.

25. അംഗകളരി കുട്ട വ്യവസായ സഹകരണ സംഘം

26. മയൂരി ബ്രഷ് സഹകരണ സംഘം

27. വനിതാ വ്യവസായ സഹകരണ സംഘം (ബേക്കറി)

28. പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണ സംഘം

29. വിവേകാനന്ദ മിൽക്ക് പ്രൊഡക്ഷൻ സൊസൈറ്റി

ഇവ ഓരോന്നിന്റെയും പ്രവർത്തനങ്ങൾ സവിസ്തരം പ്രതിപാദിക്കാൻ കഴിയില്ലെങ്കിലും പ്രധാന സഹകരണസംഘങ്ങളുടെ പ്രവർത്തനം തുടർന്നുള്ള ഭാഗത്ത് വിലയിരുത്താൻ ശ്രമിക്കാം.

നീലേശ്വരത്തെ പ്രധാനപ്പെട്ട ചില സഹകരണസ്ഥാപനങ്ങളുടെ വിവരം

സ്ഥാപനത്തിന്റെ പേര്	പ്രവർത്തനമാരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	പ്രവർത്തന മൂലധനം	നിക്ഷേപം	നൽകിയ വായ്പ
നീലേശ്വരം സർവീസ് സഹകരണ ബാങ്ക്	14.12.1946	4813	14,60,11,914	13,95,14,037	18,70,94,028
നീലേശ്വരം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം	23.4.1980	1926	4,00,00,000	-	98,000.00
നീലേശ്വരം വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി	24.11.1924	170	35,91,484	-	-
നീലേശ്വരംബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി	16.3.1969	2560	54,99,952	-	-
ജ്വല്ലറി & ഡൈ വർക്കേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി	25.9.1959	165	20,560	-	-
നീലേശ്വരം കോപ്പറേറ്റീവ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി	20.3.1957	153	408,802	-	-
നീലേശ്വരംബീഡി വർക്കേഴ്സ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി	23.12.1987	1282	1,59,229	-	1,62,293
നീലേശ്വരംപാൽ വിതരണ സഹകരണസംഘം.	8.2.63	418	2,90,000	-	7,000
നീലേശ്വരംപട്ടികജാതുപട്ടികവർഗ്ഗ സഹകരണസംഘം.	23.12.83	468	16,386.00	-	10,500

നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്

സഹകരണ വകുപ്പ് ഉദ്യോഗസ്ഥനായി ജീവിതം ആരംഭിക്കുകയും പിന്നീട് സംസ്ഥാന സഹകരണ ആരോഗ്യ വകുപ്പ് മന്ത്രിയും ആയിതീരുകയും ചെയ്ത യശഃശ്ശരീരനായ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ 1956-ൽ ബാങ്കിന്റെ പ്രസിഡണ്ടായി. മന്ത്രിയായിരുന്ന കാലയളവിലൊഴിച്ച് മരണം വരെയും അദ്ദേഹം ബാങ്കിന്റെ പ്രസിഡണ്ടായിരുന്നു. ഈ കാലയളവിൽ ബാങ്ക് പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് കുതിച്ചു. 1995-96 വർഷത്തിൽ 21,45,235 രൂപ ലാഭം ഉണ്ടാക്കാൻ ഈ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. 4813 എ. ക്ലാസ് മെമ്പർമാരും 54,297 സി.ക്ലാസ് മെമ്പർമാരുമുള്ള ഈ ബാങ്ക് 1995- 96 വർഷത്തിൽ വിവിധ മേഖലകളിലായ് 18,70,94,028 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. 57 സ്ഥിരം ജീവനക്കാരും 30 താൽക്കാലിക ജീവനക്കാരും അടക്കം 87 ജീവനക്കാരും ഉള്ള ഈ ബാങ്ക് ജില്ലയിലെ എ. ഗ്രേഡ് സ്പെഷൽ ഗ്രേഡ് ബാങ്കാണ്. സംസ്ഥാനത്തു തന്നെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന് സേവന രംഗത്ത് ഒരുപാട് പുരസ്ക്കാരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന പരാതി നിലനിൽക്കുന്നു.

നീലേശ്വരം ഭവന നിർമ്മാണ സഹകരണ സംഘം

23-4-1980 - ൽ ആരംഭിച്ച സംഘം ചുരുങ്ങിയ കാലം കൊണ്ടുതന്നെ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറികൊണ്ടിരിക്കുകയാണ്. 4 കോടി രൂപ പ്രവർത്തന മൂലധനമുള്ള ഈ സഹകരണ സംഘം1995- 56 സാമ്പത്തിക വർഷത്തിൽ 326 പേർക്കായി 98 ലക്ഷം രൂപ ഭവന നിർമ്മാണ വായ്പ അനുവദിച്ചിട്ടുണ്ട്. 3 ജീവനക്കാർ സംഘത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടുതൽ ജനങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചാൽ സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ അത് പ്രയോജനമാകും.

നീലേശ്വരം ബീഡി വർക്കേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

സ്വകാര്യ ബീഡി മുതലാളിമാരുടെ അളവറ്റ ചൂഷണത്തിൽ നിന്നും ബീഡി തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടിയും, സ്വകാര്യ വ്യവസായ രംഗത്ത് തൊഴിൽ നഷ്ട്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയും കണ്ണൂർ കേന്ദ്രമായി ആരംഭിച്ച ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിന്റെ പ്രാഥമിക സംഘമായി 16-3- 1963-ൽ ഈ സംഘം പ്രവർത്തനമാരംഭിച്ചു. 2560 തൊഴിലാളികൾ അംഗങ്ങളായുള്ള ഈ സംഘത്തിന് 5499952 രൂപ പ്രവർത്തന മൂലധന മുണ്ട്. 1995- 96 വർഷത്തിൽ 19,60,663 രൂപ നഷ്ടമായിരുന്നു. 16 ബ്രാഞ്ചുകളിലും ഒരു ലേബളിംഗ് വിഭാഗത്തിലുമായി 1547 തൊഴിലാളികൾ ജോലിചെയ്തു വരുന്നു. നീലേശ്വരം പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപന ഇതാണ്. സംഘത്തിന്റെ ഓഫീസിൽ സെക്രട്ടറി യടക്കം 34 ജീവനക്കാരുണ്ട്. ബീഡി വ്യവസായം മൊത്തത്തിൽ നേരിടുന്ന പ്രതിസന്ധി കൾ ഈ സംഘത്തേയും ബാധിച്ചതായി കാണാം. എങ്കിലും ഏറ്റവും വലിയ സംഘടിത തൊഴിൽ മേഖല എന്ന നിലയിൽ തൊഴിലാളികളുടെ സ: മുഹൃ സാമ്പത്തിക നിലവാരംഉയർത്തുന്നതിൽപ്രധാന പങ്കുവഹിച്ചു വരുന്ന ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

കൂടാതെ നീലേശ്വരം വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും നീലേശ്വരം പാൽ വിതരണ സംഘവും നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ ചിലതാണ്. നീലേശ്വരം പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ സംഘം, ബ്ലോക്ക് മോട്ടോർ ട്രാൻസ്പോർട്ട് സൊസൈറ്റി എന്നിവയും വളർന്നു വരുന്ന സഹകരണ സംഘങ്ങളിൽ ചിലതാണ്.

പട്ടിക - 1 ൽ നിന്നും മിക്കവാറും എല്ലാ മേഖലകളിലും ഉള്ള സൊസൈറ്റികളും നീലേശ്വരത്തു പ്രവർത്തിച്ചു വരുന്നതായി കാണാം. എന്നാൽ ഇവയിൽ പലതും പേരിനു മാത്രം. പ്രവർത്തിക്കുന്നവയാണ്. പല സംഘങ്ങളും ലിക്വിഡേഷൻ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം സംഘങ്ങളെയൊക്കെ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ സഹകരണ പ്രസ്ഥാനത്തിന്റെ യതാർത്ഥ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ നമ്മുക്ക് സാധിക്കുകയുള്ളു. കൂടാതെ പുതുതായി സാധ്യതയുള്ള മേഖലകളിലെല്ലാം സഹകരണ സംഘങ്ങൾ രൂപവൽക്കരിക്കേണ്ടതുണ്ട്. സ്വയം തൊഴിൽ സഹകരണ സംഘങ്ങളും, വനിതാ സഹകരണ സംഘങ്ങളും ഉണ്ടാക്കിയെടുത്താൽ യുവജനങ്ങളുടെയും, വനിതകളുടേയും തൊഴിലില്ലായ്മ നിർമാർജന രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്താൻ കഴിയും. സഹകരണ രംഗത്തെ കുറിച്ച് ഗ്രാമ സഭകളിൽ വളരെ സമഗ്രമായ ചർച്ചകളും ക്രിയത്മക നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അവയുടെ പ്രസക്തമായ ഭാഗങ്ങൾ താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ:

1. സഹകരണ സംഘങ്ങളുടെ ജനകീയ അടിത്തറ പരിമിതമാണ്. മുഴുവൻ ജനങ്ങളിലേക്കും പ്രവർത്തനം വ്യാപിക്കുന്നില്ല.

2. പലസഹകരണ സംഘങ്ങളും ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെടുകയും വളരെ പെട്ടന്ന് പ്രവർത്തന രഹിതമാവുകയും ചെയ്യുന്നു.

3. നബാർഡു മുഖേന ലഭിക്കുന്ന വായ്പകൾക്ക് പലിശ കൂടുതലാണ്. ആവശ്യമായ കർഷകർക്കു മുഴുവൻ സഹകരണ സ്ഥാപനങ്ങളിൽ അഗത്വം ലഭിക്കുന്നില്ല.

4. സഹകരണ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കപ്പെടാത്തതുമൂലം പുതുതായി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ നിലനിൽക്കുന്നു.

5. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ വൈവിദ്യമാർന്ന പ്രവർത്തന മേഖലകളിലേക്ക് കടന്നു ചെല്ലുന്നില്ല.

6. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളേയും ബ്ലേഡു കമ്പനികളെയും അംഗീകാരമില്ലാത്ത ചിട്ടകളേയും നിയന്ത്രിക്കാൻ ഫലപ്രദമായ സംവിധാനമില്ല.

7. താഴ്ന്ന വരുമാനകാർക്കു വേണ്ടി ഭവന നിർമ്മാണ രംഗത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

8. സ്വയം തൊഴിൽ സഹകരണ സംഘങ്ങൾ നിലവിലില്ല.

9. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ നിലവിലില്ല.

10, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ നിലവിലില്ല.

സാധ്യതകൾ:

1. അർഹരായ മുഴുവൻ ആളുകൾക്കും സഹകരണ സംഘങ്ങളിൽ അഗത്വം നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

2. സഹകരണ രംഗത്തെ അമിത രാഷ്ട്രീയ വൽക്കരണം അവസാനിപ്പിച്ച് യഥാർത്ഥ സഹകാരി പ്രസ്ഥാനമാക്കി മാറ്റണം.

3. കർഷകർക്കുള്ള വായ്പകളുടെ പലിശ നിരക്ക് കുറക്കണം.

4. സഹകരണ സംഘങ്ങൾ ആരംഭിക്കാനുള്ള പരിധികൾ കുറച്ച് സഹകരണ നിയമം ഭേദഗതി ചെയ്യണം.

5. സാധ്യതയുള്ള എല്ലാ മേഖലകളിലും പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുകയോ നിലവിലുള്ളവയുടെ പ്രവർത്തനം വ്യപിപ്പിക്കുകയോ ചെയ്യുക.

6. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിന്മേൽ കഠിന നിയന്ത്രണം കൊണ്ടുവരണം.

7. പഞ്ചായത്തു തലത്തിൽ താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ഗ്രാമീണ ഭവന നിർമ്മാണ സഹകരണ സംഘം രൂപവൽക്കരിക്കണം. അതോടൊപ്പം ഗൃഹനിർമ്മാണ സാമഗ്രികൾ സഹകരണാടിസ്ഥാനത്തിൽ സമാഹരിച്ച് വിതരണം ചെയ്യണം.

8. സ്വയം തൊഴിൽ സഹകരണ സംഘങ്ങൾ രൂപവൽക്കരിക്കണം.

9. ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലകളിൽ ആരംഭിക്കണം.

10. സഹകരണ മേഖലയിൽ ആശുപത്രിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കണം.

11. പ്രാഥമിക സഹകരണ സംഘങ്ങളിൽ വായ്പ എടുക്കുമ്പോൾ ഭൂമി രജിസ്ട്രാഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് പകരം കാർഷിക വികസന ബാങ്കുകളിൽ നടപ്പുള്ളതുപോലെ ഗഹാൻസമ്പ്രദായം മാത്രം സ്വീകരിക്കുക.

12.സഹകരണ നിയമം അനുശാസിക്കുന്നതുപോലെ നിലേശ്വരം സർവ്വീസ് ബാങ്കിലെ ജീവനക്കാരുടെ നിയമനത്തിൽ സ്ത്രീകൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും മതിയായ പ്രാധിനിത്യം വരുത്തണം.

5.11

പട്ടികജാതി

പട്ടിക വർഗ്ഗ ക്ഷേമം

ആസൂത്രണത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികളാണ് ദാരിദ്ര്യവും തൊഴിലിലായ്മയും. പ്രത്യേകിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗ ദുർബല ജനവിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികളാണ്. ആസൂത്രിതമായ നീക്കങ്ങളിലൂടെ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായ് ഏറെ സമ്പത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും നാം ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന സത്യം അവഗേഷിക്കുന്നു. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഈ വിഭാഗങ്ങൾക്ക് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പട്ടിക ജാതി പട്ടിക വർഗ്ഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഏറെയും ദാരിദ്ര്യ രേഖയ്ക്ക് താഴെയ്ണെന്നത് ഒരു ദുഃഖ സത്യമാണ്.

നീലേശ്വരം ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 4% ഓളം മാത്രമേ വരുന്നുള്ളൂ. പട്ടിക ജാതി ജനസംഖ്യ 1339 ഉം പട്ടിക വർഗ്ഗ ജനസംഖ്യ 9 ഉം ആണ്. ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ദാരിദ്ര്യം, തൊഴിലിലായ്മ എന്നീ അടിസ്ഥാന പ്രശ്നങ്ങൾ തന്നെയാണ് ഇവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. സാമൂഹ്യമായി പിന്നോക്കമായിരുന്ന ഈ വിഭാഗത്തിന് വിദ്യാഭ്യാസ സാമൂഹ്യരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തെ പുരോഗതി നിരാശാജനകമാണ്. ഒട്ടേറെ വികസന പദ്ധതികൾ നിലവിലുണ്ടെങ്കിലും ഈ പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ഇവരിലേക്കെത്തിചേർ

നീലേശ്വരം പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങ ളുടെയെണ്ണം

ആകെ ജനസംഖ്യ	പട്ടികജാതി		ആകെ	ശതമാനം			ആകെ	ശതമാനം
	പുരുഷൻ	സ്ത്രീ			പുരുഷൻ	സ്ത്രീ		
36,545	644	689	1339	3.6%	2	7	9	.02%

നമ്പർ	സ്ഥലം
1	കൊട്ടറ
2	കരുവാച്ചേരി
3	വള്ളിക്കുന്ന് ചക്ലിയകോളനി
4	കണിച്ചിറ

ന്നിട്ടില്ല. പട്ടിക ജാതി ജനങ്ങളിൽ പ്രധാനമായും പുലയർ, മാവിലൻ, ചക്കിയർ, മലയൻ, വണ്ണാൻ എന്നി ജാതികളിൽ പെട്ടവരാണ്. ഇവരുടെ സാമൂഹ്യ പദവികളിൽ ഏറെയൊന്നും വ്യത്യാസങ്ങളില്ല. പരമ്പരാഗതമായി പായ നെയ്ത്, കുട്ട നിർമ്മാണം, കുമ്മായ നിർമ്മാണം, തെയ്യം കെട്ട്, അലക്ക്, വൈദ്യം എന്നി തൊഴിലുകളാണ് ഇവർ ചെയ്തിരുന്നത്. ചക്കിയ വിഭാഗത്തിൽ പെട്ടവരുടെ സാമൂഹ്യാവസ്ഥ മറ്റു വിഭാഗങ്ങളോളം എത്തിയിട്ടിലെന്നത് ഒരു യാഥാർത്ഥ്യമാണ്. പുരുഷൻമാരിൽ ഭൂരിഭാഗവും ചുമട്ടു തൊഴിലാളികളാണ്. സ്ത്രീകൾ മറ്റു കൂലിപണികളിലേർപ്പെട്ടിരിക്കുന്നു.

കൊട്ടറ, കരുവാച്ചേരി എന്നീ കോളനികളിൽ പുലയ ജാതിയിൽപ്പെട്ട ആളുകളാണ് താമസിക്കുന്നത്. ഈ കോളനികളിലെ വീടുകൾ മിക്കവാറും ഓടു മേഞ്ഞവയാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്നു പറയാൻ വയ്യ. വീടുകളിലധികവും സംരക്ഷണത്തിന്റെയും അറ്റകുറ്റ പണികളുടേയും അഭാവം കൊണ്ട് നാശം നേരിടുകയാണ്. പത്തു സെന്റ് കൂടുതലായി സ്ഥലമുള്ള ആളുകളുടെ എണ്ണം വളരെ കുറവാണ്. കുറഞ്ഞ ഭൂമിയുള്ളവർക്ക് പരമ്പരാഗത തൊഴിലുകളല്ലാതെ മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയുന്നില്ല. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കുട്ട മെടയൽ എന്നിവയ്ക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ലഭിക്കാത്തതിനാൽ കോളനികളിൽ രൂക്ഷമായ തൊഴിൽ പ്രശ്നം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടു തന്നെ ജനസംഖ്യയിൽ ഭൂരിഭാഗവും കൂലിപ്പണിയെടുത്താണ് ഉപജീവനം നടത്തുന്നത്. സർക്കാർ പ്രൈവറ്റ് മേഖലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറവാണ്. കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നി പ്രശ്നങ്ങളും നിലവിലുണ്ട്. അധിക കുടുംബങ്ങൾക്കും സ്വന്തമായി കിണറുകളില്ല. കോളനികളിൽ പോഷണ കുറവിന്റെയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും നിലവിലുണ്ട്. ആധിക വീടുകൾക്കും കക്കൂസുകളില്ല. വളരെയടുത്തടുത്താണ് വീടുകൾ എന്നുള്ളതിനാൽ പരിസര ശുചിത്വം കോളനിയിലെ വലിയൊരു പ്രശ്നമാണ്. അതുപോലെ മാലിന്യ നിർമാർജ്ജന പ്രശ്നവുമുണ്ട്.

സാമ്പത്തിക മേഖല പരിശോധിച്ചാൽ ഏറെയൊന്നും പുരോഗതി കാണിക്കാൻ സാധ്യമല്ല. JRY, IRDP തുടങ്ങിയ നിരവധി പദ്ധതികളുണ്ടെങ്കിലും വ്യവസ്ഥകളുടെ സങ്കീർണ്ണത കൊണ്ടും ശരിയായ അറിവില്ലായ്മ കൊണ്ടും ഈ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും വേണ്ടത്ര ലഭിച്ചിട്ടില്ല.

കോളനികളിലെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമാണെന്ന് പറയാവുന്ന കണക്കുകളൊന്നും നിരത്താനില്ല. എസ്. എസ്. എൽ. സി.ക്കപ്പുറം വിദ്യാഭ്യാസം സിദ്ധിച്ചവർ വിരലിലെണ്ണാവുന്നവരേയുള്ളൂ. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. കൊഴിഞ്ഞുപോക്ക് വലിയൊരു പ്രശ്നമാണ്. ദരിദ്രമായ കുടുംബചുറ്റുപാടുകൾ ഇളം തലമുറയെ കൂലി വേലയിലേക്ക് തള്ളിവിടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇത് മാറ്റിയെടുക്കാൻ പഞ്ചായത്തു തലത്തിൽ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

പള്ളിക്കുന്ന് ചക്കിയ കോളനിയുടെ അവസ്ഥ മേൽപറഞ്ഞ രണ്ടു കോളനികളുടേതിനേക്കാൾ ദയനീയമാണ്. ഈ കോളനി നിവാസികളുടെ സാമൂഹ്യാവസ്ഥ ഇന്നിയും ഉയരേണ്ടതുണ്ട്. കോളനിയിൽ തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ രൂക്ഷമായ പ്രശ്നമാണ്. വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. എസ്. എസ്. എൽ. സി വിദ്യാഭ്യാസത്തിനപ്പുറം ആരും എത്തിയിട്ടില്ലെന്നാണ് സത്യം.

കോളനികളിൽ താമസിക്കുന്ന പട്ടിക ജാതിക്കാർക്കു പുറമേ ഗ്രാമ പഞ്ചായത്തിലെ മറ്റു ജന വിഭാഗങ്ങൾക്കിടയിൽ താമസിക്കുന്ന പട്ടിക ജാതിക്കാരുണ്ട്. ഇവരുടെ സാമൂഹ്യമായ അവസ്ഥ കോളനി നിവാസികളേക്കാൾ ഒരു പടികൂടി മുന്നിലാണെന്നു പറയാം. എന്നാൽ സാമ്പത്തിക കാര്യത്തിൽ വലിയ പുരോഗതി ഇല്ല. നിയമപരമായ സങ്കീർണ്ണതകൾ മൂലം കോളനി നിവാസികൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല.

പട്ടിക ജാതിക്കാർക്കിടയിൽ ചിലർ പ്രത്യേകമായ ആചാരങ്ങൾ നിലവിലുണ്ട്. മരിച്ചു കഴിഞ്ഞാൽ ശവം കുഴിച്ചു മൂടുന്ന അവസ്ഥ ചക്കിയക്കാരുടെ ഇടയിൽ നിലനിൽക്കുന്നു. പഴയകാലത്ത് ചക്കിയ കോളനിയിൽ മുപ്പനാണ് തർക്കങ്ങളിൽ തീർപ്പു കൽപ്പിച്ചിരുന്നത്. ഇവർക്ക് ഇവരുടേതായ ആരാധനാ മൂർത്തിയും ദേവതകളും ഉണ്ട്. മാരിയമ്മയുടെ തെയ്യക്കോലം ഇന്നും കോളനിയിലെ അമ്പലത്തിൽ കെട്ടിയാടുന്നുണ്ട്. മലയർ, വണ്ണാന്മാർ എന്നീ ജാതികൾ തെയ്യം കെട്ട് ഉപജീവനമാക്കിയവരാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. കുരുത്തോലകൊണ്ടും വിലകുറഞ്ഞ മറ്റു വസ്തുക്കൾ കൊണ്ടും അടയാഭരണങ്ങൾ ഇവർ സ്വയം നിർമ്മിക്കുകയാണ് ചെയ്യുന്നത്. അതുപോലെ ചെണ്ട മേളത്തിലും ഇക്കൂട്ടർക്ക് വൈദഗ്ദ്ധ്യം ഉണ്ട്. തോറ്റങ്ങളുടേയും തെയ്യം പാട്ടിന്റെയും വലിയൊരു ശേഖരം ഈ സമൂഹത്തിനുണ്ട്. ഇവരുടെ കാവിലുംപാടി കലാരൂപവും ഉപയോഗപ്പെടുത്തി മറ്റുള്ളവരുടെ

ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതകൾ ഇനിയും ഉപയോഗപ്പെടേണ്ടതുണ്ട്. ഗ്രാമ സഭകളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തെ കുറിച്ച് കാര്യമാത്ര പ്രസക്തമായ ചർച്ചകൾ ഉയർന്നു വന്നിട്ടുണ്ട്. അവയിലെ പ്രസക്തമായ ചിലഭാഗങ്ങൾ താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ:

1. പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ പ്രധാന പ്രശ്നം ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്.

2. പലർക്കും സ്വന്തമായി വീടില്ല. ഉള്ള വീടുകളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. പലവീട്ടിലും കക്കൂസുകൾ ഇല്ല.

3. കുടിവെള്ള ക്ഷാമം കോളനികളിൽ രൂക്ഷമാണ്. വൈദ്യുതി ലഭിക്കാത്ത പ്രശ്നവും ഉണ്ട്.

4. വീടുകൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാൽ ശുചിത്വക്കുറവുണ്ട്.

5. ആരോഗ്യ, വിദ്യാഭ്യാസ സേവന സൗകര്യങ്ങൾ കുറവാണ്.

6. സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. അനർഹർ തട്ടിയെടുക്കുന്ന സ്ഥിതിയും ഉണ്ട്.

7. പട്ടിക ജാതി ക്ഷേമ കോർപ്പറേഷൻ വഴി ലഭിക്കുന്ന വായ്പയുടെ നിബന്ധനകൾ സങ്കീർണ്ണമാണ്. വായ്പാതുക പരിമിതമാകയാലും മറ്റും പലപ്പോഴും ലക്ഷ്യം നേടുന്നില്ല.

8. നിലവിലുള്ള പട്ടികജാതി സഹകരണ സംഘത്തിന്റെ സേവനം അർഹതയുള്ള മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല.

9. അവശ തെയ്യം കലാകാരൻ മാർക്ക് പെൻഷൻ പോലെയുള്ള സഹായ ധനം ലഭിക്കുന്നില്ല.

10. പരമ്പരാഗത ജോലികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

11. സർക്കാരിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് വേണ്ടത്ര ബോധവാൻമാരല്ല.

12. കോളനികളോടനുബന്ധിച്ച് വായനശാലകളോ, ബാലവാടികളോ മഹിളാ സമാജങ്ങളോ പ്രവർത്തിക്കുന്നില്ല.

13. നിലവിലുള്ള I.T.C യുടെ തൊഴിൽ പരിശീലനം തൃപ്തികരമല്ല. തൊഴിൽ പരിശീലനത്തിനു ശേഷം അനുബന്ധ സേവനങ്ങൾക്കു വേണ്ടിയുള്ള സംവിധാനം ഉണ്ടാകണം.

14. ഭൂമിയില്ലാത്ത പട്ടികജാതിക്കാർ ഉണ്ട്. പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം ലഭിച്ചിട്ടില്ല.

15. പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് ലഭിക്കുന്നില്ല. ഔഷധച്ചെടികൾ വച്ച് പിടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.

16. 4,10 വാർഡുകളിലെ അഴീക്കൽ, ചെറപ്പുറം ആലിങ്കീഴിൽ എന്നീ പ്രദേശങ്ങളിൽ കൂട്ടമായ താമസിക്കുന്ന പട്ടികജാതി - പട്ടിക വർഗ്ഗ കുടുംബങ്ങളെ കോളനിയായി അംഗീകരിച്ചിട്ടില്ല.

സാധ്യതകൾ;

1. പഞ്ചായത്തടിസ്ഥാനത്തിൽ പായമെടയൽ, കൊട്ടമെടയൽ, തുകൽ സംസ്കരണം, കുമ്മായ നിർമ്മാണം എന്നീ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കാം.

2. സാമ്പത്തികാനുകൂല്യങ്ങളും ലോണുകളും ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് കാലതാമസം ഇല്ലാതെ ലഭ്യമാക്കാനുള്ള അവസ്ഥ ഉണ്ടാക്കണം.

3. എല്ലാ കോളനികളിലും കമ്യൂണിറ്റി ഹാൾ, ബാലവാടി, വായനശാല എന്നിവ ഏർപ്പെടുത്തണം.

4. കോളനികളിൽ ശുചിത്വത്തെകുറിച്ച് ബോധവൽക്കരണം നടത്തുക. മുഴുവൻ ആളുകൾക്കും കക്കൂസുകൾ നിർമ്മിച്ച് നൽകുക.

5. എല്ലാവർക്കും കുടിവെള്ളം ഉറപ്പു വരുത്തുക. കോളനികളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. തെരുവു വിളക്കുകൾ സ്ഥാപിക്കണം.

6. തെയ്യം കലാകാരൻമാരെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുക. അവരുടെ ക്ഷേമത്തിനു വേണ്ടി ധന സഹായം നൽകുക.

7. നാടൻ വയറ്റാട്ടി മാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുക.

8. പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ചെറുകിട വ്യവസായ

ാഗത്ത് പരിശീലനം നൽകുകയും അവശ്യമായ ലോണുകളും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

9. കോളനികളിലെ എല്ലാ വീടുകളും വൈദ്യുതികരിക്കുക.

10. എല്ലാ കോളനികളിലും പൊതുശ്മശാനവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക.

11. വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു നൽകുക.

12. കോളനികളിലല്ലാതെ താമസിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന ഉറപ്പു വരുത്തുക. അംഗീകാരിക്കാത്ത മുഴുവൻ കോളനികളെയും അംഗീകരിക്കുക.

13. പഴകിയ വാസയോഗ്യമല്ലാത്ത എല്ലാ വീടുകളും പുനർ നിർമ്മിക്കുക. വീടുകൾ തമ്മിലുള്ള അകലം വർദ്ധിപ്പിക്കണം. എല്ലാ വീടുകളിലും കുടിവെള്ള സൗകര്യമുണ്ടാകണം.

14. അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക.

15. സമൂഹത്തിൽ അനുഭവ പൂർണ്ണമായ സമീപനം വളർത്തുക.

16. വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക.

17. കോളനി സമീപനത്തിന് പകരം വികേന്ദ്രീകൃത സമീപനത്തിന്റെ സാധ്യത ആരായുക.

5.12 വിഭവ സമാഹരണം

നമ്മുടെ ആവശ്യങ്ങൾ ദിനം പ്രതി വർദ്ധിച്ചു വരുന്നു. പക്ഷെ ഈ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവ സാധ്യതകളാകട്ടെ ആവശ്യങ്ങൾക്കനുസരിച്ച് വർദ്ധിപ്പിക്കാനും കഴിയുന്നില്ല. ആസൂത്രണത്തിന്റെ പ്രധാന പ്രശ്നവിളികളിലൊന്ന് ആവശ്യങ്ങളെയും വിഭവ സാധ്യതകളേയും സമഞ്ജസമായി സമന്വയിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ്. വികസനം എന്നത് സർക്കാർ കനിഞ്ഞു നൽകുന്നതാണെന്ന നമ്മുടെ സമീപന രീതിയിൽ ഏറെ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. നാളിതുവരെയുള്ള ആസൂത്രണത്തിന്റെ അജണ്ടയിൽ പ്രാദേശികമായ വിഭവ സമാഹരണത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്തില്ല എന്ന പോരായ്മ നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആസൂത്രണ പ്രക്രിയയെ മനുഷ്യ വിഭവ ശേഷിയുടെ സാധ്യതകൾ കൂടി സങ്കലനം ചെയ്യുമ്പോൾ ആവശ്യങ്ങളുടെയും വിഭവങ്ങളുടെയും പട്ടികകൾക്കിടയിലുള്ള അന്തരം കുറയ്ക്കുവാനുള്ള സാധ്യതയാണ് നാം തുറന്നിടുന്നത്. ഈ ഒരു കാഴ്ചപ്പാടിലൂടെ പ്രാദേശികതല ആസൂത്രണ പ്രക്രിയയെ സമീപിച്ചാൽ നമ്മുടെ വിഭവ ദാരിദ്ര്യത്തെ ഒരു പരിധിവരെ മറികടക്കാൻ കഴിയുമെന്ന തോന്നുന്നു.

നീലേശ്വരം ഗ്രാമ പഞ്ചായത്ത് കാസർഗോഡ് ജില്ലയിലെ സ്പെഷൽ ഗ്രേഡ് പഞ്ചായത്തുകളിൽ വരുമാനത്തിന്റെയും ചുലവുകളുടെയും കാര്യത്തിൽ ഒന്നാം സ്ഥാനത്തു തന്നെയാണ്. പക്ഷെ നമ്മുടെ വർദ്ധിച്ചുവരുന്ന ജനസംഖ്യകൂടി കണക്കിലെടുക്കുമ്പോൾ വികസന പ്രക്രിയയ്ക്ക് സ്ഥായീഭാവം നഷ്ടപ്പെട്ടുപോകുന്നുവോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ വരുമാന സ്രോതസുകളിലേക്ക് ഒന്ന കണ്ണോടിച്ചു നോക്കാം. വർഷംതോറും വരുമാനം വർദ്ധിച്ചുവരുന്നു എന്നത് സത്യമാണ്. പക്ഷേ അതോടൊപ്പം ചിലവുകളും വർദ്ധിച്ചു വരുന്നു. എന്നതും യാഥാർത്ഥ്യമാണ്. സമ്പത്തുൽപാദന മേഖലയിൽ കാര്യമായ നിക്ഷേപങ്ങളൊന്നും നടത്താൻ നമുക്കിതുവരെ സാധിച്ചിട്ടില്ല.അതുകൊണ്ട് തന്നെ വരവും ചിലവും തമ്മിലുള്ള അന്തരം ഏറെയൊന്നും കുറച്ചുകൊണ്ടുവരാൻ നമുക്കു സാധിക്കുന്നില്ല. വിഭവ സാധ്യതകളുടെ പുതിയ മേഖലകൾ നാം കണ്ടെത്താത്തിടത്തോളം വികസനരാഗത്തെ ഈ നിശ്ചലാവസ്ഥ മാറ്റിയെടുക്കാൻ നമുക്ക് കഴിയുമെന്ന് തോന്നുന്നില്ല.

നികുതിയിനത്തിൽ വർഷംതോറും കുടിശ്ശികവരുന്നുണ്ട്. ഇത് പലപ്പോഴും പിരിഞ്ഞുകിട്ടാത്തവസ്ഥയാണുള്ളത്. അതോടൊപ്പം തന്നെ പുതിയ വരുമാന മാർഗങ്ങൾ ഉണ്ടാകുന്നുമില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെയും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിലൂടെയും വിഭവസമാഹരണ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും. സാമ്പത്തിക മേഖലയിൽ കാര്യമായുള്ള മുതൽമുടക്കില്ലായ്മ മൂലം വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയല്ലാതെ മറ്റു രീതികളിൽ പുതിയ വരുമാനങ്ങളുണ്ടാകുന്നില്ല. ഉൽപ്പാദന മേഖലകളിൽ നിക്ഷേപം നടത്തിയാൽ അതുവഴി പുതിയ വിഭവസമാഹരണ സാധ്യതകൾ കണ്ടെത്താൻ കഴിയും.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 40 ശതമാനം തുകയും ഭരണചെലവും, പൊതുമരാമത്ത് ചെലവുമാണ്. സേവന മേഖലയ്ക്കും മറ്റ് വികസന മേഖലകൾക്കും വേണ്ടി വളരെ ചുരുങ്ങിയ തുക മാത്രമേ ചിലവഴിക്കാൻ സാധിക്കുന്നുള്ളൂ. സംസ്ഥാന ബജറ്റിന്റെ പകുതിയോളം വരുന്ന തുക ആരോഗ്യ വിദ്യാഭ്യാസ മേഖലകൾക്കു വേണ്ടി ചെലവഴിക്കുമ്പോൾ ഗ്രാമ പഞ്ചായത്തു തലത്തിൽ നീക്കി വെയ്ക്കുന്ന വിഹിതം കുറയുന്നു എന്നത് ആശാസ്യമല്ല. ഈ മേഖലകളിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് തുക തീരെ അപര്യാപ്തവുമാണ്. പ്രാദേശികതല ആസൂത്രണം യാഥാർത്ഥ്യമാക്കുമ്പോൾ ഈ ദുസ്ഥിതി മാറ്റി ഈ മേഖലകളിൽ മുൻഗണനാ ക്രമത്തിൽ കൂടുതൽ തുക നീക്കിവെയ്ക്കാൻ കഴിയുമെന്നു പ്രത്യാശിക്കാം.

പഞ്ചായത്തിലെ സഹകരണ ബാങ്കുകളിലും

നിലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 65 – 96 വർഷത്തിലെ വരവുകൾ

ഇനം	ധനാഭ്യർത്ഥന	പിരിവ്	ബാക്കി
കെട്ടിട നികുതി	9,27,257		1,29,099
സർവ്വീസ് ചാർജ്ജ്	707		-
തൊഴിൽ നികുതി	4,14,115		74,176
വാഹന നികുതി	3,758		-
വിനോദ നികുതി	2,08,114		-
അഡീഷനൽ വിനോദനികുതി	1,24,211		-
പ്രദർശന നികുതി.	9,883		-
സർച്ചാർജ്ജ്	2471		-
ചന്ത വരവ്	13,410		-
ലാന്റ് സെസ്സ്	3806		-
ലൈസൻസ് ഫീസ്	73143		-
കെട്ടിട നികുതി	40385		5639
വസ്തു കൈമാറ്റ നികുതി (75%)	4,95,914		-
വസ്തു കൈമാറ്റ നികുതി (25%)	45,695		-
സർക്കാർ ഗ്രാന്റുകളും മറ്റു വരവുകളും	9,01,791		-
ഡെപ്പോസിറിറ്	3,21,163		-
മറ്റുള്ളവ			-

ഇനം	തുക	ശതമാനം
ഭരണം	5,749	16%
പൊതുമരാമത്ത്	14,38,305	47%
വിദ്യാഭ്യാസം	36,017	1.17%
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	363281	11.84%
തെരുവു വിളക്കുകൾ	1,76,006	4.4%
മറ്റുള്ളവ	3,82,044	
ആകെ	30,66,819	

ദേശസാൽകൃത ബാങ്കുകളിലുമായി കോടിക ണക്കിനു രൂപയുടെ നിക്ഷേപങ്ങൾ ഉണ്ട്. എന്നാൽ വിതരണം ചെയ്യപ്പെട്ട കടങ്ങളുടെ തുകയും നിക്ഷേപതുകയും തമ്മിൽ വളരെയേറെ ന്തരമുണ്ട്. ഈ അന്തരം കുറച്ചു കൊണ്ടുവരേ ണ്ടതുണ്ട്. കാർഷിക വ്യവസായ മേഖലയിൽ പഞ്ചായത്തു തലത്തിൽ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് ബാങ്കുകളിലെ നിക്ഷേപം പ്രാദേശിക തലത്തിൽ വികസന പദ്ധതികൾക്കു വേണ്ടി മുതൽ മുടക്കാൻ കഴിഞ്ഞാൽ ഇന്നുള്ള ദാരിദ്ര്യത്തെ ഒരു പരിധിവരെ മറികടക്കാൻ കഴിയും.

ദേശസാൽകൃത ബാങ്കുകളിലേയും മറ്റു ഷെഡ്യൂൾഡ് ബാങ്കുകളിലേയും നിക്ഷേപ വായ്പാനുപാതം വളരെ കുറവാണ്. കനറാ ബാങ്കിൽ 19.75% വും സിൻഡിക്കേറ്റ് ബാങ്കിൽ 44% വും മാണ്. എന്നാൽ നീലേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ ഈ ആനുപാതം വളരെ കൂടുതലാണെന്നത് സന്തോഷകരമാണ്. ദേശസാൽകൃത ബാങ്കു കളിലെ കാർഷിക വ്യവസായിക വായ്പകളുടെ തുകകളും വളരെ കുറവാണ്. ഈ രംഗങ്ങളിൽ നടപ്പിലുള്ള പദ്ധതികളുമായി ആളുകൾ മുന്നോട്ടുവരുന്നി ല്ലെന്നതാണ് പറയപ്പെടുന്ന കാരണം. ബാങ്കുകൾക്ക്

ബാങ്കിന്റെ പേര്	നിക്ഷേപം	കാർഷിക വായ്പ	കാർഷികേതര വായ്പ	വ്യവസായിക വായ്പ	ആകെ
കനറ ബാങ്ക്	9,30,28,831.69	68,21,000	1,03,84,000	11,75,000	1,83,80,000
സിൻഡിക്കേറ്റ് ബാങ്ക്	3,06,15,636	2,82,000	1,27,20,623	4,84,000	1,34,86,623
ഫെഡറൽ ബാങ്ക്	3,22,00,000	41,12,000	44,84,000	2,85,000	88,81,000
നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്	13,95,14,037.81	3,90,960	18,67,03,068	-	18,70,94,028
കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് (നീലേശ്വരം ബ്രാഞ്ച്)	13740717	-	-	-	4879391

നടപ്പാക്കാവുന്ന മുഴുവൻ കൃഷി അനുബന്ധ വ്യവസായങ്ങളുടേയും, ചെറുകിട വ്യവസായങ്ങളുടേയും ഒരു പട്ടിക ഉണ്ടാക്കി സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനവും പരിശീലനാനന്തര സേവനങ്ങളും നൽകിയാൽ ബാങ്കുകളിൽ കെട്ടികിടക്കുന്ന ഭീമമായ നിക്ഷേപങ്ങൾ നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലായ്മ നിർമാർജനത്തിന് ഒരു പരിധിവരെ ഉപയോഗപ്പെടുത്താൻ കഴിയും. കൂടാതെ വാർഡുതല വികസന സമിതികൾ മുഖേന പദ്ധതികൾ തയ്യാറാക്കി ബാങ്കു വായ്പകളും ഉപയോഗപ്പെടുത്തുകയാണെങ്കിൽ വിഭവ സമാഹരണ രംഗത്ത് അതൊരു വലിയ മുന്നേറ്റമായിരിക്കും. നിലേശ്വരം ഗ്രാമപഞ്ചായത്തിലെ വികസനസാധ്യതകൾ കണക്കിലെടുക്കുമ്പോൾ സർക്കാരിൽ നിന്നും JRY, അങ്കണവാടി ഫണ്ട്, അടിസ്ഥാനനികുതി, വസ്തുകൈമാറ്റനികുതി എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വിഹിതം വളരെ പരിമിതമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ കൊണ്ടു മാത്രം വികസനപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതി ഇന്നുണ്ട്. അതുകൊണ്ട് തന്നെ പ്രാദേശികവിഭവസമാഹരണത്തിന്റെ പുത്തൻ സാധ്യതകൾ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിനകത്തെ ചെങ്കൽ ക്വാറി, കരിങ്കൽ ക്വാറി എന്നിവയ്ക്ക് നികുതി ചുമത്തുന്നതിലൂടേയും വാഹനങ്ങളുടെ പഞ്ചായത്ത് തല രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിലൂടേയും പുതിയ വരുമാനങ്ങൾ കണ്ടെത്താം. അതോടൊപ്പം ഗൾഫ് മലയാളികളുടെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ വികസന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

വികസനത്തിൽ സമ്പത്തിനോടൊപ്പം തന്നെ പ്രാധാന്യം ഉള്ള ഒന്നു തന്നെയാണ് മനുഷ്യവിഭവശേഷി. പഞ്ചായത്ത് തലത്തിൽ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പ്രത്യേക സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഓരോ വാർഡുകളിലും ഓരോ സന്നദ്ധസേനയുപീകരിക്കയും വാർഡുതലത്തിൽ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും ഇവരെ പങ്കാളികളാക്കാവുന്നതാണ്. നവംബർ ഒന്നിന് പുനർപ്പണദിനത്തിൽ നമ്മുടെ പഞ്ചായത്തിലെ പലവാർഡുകളിലും ജനകീയ പങ്കാളിത്തത്തോടെ ഇത്തരം സന്നദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ അവേശകരമായ കാര്യമാണ്. വെറുതെ പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷിയുടെ അനന്തസാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിയാൽ വികസനരംഗത്ത് നമ്മുക്ക് വൻ മുന്നേറ്റങ്ങൾ ഉണ്ടാക്കാം. തൊഴിൽ രഹിതരും അഭ്യസ്തനടിനെ നികുതി പിരിക്കുന പ്രക്രിയയിൽ പങ്കാളികളാക്കുന്നത് വഴി അവരിലെ ലക്ഷ്യബോധവും, പുത്തൻ അവബോധവും സൃഷ്ടിക്കാൻ കഴിയും എന്ന് ഉറപ്പാക്കാൻ ബഹുജനസംഘടനകളും ഈ വഴിക്ക് മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു വരേണ്ടതുണ്ട്

പ്രശ്നങ്ങൾ

1 വികസനാവശ്യങ്ങൾ കൂടി വരുകയും വിഭവങ്ങൾ കുറഞ്ഞു വരികയും ചെയ്യുന്നു.

2. ഉൽപ്പാദന രംഗത്ത് നിക്ഷേപം കുറവായതിനാൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

3. സങ്കീർണ്ണമായ വ്യവസ്ഥകൾ മൂലം ബാങ്കുവായ്പകൾ യഥേഷ്ടം ലഭിക്കുന്നില്ല.

4. പ്രാദേശിക വിഭവങ്ങൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

5. സന്നദ്ധപ്രവർത്തനങ്ങളുടെ സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

6. പ്രാദേശികമായ ധനസമാഹരണ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

7. വികസനപ്രവർത്തനങ്ങളിൽ വേണ്ടത്ര ജനപങ്കാളിത്തം ഉണ്ടാകുന്നില്ല.

8. പ്രാദേശികതലത്തിൽ നടപ്പാക്കാവുന്ന സംരംഭങ്ങളുടെ പട്ടികയും, മറ്റു സാങ്കേതിക വിവരങ്ങളും, പരിശീലന സൗകര്യങ്ങളും ലഭ്യമല്ല.

9. പാഴായി പോകുന്ന പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

10. ഖരമാലിന്യങ്ങളും, ദ്രവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

സാധ്യതകൾ.

1 ബാങ്കുകളിലെ നിക്ഷേപവായ്പാ അനുപാതം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രാദേശിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

2. സ്വയം തൊഴിൽ സംരംഭകർക്കും ചെറുകിട വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ പഞ്ചായത്തിൽ ആവിഷ്ക്കരിച്ച് വായ്പകളും അനുബന്ധസേവനങ്ങളും നൽകുക.

3. പഞ്ചായത്തുതലത്തിൽ അസംസ്കൃത വസ്തുക്കളുടെ ഡിപ്പോ ആരംഭിക്കുക പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രങ്ങൾ ആരംഭിക്കുക

4. വാർഡു തലത്തിൽ സന്നദ്ധപ്രവർത്തകരുടെ സേന രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക.

5. പഞ്ചായത്തുതലത്തിൽ സമ്പാദ്യപദ്ധതികൾ ആവിഷ്ക്കരിക്കുകയും ഈതുക സ്വയം തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക

6. ഖരമാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ ആരായുക

7. ചിറ്റ, ചകിരി എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

8. കേടു വന്ന തെങ്ങ് സംസ്ക്കരിച്ച് കെട്ടിടനിർമ്മാണത്തിന് ഉപയുക്തമാക്കുക.

9. പഞ്ചായത്തുതല വിഭവ സമാഹരണ സമിതി രൂപവൽക്കരിക്കുക.

10 സർക്കാരിതര ഏജൻസികളുടെ സഹായങ്ങൾ വികസനരംഗത്ത് പ്രയോജനപ്പെടുത്തണം



ഉപസംഹാരം

വികസനത്തിന്റെ സമസ്തമേഖലകളെയും സമഗ്രമായി പ്രതിപാദിക്കാനുള്ള എളിയ ശ്രമമാണ് ഈ വികസന രേഖയിലൂടെ നടത്തിയിട്ടുള്ളത്. സമയവിഭവ പരിമിതികൾ മൂലം എല്ലാകാര്യങ്ങളും ഈ രേഖയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു പുതിയ പാനരീതിയും, കൂട്ടായ്മയും ഉണ്ടാക്കിയെടുക്കാൻ മൊത്തം പ്രവർത്തനങ്ങൾക്കുസാധിച്ചിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതൊരെളിയ തുടക്കം മാത്രമാണ്. പ്രവർത്തനങ്ങൾക്കിടയിൽ ഒരുപാട് പരിമിതികളും പ്രശ്നങ്ങളും ഞങ്ങൾക്കുണ്ടായിട്ടുണ്ട്. അവയെല്ലാം ഇവിടെ വിശദമായി പ്രദിപാദിക്കുന്നില്ല. കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ യഥാസമയം ലഭിക്കാത്തതുകൊണ്ടും, പഞ്ചായത്തിന്റെ സാംസ്കാരിക, ചരിത്രപശ്ചാത്തലങ്ങളെക്കുറിച്ച് ആധികാരികമായ രേഖകൾ ലഭ്യമല്ലാത്തതുകൊണ്ടും മറ്റും ഏറെ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഇതൊരുകൂറ്റമറ്റ രേഖയാക്കി മാറ്റാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തതിർത്തിയിൽ താമസിക്കുന്ന വിവിധരംഗങ്ങളിലെ പ്രഗത്ഭരേയും വിധഗ്ദരെയും ഒരുമിച്ച് ചേർത്തുകൊണ്ട് പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായുള്ള തുടർപ്രവർത്തനങ്ങൾ നമുക്ക് നടത്താം. അതിനുവേണ്ടി പഞ്ചായത്തിൽ ഒരു പഠന ഗവേഷണ കേന്ദ്രം വളർത്തിയെടുക്കാൻ നമുക്ക് ശ്രമിക്കാം.

ഈ സമഗ്രവികസനരേഖ വിശദമായി ചർച്ചചെയ്യപ്പെടണം. കൂട്ടിച്ചേർക്കലുകൾ ചൂണ്ടിക്കാണിക്കാൻ വേണ്ടി മാത്രമാകരുത് ചർച്ചകൾ അങ്ങനെ വരുമ്പോൾ അതൊരു നിണ്ട പ്രക്രിയയായേക്കും. പ്രത്യുത ഈ രേഖയിൽ പ്രതിപാദിക്കപ്പെട്ട വസ്തുക്കളുടെ സൂക്ഷ്മാംശങ്ങളിലേക്ക് കടന്നുചെന്ന് വിശദമായ ചർച്ചകളിലൂടെ ഈ രേഖയെ സമ്പുഷ്ടമാക്കാനാവട്ടെ നിങ്ങളുടെ ശ്രമം.

ഈ സെമിനാറിൽ വെച്ച് പന്ത്രണ്ട് വികസന മേഖലകളിലും അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങളെ സമുകളാക്കി മാറ്റുന്നതിനുവേണ്ടി വിദഗ്ധന്മാരടങ്ങുന്ന കർമ്മസമിതികൾ (ടാസ്ക് ഫോഴ്സ്) രൂപവൽക്കരിക്കും. കർമ്മസമിതികൾ തയ്യാറാക്കുന്ന സ്കീമുകൾ പഞ്ചായത്തുസമിതി പഞ്ചവത്സര പദ്ധതികളിലുൾപ്പെടുത്തി വിഭവസാധ്യതകൾ പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കും.

ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായിനടന്ന ഘട്ടത്തിൽ നടത്തിയ ഗ്രാമസഭകളിൽ ജനങ്ങളുടെ ഒരു മുന്നേറ്റം തന്നെ ഉണ്ടായി. പ്രശ്നങ്ങളെയും പരിമിതികളുടെയും കെട്ടഴിച്ചപ്പോൾ തെളിഞ്ഞുവന്ന ചിത്രം അതികച്ചും ആശങ്കാജനകമായിരുന്നു. കാർഷികമേഖല, വ്യവസായിക രംഗത്തെ മുരടിപ്പും, പാൾചാത്തലമേഖലകളിലെ പരിമിതികളും സേവന മേഖലകളിലെ ഗുണനിലവാരത്തകർച്ചയുംഎല്ലാറ്റിലുമുപരി ദാരിദ്ര്യവും തൊഴിലില്ലായ്മയും -കേരളത്തിലെ പൊതുപ്രശ്നങ്ങളുടെ സ്വഭാവം തന്നെയാണ് ഏറെക്കുറെ നമ്മുടെ പഞ്ചായത്തിലെ പ്രശ്നങ്ങൾക്കുമുള്ളത്. അതിസൂക്ഷ്മമായ കുടിവെള്ളക്ഷാമം നമ്മുടെ പഞ്ചായത്തിന്റെ ഒരു വലിയ പ്രശ്നം തന്നെയാണ്. ഗ്രാമസഭകളിലുയർന്നുവന്ന പൊതുസ്വഭാവങ്ങളുള്ള പ്രശ്നങ്ങൾ ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രദേശികമായ പ്രശ്നങ്ങൾക്ക് പദ്ധതിരൂപീകരണ വേളയിൽ അർഹമായ പരിഗണന നൽകുകയും ചെയ്യും.

ഇന്നലെകളിൽ ഒരുപാടുനേട്ടങ്ങൾ നാം കൈവരിച്ചെടുത്തുട്ടുണ്ട്. എന്നാൽ ഇതിന്റെ വെല്ലുവിളികൾ നമ്മെ തുറിച്ചുനോക്കുകയാണ്. ഈ വെല്ലുവിളികളെ നേരിടാൻ ജനകീയ ഐക്യത്തിന്റെ ശക്തിയുമായി നമുക്ക് മുന്നേറാം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മഹത്തായ പാരമ്പര്യം നിലനിർത്തികൊണ്ടുതന്നെ സ്വാശ്രയത്വം ലക്ഷ്യമാക്കിക്കൊണ്ടുള്ള മഹത്തായ പദ്ധതിയിൽ എല്ലാവരും അണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



[illegible]പാലം റോഡ് (6ാംവാർഡ്) നർമ്മാണപ്രവൃത്തി ഗ്രാമപഞ്ചായത്ത് വൈസ്.പ്രസിഡണ്ട് ശ്രീ.പി.പി.മുഹമ്മദ്റാഫി ഉൽഘാടനംചെയ്യുന്നു.

[illegible]ഹോസ്പിറ്റൽ റോഡ് (12ാംവാർഡ്) നിർമ്മാണപ്രവൃത്തി ടുടെ ഉൽഘാടനംഹോസ്ദുർഗ്ഗ് എം.എൽ.എ. ശ്രീ.എം.നാരായണൻ നിർവഹിക്കുന്നു.